
VOL NO: 07 I ISSUE 02
www.nerpatham.com
mail@nerpatham.com
2023 JANUARY 14 I ₹10

# നേർപഥം
വാരിക

# മതനിരാസം മനുഷ്യത്വം ഇസ്‌ലാം



മനുഷ്യന്റെ സൃഷ്ടിപ്പിലും നിലനിൽപിലും പ്രപഞ്ചാതീത ശക്തിയുമായി യാതൊരു ബന്ധവുമില്ല എന്ന നിഷേധാത്മക ചിന്തയിൽ നിന്ന് ജീവിതത്തിന് നിർവചനങ്ങൾ നൽകിയവരാണ് 'സ്വതന്ത്ര ചിന്തകർ'. ആസക്തികളുടെയും അഭിലാഷങ്ങളുടെയും നിയന്ത്രണ രഹിതമായ പൂർത്തീകരണവും സദാചാരത്തിൽനിന്ന് അകലം പാലിച്ചുകൊണ്ടുള്ള ജീവിതശീലങ്ങളുമാണ് മനുഷ്യന്റെ യഥാർഥ സ്വാതന്ത്ര്യത്തെ അടയാളപ്പെടുത്തുന്ന ഘടകങ്ങൾ എന്ന് മതനിരാകരണ പ്രത്യയ ശാസ്ത്രങ്ങൾ പഠിപ്പിച്ചു. രോഗാതുര ആസക്തികൾക്ക് അടിമപ്പെട്ട മനസ്സുകളിൽ ഈ ജീവിതദർശനം വളരെ വേഗത്തിൽ വേരോടുകയും ചെയ്തു. ഇത് തന്നെയാണ് പുതിയ കാലത്തിന്റെ ഏറ്റവും വലിയ വെല്ലുവിളി.

## മക്കളുടെ ലഹരിയുപയോഗം: ഉമ്മമാരറിയാൻ

|| ശർത്വുകളും ചില ഫിത്‌നകളും

|| സോളിസിറ്റർ ജനറലുടെ ദുർബല വാദങ്ങൾ

|| വിശുദ്ധ ക്വുർആൻ; നിത്യനൂതനം, പ്രായോഗികം




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

# 0312
# നേർപഥം
വാരിക

2023 ജനുവരി 14
1444 ജുമാദുൽ ഉഖ്റാ 20
പുസ്തകം 07 / ലക്കം 02





Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly





കവർ സ്റ്റോറി
10
മതനിരാസം
മനുഷ്യത്വം, ഇസ്‌ലാം
ഉസ്മാൻ പാലക്കാഴി

മുഖമൊഴി
05
പ്രവാചകചര്യ:
പ്രസക്തിയും പ്രാധാന്യവും

ലേഖനം
06
വിശുദ്ധ ക്വുർആൻ;
നിത്യനൂതനം, പ്രായോഗികം
മിസ്ബാഹുദ്ദീൻ അൽഹികമി
കുറ്റിപ്പുറം

ലേഖനം
26
സോളിസിറ്റർ ജനറലുടെ
ദുർബല വാദങ്ങൾ
സുഫ്‌യാൻ അബ്ദുസ്സലാം

കാഴ്ച
16
അലിവിലേക്ക്
തുറക്കുന്ന ജാലകങ്ങൾ
ഇബ്നു അലി, എടത്തനാട്ടുകര

കവിത
31
അങ്ങനെയിരിക്കെ...!
ഹിബ ശബീബ് ടി.പി
എളയൂർ

ജാലകം
17
'വെളുക്കാൻ തേച്ചത്...'
കുഞ്ഞി മുഹമ്മദ് മദനി
പറപ്പൂർ

വനിതാപഥം
32
മക്കളുടെ ലഹരിയുപയോഗം:
ഉമ്മമാരറിയാൻ
ഡോ.യാസ്മിൻ എം
അബ്ബാസ്, പട്ടാമ്പി

ലേഖനം
18
ഇസ്‌ലാം:പ്രബോധനം,പ്രസ്ഥാനം
ചില സമകാലിക ചിന്തകൾ
ടി.കെ.അശ്റഫ് /
ഉസ്മാൻ പാലക്കാഴി

ലേഖനം
33
ശർത്വുകളും
ചില ഫിത്നകളും
നജീബ്

ക്വുർആൻ ദർശനം
24
സൂറ: അശ്ശൂറാ
അബ്ദുർറഹ്മാനുബ്നു
നാസിറുസ്സഅ്ദി

ബാലപഥം
34
അജ്മലും പൂമ്പാറ്റയും
റാഷിദ ബിൻത് ഉസ്മാൻ
എടത്തനാട്ടുകര



# കലാസാംസ്കാരിക മേളകളെ മതവിരുദ്ധ പ്രചാരണ വേദികളാക്കരുത്: വിസ്ഡം യൂത്ത്

കോഴിക്കോട്: മാനവർക്കിടയിൽ സൗഹാർദവും സാഹോദര്യവും സഹവർത്തിത്വവും വളർത്തിയെടുക്കാൻ ഉപയോഗിക്കേണ്ട കലാസാംസ്കാരിക മേളകളെ മതവിരുദ്ധ പ്രചാരണ വേദിയാക്കുന്നത് അപലപനീയമാണെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സമിതി സംഘടിപ്പിച്ച പ്രൊഫഷണൽസ് ലീഡേഴ്സ് മീറ്റ് അഭിപ്രായപ്പെട്ടു.

മതവും ദൈവവിശ്വാസവുമെല്ലാം മാനവീകരണത്തിന് ഉപയുക്തമാണ് എന്ന് സുഹോദര്യത്തിന്റ മലയാളി ജീവിത രീതി സാക്ഷ്യപ്പെടുത്തുന്നുണ്ട്. അതിനെ തകർക്കാൻ ഫാഷിസ്റ്റ് വർഗീയ ശക്തികൾ എന്നും ശ്രമം നടത്തിയിട്ടുണ്ട്. അതിന് ആക്കം കൂട്ടുന്ന പ്രചാരണത്തിന് സർക്കാരിന്റെ കീഴിലുള്ള സാംസ്കാരിക വേദികളെ ഉപയോഗപ്പെടുത്തുന്നത് ശരിയല്ല. സ്വാഗത ഗാനത്തിന്റ ദൃശ്യാവിഷ്കാരത്തിലെ മുസ്‌ലിം വേഷവും മോണോ ആക്ടിലെ മതത്തെ പരിഹസിക്കലുമെല്ലാം പുതുതലമുറക്ക് വെറുപ്പിന്റ സന്ദേശമാണ് നൽകുന്നത്. ഇത്തരം സമീപനങ്ങൾക്കെതിരെ സർക്കാർ ശക്തമായ നടപടി സ്വീകരിക്കണമെന്നും വിസ്ഡം യൂത്ത് പ്രൊഫഷണൽസ് ലീഡേഴ്സ് മീറ്റ് അഭിപ്രായപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന വൈസ് പ്രസിഡന്റ് ഒ.മുഹമ്മദ് അൻവർ അധ്യക്ഷത വഹിച്ചു.

ജനുവരി 28,29 (ശനി, ഞായർ) ദിവസങ്ങളിലായി കുറ്റിപ്പുറത്ത് സംഘടിപ്പിക്കുന്ന പ്രൊഫെയ്സ് പ്രൊഫഷണൽസ് ഫാമിലീ കോൺഫറൻസിന് സംഗമം അന്തിമരൂപം നൽകി.

സംസ്ഥാന ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ സ്വലാഹി, ഭാരവാഹികളായ മുജീബ് ഒട്ടുമ്മൽ, പി.യു സുഹൈൽ, അബ്ദുല്ല ഫാസിൽ, ടി.കെ നിഷാദ് സലഫി, യു. മുഹമ്മദ് മദനി, ജംഷീർ സ്വലാഹി, അബ്ദുറഹ്മാൻ ചുങ്കത്തറ, ഫിറോസ് ഖാൻ സ്വലാഹി തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.

അനീസ് മദനി (കാസർകോട്), ഉബൈദ് (കണ്ണൂർ), ഷാജി വടുവഞ്ചാൽ (വയനാട് ), സാജിദ് ബിസ്മി , അമീർ (കോഴിക്കോട്), സി.എം അബ്ദുൽ ഖാലിഖ്, സുഹൈർ പാണ്ടിക്കാട്, മുഹമ്മദ് ഹസൻ ( മലപ്പുറം) നൗഫൽ (പാലക്കാട്), അംജദ് (എറണാകുളം), റിൻഷാദ് (ആലപ്പുഴ), സഹൽ സലഫി (കൊല്ലം) എന്നിവർ പ്രസംഗിച്ചു.

## വിസ്ഡം ഇസ്‌ലാമിക് കോൺഫറൻസ്

# ഫെബ്രുവരി 12ന് കോഴിക്കോട് കടപ്പുറത്ത്

കോഴിക്കോട്: 'മാനവ രക്ഷയ്ക്ക് ദൈവിക ദർശനം' എന്ന പ്രമേയത്തിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സമിതി കോഴിക്കോട് കടപ്പുറത്ത് സംഘടിപ്പിക്കുന്ന ഇസ്‌ലാമിക് കോൺഫറൻസിന്റ പ്രഖ്യാപനം സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി നിർവഹിച്ചു. ജനറൽ സെക്രട്ടറി ടി.കെ അശ്റഫ് ആധ്യക്ഷ്യം വഹിച്ചു.

മതനിരാസം, ദൈവനിഷേധം, ലിബറലിസം, ഫാഷിസം, വർഗീയത, തീവ്രവാദം, അന്ധവിശ്വാസങ്ങളും അനാചാരങ്ങളും, ആത്മീയ ചൂഷണങ്ങൾ, പ്രമാണനിഷേധം, ലഹരി ഉപയോഗം, സദാചാര വിരുദ്ധത, ആൾദൈവ സംസ്കാരം, ലിംഗനിഷ്പക്ഷതാ വാദങ്ങൾ, ലൈംഗിക അരാചകത്വം എന്നിവക്കെതിരെ സമൂഹത്തെ ബോധവൽകരിക്കുക എന്നതാണ് സമ്മേളനത്തിന്റ ലക്ഷ്യം,

സന്ദേശ വാഹന പ്രയാണം, സന്ദേശ ദിനം, പ്രൊഫഷണൽസ് ഫാമിലി സംസ്ഥാന സംഗമം, സന്ദേശ രേഖാ വിതരണം, ശാഖാ പൊതുപ്രഭാഷണങ്ങൾ, കുടുംബ സംഗമങ്ങൾ, പൊതുജനസമ്പർക്കം, ഗൃഹസന്ദർശനം, അയൽക്കൂട്ടം, വനിതാസംഗമങ്ങൾ, സ്റ്റുഡന്റ്സ് മീറ്റുകൾ, വിസ്ഡം കിയോസ്ക്, കാമ്പസ് പ്രചാരണം, പ്രവാസി മീറ്റുകൾ, വിദേശ രാജ്യങ്ങളിലെ മലയാളി മീറ്റുകൾ തുടങ്ങിയ വുവിധ പരിപാടികൾ സമ്മേളനത്തിനു മുന്നോടിയായി സംഘടിപ്പിക്കും.

# പ്രവാചകചര്യ: പ്രസക്തിയും പ്രാധാന്യവും

‘അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ; മുഹമ്മദ്(സ) അല്ലാഹുവിന്റെ ദൂതനാണ്’ എന്ന ഇസ്‌ലാമിന്റെ അടിസ്ഥാനവാക്യത്തിന്റെ സാധൂകരണത്തിൽ പ്രവാചകചര്യ പിൻപറ്റുന്നതിന് പരമപ്രധാനമായ പങ്കുണ്ട്. പ്രവാചകന്റെ ജീവിതചര്യ പിന്തുടരാതെ ‘മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ ദൂതനാണ്’ എന്നു പറയുന്നത് നിരർഥകമായ പ്രഖ്യാപനമാണ്. ഇസ്‌ലാമിക സംസ്‌കാരത്തിന്റെയും ഇസ്‌ലാമിക ജീവിതത്തിന്റെയും നിർണയത്തിൽ പ്രവാചകചര്യക്കുള്ള അടിസ്ഥാനപരമായ ദൗത്യവും പങ്കും അംഗീകരിക്കാതിരിക്കുക എന്നത് ഇസ്‌ലാമിനെത്തന്നെയും തിരസ്‌കരിക്കലാണ്.

വേദത്തിന്റെ പ്രാവർത്തികതയും പ്രായോഗികതയും മാനവരാശിക്കു ലഭ്യമാകുന്നതിൽ പ്രവാചകചര്യയൊഴിച്ച് മറ്റൊരു പ്രമാണരേഖ മനുഷ്യരാശിക്കു മുന്നിലില്ല. ക്വുർആൻ ഇസ്‌ലാമിന്റെ അന്തിമവേദവും മാനവരാശിയുടെ വഴികാട്ടിയുമാണ് എന്നതിന്റെ സാധൂകരണം തന്നെ പ്രവാചകചര്യ പിൻപറ്റലിലൂടെയാണ് സാധ്യമാവുക. ക്വുർആൻ സൂക്തങ്ങൾ മാത്രമാണ് ഇസ്‌ലാമിക സംസ്‌കാരത്തിന്റെയും ജീവിതരീതിയുടെയും അടിസ്ഥാന പ്രമാണങ്ങളെന്നു പറയുന്നവർ ഫലത്തിൽ പ്രവാചകനെ നിഷേധിക്കുകയാണ് ചെയ്യുന്നത്.

അല്ലാഹു നിർദേശിച്ചതനുസരിച്ചുള്ള, റസൂലിന്റെ വിധികൾ കണ്ടെത്തുക അദ്ദേഹത്തിന്റെ ജീവിതത്തിലാണ്. ആ ജീവിതമാണ് സുന്നത്ത്. എന്റെ സുന്നത്ത് പിൻപറ്റേണ്ട, ക്വുർആൻ മാത്രം പിൻപറ്റിയാൽമതി എന്നല്ല, ക്വുർആനും എന്റെ സുന്നത്തും പിൻപറ്റുവിൻ എന്നാണ് നബി(സ) പറഞ്ഞിട്ടുള്ളത്. ഇക്കാര്യം ക്വുർആൻ ആവർത്തിച്ച് പറയുന്നത് കാണാം.

അല്ലാഹുവിനെ അഥവാ അവന്റെ വേദത്തെ മാത്രമെ ഞങ്ങൾ പിൻപറ്റുകയുള്ളൂ എന്ന വിരുദ്ധ നിലപാടിനെ, അല്ലാഹുവിനെയും ദൂതനെയും നിരാകരിക്കുന്ന പ്രതിലോമക നിലപാടും അവിശ്വാസത്തിന്റെ അടയാളവുമായിട്ടാണ് ക്വുർആൻ പഠിപ്പിക്കുന്നത്.

“അല്ലാഹുവിലും അവന്റെ ദൂതൻമാരിലും അവിശ്വസിക്കുകയും (വിശ്വാസകാര്യത്തിൽ) അല്ലാഹുവിനും അവന്റെ ദൂതൻമാർക്കുമിടയിൽ വിവേചനം കൽപിക്കാൻ ആഗ്രഹിക്കുകയും ഞങ്ങൾ ചിലരിൽ വിശ്വസിക്കുകയും ചിലരെ നിഷേധിക്കും ചെയ്യുന്നുവെന്ന് പറയുകയും അങ്ങനെ അതിന്നിടയിൽ (വിശ്വാസത്തിനും അവിശ്വാസത്തിനുമിടയിൽ) മറ്റൊരു മാർഗം സ്വീകരിക്കാനുദ്ദേശിക്കുകയും ചെയ്യുന്നവരാരോ, അവർതന്നെയാകുന്നു യഥാർഥത്തിൽ സത്യനിഷേധികൾ. സത്യനിഷേധികൾക്ക് അപമാനകരമായ ശിക്ഷ നാം ഒരുക്കിവെച്ചിട്ടുണ്ട്” (4: 151).

അല്ലാഹുവിന്റെ ദൂതൻമാരെ തള്ളിക്കളഞ്ഞുകൊണ്ട് അല്ലാഹുവിൽ വിശ്വസിക്കുക സാധ്യമല്ല. അല്ലാഹുവിൽ ശരിയായി വിശ്വസിക്കുന്നതിന്റെ മാർഗദർശനം ദൂതൻമാരിലൂടെയാണു ലഭ്യമാകുന്നത്. അതുകൊണ്ടാണ് അല്ലാഹുവിനും ദൂതൻമാർക്കുമിടയിൽ ഭിന്നത കൽപിക്കുന്നതിലേക്കാണ് ദൂതൻമാരെ അവഗണിക്കൽ നയിക്കുക എന്നു പറയുന്നത്. ഇസ്‌ലാമിന്റെ തല്ലാത്ത മറ്റൊരു മാർഗം എന്നുതന്നെ വിശുദ്ധ ക്വുർആൻ ദൂതൻമാരെ നിരാകരിക്കുന്ന പ്രവണതയെ വിശേഷിപ്പിക്കുന്നു. അതിനാൽ ഇസ്‌ലാം എന്ന ദൈവിക മാർഗദർശനത്തെ പിന്തുടരുവാൻ പ്രവാചകനെ പിൻപറ്റൽ അനിവാര്യമാണ്. ഞങ്ങൾ ക്വുർആൻ മാത്രമെ അവലംബിക്കുകയുള്ളൂ എന്നു പറയുന്നവരുടെ സ്ഥാനം എവിടെയെന്ന് ഉപരിസൂചിത സൂക്തം വ്യക്തമാക്കുന്നു. താഴെ കൊടുക്കുന്ന ക്വുർആൻ വചനം മാത്രം മതി പ്രവാചകചര്യയുടെ പ്രസക്തിയും പ്രാധാന്യവും മനസ്സിലാക്കുവാൻ:

“(നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ. പറയുക: നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുവിൻ. ഇനി അവർ പിന്തിരിഞ്ഞുകളയുന്ന പക്ഷം അല്ലാഹു സത്യനിഷേധികളെ സ്നേഹിക്കുന്നതല്ല; തീർച്ച” (3:31,32).

# വിശുദ്ധ ക്വുർആൻ; നിത്യനൂതനം, പ്രായോഗികം

**മിസ്ബാഹുദ്ദീൻ അൽഹികമി, കുറ്റിപ്പുറം**

വിശുദ്ധ ക്വുർആൻ അല്ലാഹുവിന്റെ സംസാരമാണ്. അത് തീർത്തും മനുഷ്യന്റെ സംസാരത്തിൽ നിന്നും വ്യത്യസ്തമാണെന്നതിൽ സംശയമില്ല. അതിന്റെ ആശയം മനസ്സിലാക്കുമ്പോൾ പല കാര്യങ്ങളും നാം ശ്രദ്ധിക്കേണ്ടതുണ്ട്. കേവലം അറബി ഭാഷ പഠിച്ചതുകൊണ്ട് മാത്രം വിശുദ്ധ ക്വുർആനിന്റെ ആശയം മനസ്സിലാകണമെന്നില്ല. അതിലെ ഓരോ വചനവും അവതീർണമായതിന്റെ പശ്ചാത്തലവും സാഹചര്യങ്ങളും പഠിക്കുകയും അതിന്റെ ആദ്യ ശ്രോതാക്കൾ മനസ്സിലാക്കിയത് പ്രകാരം നാമതിനെ മനസ്സിലാക്കുകയും വേണം.


1400ൽപരം വർഷങ്ങൾക്ക് മുമ്പ് ജീവിച്ചിരുന്ന ജനങ്ങൾക്ക് പ്രയോഗവത്കരിക്കാൻ കഴിഞ്ഞ ആശയങ്ങളുള്ള ഈ ഗ്രന്ഥം ഇന്ന് ജീവിക്കുന്നവർക്കും പ്രയോഗവത്കരിക്കാൻ സാധ്യമാണ്. ഇനി വരാനിരിക്കുന്ന ജനകോടികൾക്കും അങ്ങനെ തന്നെയായിരിക്കും. ഇത് മറ്റുള്ള ഗ്രന്ഥങ്ങളിൽനിന്ന് ഈ ഗ്രന്ഥത്തെ പ്രത്യേകമാക്കുന്ന കാര്യങ്ങളിൽ ഒന്നാണ്. ജീവിതനിലവാരം എത്രകണ്ട് മെച്ചപ്പെട്ടാലും, ശാസ്ത്രവും സാങ്കേതിക വിദ്യയും എത്ര ഉയരങ്ങളിലെത്തിയാലും വിശുദ്ധ ക്വുർആനിന്റെ വചനങ്ങളിൽ വൈരുധ്യം കണ്ടെത്താൻ സാധ്യമല്ല.

വിശുദ്ധ ക്വുർആൻ ഒരു ശാസ്ത്രഗ്രന്ഥമല്ല. എന്നാൽ ശരിയായ ശാസ്ത്രം ക്വുർആനിന്റെ ആശയങ്ങൾക്ക് എതിരാകില്ല. അഥവാ, ഒരു ശാസ്ത്ര വിദ്യാർഥിക്ക് ശാസ്ത്രം പഠിക്കാനുള്ള ഗ്രന്ഥമല്ല, മറിച്ച് ശാസ്ത്ര വിദ്യാർഥികൾക്കും അല്ലാത്തവർക്കും ഒരുപോലെ മതം പഠിക്കാനുള്ള ഗ്രന്ഥമാണ് ക്വുർആൻ.

മനുഷ്യൻ വിശുദ്ധ ക്വുർആനിലേക്ക് ആവശ്യക്കാരനാണ്. കാരണം അവന്റെ ഇഹപര വിജയത്തിനാവശ്യമായ ഉപദേശനിർദേശങ്ങൾ അതിലുണ്ട്. അവന്റെ ആത്മാവിനെ സംസ്കരിക്കുവാനും മനസ്സിനെ ബാധിക്കുന്ന രോഗങ്ങൾക്ക് ശമനം നൽകുവാനും ഈ ഗ്രന്ഥത്തിലെ വാക്യങ്ങളെപ്പോലെ മറ്റൊന്നിനും സാധിക്കുകയില്ല. അല്ലാഹു പറയുന്നു:

"മനുഷ്യരേ, നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള സദുപദേശവും മനസ്സുകളിലുള്ള രോഗത്തിന് ശമനവും നിങ്ങൾക്കു വന്നുകിട്ടിയിരിക്കുന്നു. സത്യവിശ്വാസികൾക്ക് മാർഗദർശനവും കാരുണ്യവും (വന്നുകിട്ടിയിരിക്കുന്നു)'' (യൂനുസ്: 57).

വേലിക്കെട്ടുകൾ തകർക്കാൻ ആഗ്രഹിക്കുന്ന പ്രകൃതമാണ് മനുഷ്യന്റേത്. എന്ത് അരുതെന്ന് പറഞ്ഞോ, അതിനോട് കൂടുതൽ താൽപര്യമായിരിക്കും. തെറ്റുകളും തോന്നിവാസങ്ങളുമൊക്കെ ചെയ്യുവാനും അതിലൂടെ ആസ്വാദനം കണ്ടെത്തുവാനും മനുഷ്യൻ ആസക്തനാണ്; അത് താൻ ഏറെ പ്രിയമുള്ളതായി കാണുന്ന തന്റെ ശരീരത്തിന് നാശം വിതക്കുന്നതാണെങ്കിൽ പോലും!



അതിനാൽതന്നെ, സ്വന്തത്തെ സംരക്ഷിക്കുവാൻ താൽപര്യമുള്ള ഒരു വിശ്വാസിക്ക് ക്വുർആനിൽ നിന്നും അകന്ന് നിൽക്കാൻ കഴിയില്ല. കാരണം, കൃത്യമായ ആദർശവും മാർഗദർശനവുമില്ലാതെ ജീവിതം ശുദ്ധീകരിക്കാൻ മനുഷ്യന് കഴിയില്ല. അല്ലാഹുവിനെയും പ്രവാചകനെയും ശരിയാംവിധം ബോധ്യപ്പെട്ട ഒരു വിശ്വാസി, അവരുടെ നിർദേശങ്ങൾ പാലിച്ചു ജീവിക്കുവാൻ തയ്യാറാകുന്ന ഒരാൾ അധർമത്തിന്റെ വഴിയിൽ സഞ്ചരിക്കുകയില്ല. അതിന് അവന്റെ മനസ്സ് അനുവദിക്കില്ല. എന്നാൽ കൃത്യമായ ആദർശവും മാർഗദർശനവുമില്ലാത്ത ഒരാൾക്ക് തെറ്റുകളെ തെറ്റായി വേർതിരിക്കാൻ കഴിയില്ല. മനുഷ്യർക്കുള്ള നിയമങ്ങൾ ന്യൂനതകളില്ലാതെ നിർമിക്കാൻ, മനുഷ്യരുടെ ഓരോ ചലനവും സ്പന്ദനങ്ങളും കൃത്യമായി അറിയുന്ന മനുഷ്യരുടെ രക്ഷിതാവിന് മാത്രമെ സാധിക്കൂ. കാരണം, ഒരാൾ ചെയ്യുന്ന കാര്യം അയാളുടെ വീക്ഷണത്തിൽ ശരിയായിരിക്കും. അതേകാര്യം വേറൊരാളുടെ വീക്ഷണപ്രകാരം തെറ്റായിരിക്കാം.

യുവത്വത്തിലെ പല ചിന്തകളും വീക്ഷണങ്ങളും പ്രവർത്തനങ്ങളും യുവത്വം പിന്നിടുമ്പോൾ തെറ്റാണെന്ന് മനസ്സിലാക്കുന്നു മനുഷ്യൻ. നൂറ്റാണ്ടുകൾക്കോ പതിറ്റാണ്ടുകൾക്കോ മുമ്പ് ഉണ്ടാക്കിയ നയങ്ങളും നിയമങ്ങളും ഭേദഗതിയില്ലാതെ സ്വീകരിക്കാൻ നമുക്ക് സാധിക്കുന്നില്ലെങ്കിൽ, പിന്നെ എങ്ങനെ മനുഷ്യകുലത്തിന്നാകമാനമുതകുന്ന ന്യൂനതകളില്ലാത്ത നിയമങ്ങൾ നിർമിക്കാൻ സാധിക്കും?

ഏറ്റവും ഉന്നതമായ ചൊവ്വായ മാർഗത്തിലേക്കാണ് വിശുദ്ധ ക്വുർആൻ ക്ഷണിക്കുന്നത്. അല്ലാഹു പറയുന്നു: "തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു" (അൽഇസ്റാഅ്: 9).

**1400ൽപരം വർഷങ്ങൾക്ക് മുമ്പ് ജീവിച്ചിരുന്ന ജനങ്ങൾക്ക് പ്രയോഗവത്കരിക്കാൻ കഴിഞ്ഞ ആശയങ്ങളുള്ള ഈ ഗ്രന്ഥം ഇന്ന് ജീവിക്കുന്നവർക്കും പ്രയോഗവത്കരിക്കാൻ സാധ്യമാണ്. ഇനി വരാനിരിക്കുന്ന ജനകോടികൾക്കും അങ്ങനെ തന്നെയായിരിക്കും. ഇത് മറ്റുള്ള ഗ്രന്ഥങ്ങളിൽനിന്ന് ഈ ഗ്രന്ഥത്തെ പ്രത്യേകമാക്കുന്ന കാര്യങ്ങളിൽ ഒന്നാണ്. ജീവിതനിലവാരം എത്രകണ്ട് മെച്ചപ്പെട്ടാലും, ശാസ്ത്രവും സാങ്കേതിക വിദ്യയും എത്ര ഉയരങ്ങളിലെത്തിയാലും വിശുദ്ധ ക്വുർആനിന്റെ വചനങ്ങളിൽ വൈരുധ്യം കണ്ടെത്താൻ സാധ്യമല്ല.**

ഈയൊരു ക്ഷണം സ്വീകരിക്കുവാനും നിർദേശങ്ങൾ കൃത്യമായി പാലിക്കുവാനും ഇന്നത്തെ മുസ്ലിംകളിൽ പോലും പലരും തയ്യാറാകാത്ത അവസ്ഥയാണുള്ളത്. സ്രഷ്ടാവിന്റെ സന്ദേശം എന്താണെന്ന് മനസ്സിലാക്കാൻ പോലും സമയം കണ്ടെത്താൻ കഴിയാത്ത 'തിരക്കു പിടിച്ച' ജീവിതത്തിന്റെ അന്ത്യം ഏത് അവസ്ഥയിലായിരിക്കുമെന്ന് ഇവർ ഓർക്കുന്നില്ല. മതവിഷയത്തിലെ അഭിപ്രായഭിന്നതകളിൽ ഇടപെടാനും തർക്കിക്കാനുമൊക്കെ എല്ലാവർക്കും ഇഷ്ടമാണ്. എന്നാൽ, മതത്തിന്റെ അടിസ്ഥാനപ്രമാണമായ വിശുദ്ധ ക്വുർആൻ ആത്മാർഥമായി പാരായണം ചെയ്യുവാനും അതിന്റെ അർഥവും ആശയവും പഠിക്കുവാനും പലർക്കും താൽപര്യമില്ല. പരലോക ബോധമുള്ള വിശ്വാസിക്ക് ഇത് ഉദ്ബോധനം തന്നെയാണെന്ന് അല്ലാഹു ക്വുർആനിലൂടെ പലതവണ ഓർമപ്പെടുത്തുന്നുണ്ട്. അല്ലാഹു പറയുന്നു:

"അവർ പറഞ്ഞുകൊണ്ടിരിക്കുന്നതിനെ പറ്റി നാം നല്ലവണ്ണം അറിയുന്നവനാകുന്നു. നീ അവരുടെ മേൽ സ്വേച്ഛാധികാരം ചെലുത്തേണ്ടവനല്ല. അതിനാൽ എന്റെ താക്കീത് ഭയപ്പെടുന്നവരെ ക്വുർആൻ മുഖേന നീ ഉൽബോധിപ്പിക്കുക" (ക്വാഫ്: 45).

സച്ചരിതരായ മുൻഗാമികൾ വിശുദ്ധ ക്വുർആനുമായി അടുത്തിടപഴകുന്നവരായിരുന്നു. അത് പഠിക്കാനും പഠിപ്പിക്കാനും ചർച്ചകൾ നടത്താനും പരസ്പരം ഉദ്ബോധനം നടത്തുവാനും അതിന്റെ ആശയങ്ങൾ മനസ്സിലാക്കുവാനും അവർ സമയം കണ്ടെത്തുമായിരുന്നു. കാരണം അത് അവർ അല്ലാഹുവിന്റെ കലാമാണെന്നും തങ്ങൾ ഏറെ സ്നേഹിക്കുന്ന പ്രവാചകന്റെ അനന്തരമാണെന്നും തങ്ങളുടെ ജീവിതത്തിന്റെ വഴികാട്ടിയാണെന്നും അവർ തിരിച്ചറിഞ്ഞിരുന്നു.

അതെ, മതത്തിന്റെ ഓരോ അറിവും പ്രവാചകരുടെ അനന്തരമാണ്. ഇമാം ബുഖാരി ഉദ്ധരിക്കുന്ന ഒരു ഹദീസിൽ അഅ്മശ്(റ) പറയുന്നതായി കാണാം: "ഒരിക്കൽ അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) തന്റെനാട്ടിലുള്ള ജനങ്ങളുടെ കൂടെയിരുന്ന് വിശുദ്ധ ക്വുർആൻ പഠിപ്പിച്ചുകൊണ്ടിരിക്കെ അദ്ദേഹത്തിന്റെ അരികിലൂടെ ഒരു അഅ്റാബി നടന്നു പോയി. അയാൾ ഇപ്രകാരം ചോദിച്ചു: 'എന്താണ് ഇക്കൂട്ടർ ഇവിടെ ചെയ്യുന്നത്?' അപ്പോൾ ഇബ്നു മസ്ഊദ്(റ) പറഞ്ഞു: 'അവർ മുഹമ്മദ് നബി(സ്വ)യുടെ അനന്തരം വീതം വെക്കുകയാണ്."

സ്വഹീഹുൽ ബുഖാരിയിലെ മറ്റൊരു ഹദീസിൽ അംറുബ്നു ഖൈസ് അസ്സകൂത്തി(റ) പറയുകയാണ് : "അബ്ദുല്ലാഹിബ്നു അംറുബ്നുൽആസ്(റ) പറയുന്നതായി ഞാൻ കേട്ടു: 'നിങ്ങൾ ക്വുർആനിനെ മുറുകെ പിടിക്കുക. അത് നിങ്ങൾ പഠിക്കുകയും നിങ്ങളുടെ മക്കളെ പഠിപ്പിക്കുകയും ചെയ്യുക.

തീർച്ചയായും അതിനെക്കുറിച്ച് നിങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതാണ്. അതിന് നിങ്ങൾക്ക് പ്രതിഫലവും ലഭിക്കും. ബുദ്ധിയുള്ളവന് ഉപദേശകനായി അതുതന്നെ മതിയായതാണ്."

വിശുദ്ധ ക്വുർആൻ പാരായണം ചെയ്യുന്നത് വളരെ വലിയ പ്രതിഫലമുള്ള ആരാധനയാണ്. അത് മനഃപാഠമാക്കുന്നത് അതിനെക്കാൾ വലിയ പ്രതിഫലാർഹവുമാണ്. ലോകാവസാനം വരെ നിലനിൽക്കുന്ന ഈ ഗ്രന്ഥം അത്രയും കാലം കുറെയാളുകൾ മനഃപാഠമാക്കിക്കൊണ്ടിരിക്കുക എന്നത് മുഹമ്മദ് നബി(സ്വ)യുടെ സമുദായത്തിന്റെ ഒരു അടയാളം തന്നെയാണ്. മറ്റുള്ള വേദഗ്രന്ഥങ്ങളിൽനിന്നും വ്യത്യസ്തമായി നിരന്തരം പാരായണം ചെയ്യപ്പെടുന്നതും മനഃപാഠമാക്കപ്പെടുന്നതുമായ ഒരേയൊരു ഗ്രന്ഥം വിശുദ്ധ ക്വുർആനാണ്. ലോകത്ത് ഏറ്റവുമധികം വായിക്കപ്പെടുന്നതും എളുപ്പത്തിൽ മനഃപാഠമാക്കാൻ കഴിയുന്നതുമായ ഗ്രന്ഥം വിശുദ്ധ ക്വുർആനാണെന്ന് പഠനങ്ങൾ രേഖപ്പെടുത്തുന്നു.

വിവരണാതീതമായ ശ്രേഷ്ഠതകളുള്ള ഈ അത്ഭുതഗ്രന്ഥം നമുക്ക് മുന്നിലുണ്ടായിട്ട്, അത് പഠിക്കുവാനും അതനുസരിച്ച് ജീവിക്കുവാനും നാം താൽപര്യം കാണിക്കുന്നില്ലെങ്കിൽ നമ്മെക്കാൾ വലിയ നഷ്ടക്കാർ വേറെയുണ്ടാകില്ല.

മറ്റുള്ള പുസ്തകങ്ങൾ വായിക്കാൻ ഒരുങ്ങുന്നതുപോലെ വിശുദ്ധ ക്വുർആൻ പാരായണം ചെയ്യാൻ ഒരുങ്ങിയാൽ അതിന്റെ മാധുര്യം നുകരാൻ കഴിഞ്ഞുകൊള്ളണമെന്നില്ല. വിശുദ്ധ ക്വുർആൻ പഠന,പാരായണ വേളയിൽ ശ്രദ്ധിക്കേണ്ടതായ ചില കാര്യങ്ങൾ സൂചിപ്പിക്കാം:

1. വിശുദ്ധ ക്വുർആനിലേക്ക് പൂർണമായും വ്യാപൃതനാവുക.

2. സാഹചര്യം അതിന്റെ പഠനത്തിനുവേണ്ടി സൗകര്യപ്രദമാക്കുക.

3. ആത്മാർഥമായ നിയ്യത്തോടെയാവുക.

4. പാരായണം ചെയ്യുന്ന വചനങ്ങളുടെ ആശയങ്ങളിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുക.

5. ഓരോ സൂക്തത്തിനുമുള്ള ഉത്തരങ്ങൾ നമ്മുടെ ജീവിതത്തിൽനിന്നും കണ്ടെത്തുക.

6. നമ്മുടെ ലക്ഷ്യം അതിന്റെ ആശയം നമ്മുടെ ജീവിതത്തിൽ കണ്ടെത്തലാക്കുക.

7. ഹൃദയത്തിന് സ്വാധീനമുണ്ടാക്കുന്ന വചനങ്ങൾ ആവർത്തിച്ചാവർത്തിച്ചു പാരായണം ചെയ്യുക.

8. ആയത്തുകൾ പഠിക്കുവാനും മനഃപാഠമാക്കുവാനും അത് ജീവിതത്തിൽ പ്രാവർത്തികമാക്കുവാനും കഠിനമായി പ്രയത്നിക്കുക.

ഉത്തമരായ സ്വഹാബാക്കളുടെ ജീവിതത്തിൽ നമുക്ക് വലിയ മാതൃകയുണ്ട്. ക്വുർആനിലേക്ക് വ്യാപൃതമാകുന്നതിനെ അവർ ഒരു ആസ്വാദനമായി കണ്ടു. അതിന്റെ മൂല്യവും മഹത്ത്വവും അവർ മനസ്സിലാക്കി. വിശുദ്ധ ക്വുർആനിലെ ചരിത്രങ്ങളും സംഭവങ്ങളും തങ്ങളുടെ ജീവിതത്തിലെ തിരുത്തലുകളാക്കി മാറ്റി. സ്വന്തം വ്യക്തിത്വത്തെ വിശുദ്ധ ക്വുർആനിലൂടെ മാറ്റിയെടുക്കാൻ അവർ തയ്യാറായി. ഇസ്‌ലാമിന് മുമ്പ് തങ്ങൾക്കുണ്ടായിരുന്ന മുഴുവൻ ദുഃസ്വഭാവങ്ങളും തുടച്ചുമാറ്റി ഒരു പുതുജന്മങ്ങളായി അവർ മാറി.

അതേ രൂപത്തിൽ, വിശുദ്ധ ക്വുർആനിലേക്ക് മടങ്ങുവാനും ജീവിതത്തിൽ മാറ്റങ്ങൾ ഉണ്ടാക്കുവാനും നമുക്ക് സാധിക്കണമെങ്കിൽ അതിനുള്ള മാനസികാവസ്ഥയുണ്ടാകണം; ചില അടിസ്ഥാനപരമായ കാര്യങ്ങൾ ശ്രദ്ധിക്കുകയും വേണം:

1. അല്ലാഹുവിലേക്ക് വിനയാന്വിതരായിക്കൊണ്ട്, വിശുദ്ധ ക്വുർആൻ പഠനത്തിന് സഹായം തേടിക്കൊണ്ട് ധാരാളമായി അവനോട് പ്രാർഥിക്കുക.

2. ഓരോ ദിവസത്തിന്റെയും പ്രഭാതത്തിൽതന്നെ ക്വുർആൻ പാരായണത്തിന് പ്രാധാന്യം കൊടുക്കുക. മനഃപാഠമാക്കാനുള്ള കഴിവിന്റെ ഇന്ധനം ധാരാളമായ പാരായണമാണ്.

3. രാവിലെയും വൈകിട്ടും രാത്രി ഉറങ്ങാൻ കിടക്കുമ്പോഴുമുള്ള പ്രാർഥനകൾ പതിവാക്കുക. അത് ഒരു വിശ്വാസിയെ അല്ലാഹുവിന്റെ അനുമതിയാൽ പിശാചിന്റെ ഉപദ്രവങ്ങളിൽനിന്ന് തടയാൻ സഹായിക്കും. കാരണം, ദിക്റുകൾ പിശാചിന്റെ ശത്രുവാണ്. അല്ലാഹു ഒരു മനുഷ്യനെ പിശാചിൽ നിന്ന് സംരക്ഷിച്ചാൽ അവന് ക്വുർആൻ പഠിക്കാനും മനഃപാഠമാക്കാനും എളുപ്പമാകുന്നതാണ്.

4. പണ്ഡിതന്മാരുടെ സദസ്സുകളിൽ സന്നിഹിതരാവുക. പ്രത്യേകിച്ചും ക്വുർആൻ ക്ലാസുകളിൽ. അനിവാര്യമായ കാരണങ്ങളില്ലാതെ അതിൽനിന്ന് പിന്തിരിയാതിരിക്കുക. ഇമാം മുസ്‌ലിമും അബൂദാവൂദും ഉദ്ധരിക്കുന്ന ഒരു ഹദീസിൽ അബൂഹുറയ്റ(റ) പറയുകയാണ്: "അല്ലാഹുവിന്റെ പ്രവാചകൻ(സ്വ) പറഞ്ഞു: "അല്ലാഹുവിന്റെ ഭവനത്തിൽ ആരെങ്കിലും ഒരുമിച്ച് കൂടുകയും, അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുകയും, അത് പരസ്പരം ചർച്ച ചെയ്ത് പഠിക്കുകയും ചെയ്താൽ അവരുടെ മേൽ സമാധാനം ഇറങ്ങുകയും കാരുണ്യംകൊണ്ട് അവർ പൊതിയപ്പെടുകയും അവർക്ക് ചുറ്റും മലക്കുകൾ ഇറങ്ങുകയും അവരെക്കുറിച്ച് അല്ലാഹു അവന്റെയരികിലുള്ളവരോട് പറയുകയും ചെയ്യുന്നതാണ്."

5. അല്ലാഹുവിനെ സ്മരിക്കുവാനും വിശുദ്ധ ക്വുർആൻ പഠിക്കുവാനും നമ്മെ സഹായിക്കുകയും അതിന് നമുക്ക് പ്രേരണ നൽകുകയും ചെയ്യുന്ന വിശ്വാസിയും നല്ലവനുമായ ഒരു കൂട്ടുകാരനെ കണ്ടെത്തുക. അവനുമായി എപ്പോഴും ബന്ധം സ്ഥാപിക്കുകയും ചെയ്യുക. തീർച്ചയായും അത്തരത്തിലുള്ള ബന്ധങ്ങൾ ഏറെ മൂല്യവത്തായതുതന്നെയാണ്.

6. താൻപോരിമയിൽ നിന്നും പൊങ്ങച്ചം കാണിക്കുന്നതിൽനിന്നുമൊക്കെ ജാഗ്രത പാലിക്കുക. പൊങ്ങച്ചം കാണിക്കുവാനും അറിവില്ലാത്തവരോട് തർക്കിക്കുവാൻ വേണ്ടിയും ക്വുർആൻ പഠിക്കരുതെന്ന് നബി(സ്വ) താക്കീത് നൽകിയിട്ടുണ്ട്.

പ്രവാചകൻ(സ്വ) പറഞ്ഞു: “അറിവുള്ളവരോട് പൊങ്ങച്ചം കാണിക്കുവാനും വിഢ്ഢികളോട് തർക്കിക്കുവാനും ജനങ്ങളുടെ ശ്രദ്ധ തന്നിലേക്ക് തിരിച്ചു വിടുവാനും വേണ്ടി ക്വുർആൻ പഠിച്ചാൽ അല്ലാഹു അവനെ നരകത്തിൽ പ്രവേശിപ്പിക്കുന്നതാണ്. അതിനാൽ അവൻ അല്ലാഹുവിന്റെയടുത്തുള്ളത് ആഗ്രഹിച്ചുകൊണ്ടും, ഭയഭക്തിയും സമാധാനവും പക്വതയും നേടിയെടുക്കാൻ വേണ്ടിയും അത് പഠിച്ചു കൊള്ളട്ടെ. അഹങ്കരിക്കുവാൻ വേണ്ടിയാകാതിരിക്കട്ടെ.”

7. വൈജ്ഞാനികമായ ഏത് തലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോഴും വിശുദ്ധ ക്വുർആനിനെ കൂടെ കൂട്ടുക. വ്യത്യസ്ത തരം അറിവുകൾ നേടിയെടുക്കാൻ ഉദ്ദേശിക്കുമ്പോൾ നാം മനസ്സിലാക്കണം; തീർച്ചയായും അറിവുകളുടെ പ്രാരംഭം വിശുദ്ധ ക്വുർആൻ തന്നെയാണെന്ന്. അതിലെ ഓരോ വചനം പാരായണം ചെയ്യുമ്പോഴും തന്റെ രക്ഷിതാവിങ്കലേക്ക് അടുപ്പിക്കുന്ന ഓരോ കവാടം തുറക്കപ്പെടുന്നതായി കാണാം. അതിലെ നിർദേശങ്ങൾക്ക് വിരുദ്ധമായ ജീവിതശൈലികൾ ജന്മമെടുക്കുമ്പോഴും, അതിന്റെ ആശയങ്ങൾക്ക് വിരുദ്ധമായ വിജ്ഞാനശകലങ്ങൾ മനസ്സിൽ കുടിയേറുമ്പോഴും ആ കവാടങ്ങൾ പതിയെ പതിയെ കൊട്ടിയടക്കപ്പെടുന്നതായി കാണാം. അതിനാൽ, ഏതൊരു വിജ്ഞാന മേഖലയിലേക്ക് തിരിയേണ്ടിവന്നാലും വിശുദ്ധ ക്വുർആനിനെ കൂടെക്കൂട്ടുക. അതിനെക്കാൾ മൂല്യവത്തായ മറ്റൊന്നും ഇല്ലെന്ന് തിരിച്ചറിയുക.

8. ഇസ്തിഗ്ഫാറുകൾ (പാപമോചനതേട്ടങ്ങൾ) അധികരിപ്പിക്കുക. കാരണം, മനുഷ്യനെന്ന നിലക്ക് ധാരാളമായി തെറ്റുകളും കുറ്റങ്ങളും വന്നുപോയേക്കാം. അതിനാൽ, പാപമോചന തേട്ടങ്ങൾ നിരന്തരം ഉണ്ടായിരിക്കൽ അനിവാര്യമാണ്.

വിശുദ്ധ ക്വുർആനിനോട് മറവി കാണിക്കൽ പാപങ്ങളിൽ പെട്ടതാണ്. സൂറതുശ്ശൂറയിലെ 30ാമത്തെ വചനത്തെ വിശദീകരിച്ചുകൊണ്ട് ഇബ്നു കസീർ(റഹി) പറഞ്ഞു:

“ഇമാം ദ്വഹ്ഹാക് പറഞ്ഞു: ‘വിശുദ്ധ ക്വുർആൻ പഠിക്കുകയും പിന്നീട് മറന്നുപോവുകയും ചെയ്യുന്നത് തെറ്റായിക്കൊണ്ടല്ലാതെ നമുക്ക് പരിചയമില്ല.’ ശേഷം അദ്ദേഹം ഈ വചനം പാരായണം ചെയ്തു: ‘നിങ്ങൾക്ക് ഏതൊരു ആപത്ത് ബാധിച്ചിട്ടുണ്ടെങ്കിലും അത് നിങ്ങളുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായിട്ടുതന്നെയാണ്. മിക്കതും അവൻ മാപ്പാക്കുകയും ചെയ്യുന്നു’ (സൂറതുശ്ശൂറാ :30). അദ്ദേഹം വീണ്ടും പറഞ്ഞു: ‘വിശുദ്ധ ക്വുർആൻ മറക്കുന്നതിനെക്കാൾ വലിയ വിപത്ത് മറ്റെന്താണുള്ളത്?”

ഇമാം ശാഫിഈ(റഹി) യുടെ കവിതാസമാഹാരത്തിൽ ഇങ്ങനെ കാണാം: “ഞാൻ (എന്റെ ഗുരുവായ) വകീഇനോട് എന്റെ മനഃപാഠമാക്കാനുള്ള കഴിവിന്റെ അശക്തതയെ കുറിച്ച് ചോദിച്ചു. അപ്പോൾ പാപങ്ങൾ ഒഴിവാക്കുവാൻ അദ്ദേഹം എനിക്ക് നിർദേശം പറഞ്ഞുതന്നു. ശേഷം, അറിവ് പ്രകാശമാണെന്നും അല്ലാഹുവിന്റെ പ്രകാശം തെറ്റുകാർക്ക് നൽകപ്പെടുകയില്ലെന്നും അദ്ദേഹം എനിക്ക് അറിയിച്ചു തന്നു.”

അഥവാ, വിശുദ്ധ ക്വുർആൻ പഠിക്കാൻ സാധിക്കുന്നില്ലെങ്കിൽ അതിനർഥം നമ്മുടെ ജീവിതത്തിൽ വന്നുപോയ അത്യധികമായ തെറ്റുകൾ കാരണം നമ്മുടെ ഹൃദയം കറുത്തുപോയിട്ടുണ്ടെന്നാണ്. തെറ്റുകാർക്ക് അല്ലാഹു അവന്റെ പ്രകാശം കൊടുക്കുകയില്ല. തെറ്റുകളിൽനിന്നും മുക്തരാകുവാൻ പാപമോചനം തന്നെയാണ് പരിഹാരമായുള്ളത്.

9. വിശുദ്ധ ക്വുർആൻ പാരായണം ചെയ്യാൻ ഉദ്ദേശിക്കുമ്പോഴെല്ലാം പ്രവാചകന്റെ മാതൃകയെ ന്നോണം വുദൂഅ് ചെയ്ത് വൃത്തിയായി തയ്യാറാവുക. ക്വുർആൻ പാരായണത്തിന് വുദൂഅ് ചെയ്യൽ ഐച്ഛികമായ പ്രവാചകമാതൃകയാണ്.

10. വിശുദ്ധ ക്വുർആൻ മനഃപാഠമാക്കാൻ കഴിയൽ വലിയ അനുഗ്രഹം തന്നെയാണ്. അനുഗ്രഹങ്ങൾ നൽകിയ രക്ഷിതാവിനോട് നന്ദി പറയൽ അനിവാര്യമാണ്. ചെറിയ സൂക്തങ്ങളാണെങ്കിലും അത് പഠിക്കാൻ കഴിഞ്ഞതിൽ അല്ലാഹുവിനോട് നന്ദി കാണിക്കൽ നമ്മുടെമേൽ ബാധ്യതയാണ്. നന്ദി കാണിക്കുന്നവർക്ക് മാത്രമെ അല്ലാഹു അധികരിപ്പിച്ചു കൊടുക്കുകയുള്ളൂ. അല്ലാഹു പറഞ്ഞു:

“നിങ്ങൾ നന്ദി കാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക് (അനുഗ്രഹം) വർധിപ്പിച്ചു തരുന്നതാണ്. എന്നാൽ, നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും എന്റെ ശിക്ഷ കഠിനമായിരിക്കും എന്ന് നിങ്ങളുടെ രക്ഷിതാവ് പ്രഖ്യാപിച്ച സന്ദർഭം (ശ്രദ്ധേയമത്രെ)” (ഇബ്റാഹീം: 7).

ഇപ്പറഞ്ഞ കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാകേണ്ടതാണ്. അത് ഉണ്ടാക്കിയെടുത്താൽ വിശുദ്ധ ക്വുർആനിലേക്കടുക്കുവാനും അതിന്റെ ആശയങ്ങൾ ഗ്രഹിക്കുവാനും പ്രാവർത്തികമാക്കുവാനും എളുപ്പമാകും.

മനുഷ്യർ കൂടുതൽ വ്യവഹാരങ്ങളിലേക്കും മറ്റു തിരക്കുകളിലേക്കും വ്യാപൃതരായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ക്വുർആനിന്റെ ആവശ്യക്കാർ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കേവലം റമദാനിൽ മാത്രം വിശുദ്ധ ക്വുർആൻ കൈകൊണ്ട് സ്പർശിക്കുന്നവർ, ബാക്കിയുള്ള മാസങ്ങളിൽ അതിനെ ഒരു പ്രദർശന വസ്തുവായി മാത്രം കാണുന്നവർ, അതുമല്ലെങ്കിൽ കുട്ടികൾക്കും വൃദ്ധന്മാർക്കും മാത്രമുള്ള കേവല പുസ്തകമായി വിശുദ്ധ ക്വുർആനിനെ മനസ്സിലാക്കിയവർ തിരിച്ചറിയണം മുസ്‌ലിം സമൂഹത്തിന്റെ ഏറ്റവും വലിയ ബലമാണ് വിശുദ്ധ ക്വുർആൻ എന്നത്. അതിനെ പ്രദർശന വസ്തുവാക്കി മാറ്റി ഷെൽഫിൽ വെക്കാതിരിക്കുക. ദിവസവും അത് കൈയിലെടുക്കുക. പാരായണം ചെയ്യുക, പഠിക്കുക, സ്രഷ്ടാവിന്റെ പ്രീതി കരസ്ഥമാക്കുക. ■



# മതനിരാസം, മനുഷ്യത്വം, ഇസ്‌ലാം

ഉസ്മാൻ പാലക്കാഴി
: 9656292244

**മനുഷ്യന്റെ സൃഷ്ടിപ്പിലും നിലനിൽപിലും പ്രപഞ്ചാതീത ശക്തിയുമായി യാതൊരു ബന്ധവുമില്ല എന്ന നിഷേധാത്മക ചിന്തയിൽ നിന്ന് ജീവിതത്തിന് നിർവചനങ്ങൾ നൽകിയവരാണ് 'സ്വതന്ത്ര ചിന്തകർ'. ആസക്തികളുടെയും അഭിലാഷങ്ങളുടെയും നിയന്ത്രണരഹിതമായ പൂർത്തീകരണവും സദാചാരത്തിൽനിന്ന് അകലം പാലിച്ചുകൊണ്ടുള്ള ജീവിതശീലങ്ങളുമാണ് മനുഷ്യന്റെ യഥാർഥ സ്വാതന്ത്ര്യത്തെ അടയാളപ്പെടുത്തുന്ന ഘടകങ്ങൾ എന്ന് മതനിരാകരണ പ്രത്യയ ശാസ്ത്രങ്ങൾ പഠിപ്പിച്ചു. രോഗാതുര ആസക്തികൾക്ക് അടിമപ്പെട്ട മനസ്സുകളിൽ ഈ ജീവിതദർശനം വളരെ വേഗത്തിൽ വേരോടുകയും ചെയ്തു. ഇത് തന്നെയാണ് പുതിയ കാലത്തിന്റെ ഏറ്റവും വലിയ വെല്ലുവിളി.**

മതം എന്നാൽ അടിമത്തവും മൂഢവിശ്വാസങ്ങളും ചൂഷണവും വളർത്തിക്കൊണ്ടുവരുന്ന ഒരുപ്രത്യേകതരം ചിന്താഗതിയാണ് എന്ന് വിശ്വസിക്കുന്നവരാണ് മതനിഷേധികൾ. മനുഷ്യൻ അവന്റെ ആവിർഭാവത്തിലും നിലനിൽപിലും പ്രവർത്തനങ്ങളിലും ഏതെങ്കിലും പ്രപഞ്ചാതീത ശക്തിയുമായി കടപ്പെട്ടിരിക്കുന്നില്ല എന്ന നിഷേധാത്മക ചിന്തയുടെ സഹായത്താൽ ആധുനിക ജീവിതത്തിന് പുതിയ നിർവചനങ്ങൾ ആരായുവാൻ 'സ്വതന്ത്ര ചിന്തകർ' നടത്തിയ ശ്രമങ്ങളാണ് പലതരം പ്രത്യയശാസ്ത്രങ്ങളുടെ ആവിർഭാവത്തിനിടയാക്കിയത്. ജീവിതത്തിന്റെ സർവതന്ത്രസ്വതന്ത്രമായ വിനിയോഗവും ആസക്തികളുടെയും അഭിലാഷങ്ങളുടെയും നിയന്ത്രണരഹിതമായ പൂർത്തീകരണവും സദാചാരത്തിൽനിന്നും അകലം പാലിച്ചുകൊണ്ടുള്ള ജീവിതശീലങ്ങളുമാണ് മനുഷ്യന്റെ യഥാർഥ സ്വാതന്ത്ര്യത്തെ അടയാളപ്പെടുത്തുന്ന ഘടകങ്ങൾ എന്ന് മതനിരാകരണ പ്രത്യശാസ്ത്രങ്ങൾ പഠിപ്പിച്ചു. ആധുനികജീവിതത്തിന്റെ രോഗാതുര ആസക്തികൾക്ക് അടിമപ്പെട്ട പാശ്ചാത്യൻ മനസ്സുകളിൽ ഈ ജീവിതദർശനം വളരെ വേഗത്തിൽ വേരോട്ടം നേടുകയും ചെയ്തു.

എല്ലാ ഭൗതികദർശനങ്ങളുടെയും പ്രത്യയശാസ്ത്രങ്ങളുടെയും പരിധി ഐഹിക ജീവിതമാണ്. അഥവാ മനുഷ്യന്റെ വളരെ ഹ്രസ്വവും പരിമിതവുമായ ജീവിതത്തെയാണ് ഭൗതിക പ്രത്യയശാസ്ത്രങ്ങൾ കേന്ദ്രബിന്ദുവായി തെരഞ്ഞെടുത്തിരിക്കുന്നത്. 'ജീവിതത്തിന്റെ ആവിർഭാവത്തിന് മുമ്പ് മനുഷ്യനെ ബാധിക്കുന്ന മനുഷ്യാതീതമായ ഒരാശയവും ഒരു കാര്യവും ഇല്ല' എന്നതുപോലെ ജീവിതത്തിനപ്പുറവും മനുഷ്യനെ ബാധിക്കുന്ന യാതൊന്നും ശേഷിക്കുന്നില്ലെന്ന ചിന്തയുടെ അടിത്തറയിൽ ഭൗതിക പ്രത്യയശാസ്ത്രങ്ങൾ അവയുടെ വക്താക്കളെ മുന്നോട്ട് നയിച്ചു വന്നു.

മനുഷ്യന്റെ ആവിർഭാവം നിയതമായ ഒരു ലക്ഷ്യത്തോടെയല്ലെന്നും, ജീവിതത്തെ പരമാവധി വിനിയോഗിക്കുവാൻ തടസ്സമാവുന്ന ഏതൊരു മൂല്യവും തിരസ്കരിക്കപ്പെടേണ്ടതാണെന്നും മതനിഷേധികൾ പറയുന്നു. ആസക്തികളുടെ വിനിമയം, തൃഷ്ണകളുടെ പൂരണം, ദേഹേച്ഛകളുടെ വിധേയത്വം എന്നിവയൊക്കെയാണ് ജീവിതത്തിന്റെ അന്തസ്സത്തയെ നിർണയിക്കുന്നതെന്ന വാദഗതികളുടെ അടിസ്ഥാനത്തിലാണ് ഭൗതികദർശനം ധാർമികതയെ ശത്രുപക്ഷത്ത് നിർത്തിയത്.

ജീവിതത്തിൽനിന്ന് മൂല്യങ്ങളും ധാർമികതയും ശാന്തിയും സമാധാനവുമെല്ലാം നഷ്ടപ്പെട്ടുപോകുവാൻ കാരണം ജീവിതത്തിന് അതിന്റെ അർഥവും ആത്യന്തികലക്ഷ്യവും നിഷേധിക്കപ്പെട്ടതാണെന്ന് ചില ഭൗതികവാദികളെങ്കിലും വളരെ വൈകിയാണ് മനസ്സിലാക്കുന്നത്.



### വ്യത്യസ്ത മതങ്ങൾ

ജീവിതത്തെ ഒരു ലക്ഷ്യവും മാർഗവും അവയ്ക്കനുസൃതമായ പ്രത്യാശകളും നൽകി മുന്നോട്ട് നയിച്ചതുകൊണ്ടാണ് പണ്ടുമുതലേ മതങ്ങൾ മനുഷ്യജീവിതത്തെ സ്വാധീനിച്ചുകൊണ്ടിരുന്നത്. ദൈവത്തിൽ നിന്നുള്ള സന്ദേശവാഹകർ മനഷ്യർക്ക് നൽകിയത് എന്ന് പറഞ്ഞുകൊണ്ട് രംഗത്തുവന്ന മതങ്ങളുണ്ട്. ദൈവത്തെ മാറ്റിവെച്ചുകൊണ്ട് മനുഷ്യനിലും പ്രകൃതിപ്രതിഭാസങ്ങളിലുമൊക്കെ ദിവ്യത്വം ചാർത്തി രംഗത്ത് വന്ന മതങ്ങളുമുണ്ട്. മരണാനന്തര ജീവിതത്തിന്റെ കാര്യത്തിലും എല്ലാ മതങ്ങൾക്കും ഒരേ വിശ്വാസമല്ല ഉള്ളത്. ഇങ്ങനെ മതങ്ങൾ പല സ്വഭാവങ്ങളുള്ളവയാണ്. അവ പഠിപ്പിക്കുന്ന വിശ്വാസ-കർമ കാര്യങ്ങൾ വ്യത്യസ്തമാണ്.

### മനുഷ്യത്വവും മൃഗീയതയും

മൃഗങ്ങൾക്ക് പ്രത്യേകമായ ഒരു ജീവിതദർശനമില്ല. അവ അവയുടെ സ്വാഭാവികമായ ചോദനകളെ പൂരണം ചെയ്ത് നിലനിൽക്കുകയാണ് ചെയ്യുന്നത്. എന്നാൽ മനുഷ്യൻ അങ്ങനെയല്ല. മനുഷ്യജീവിതത്തിന് അതിന്റേതായ ചില സവിശേഷതകളുണ്ട്. അത്തരം സവിശേഷതകൾ ഉൾക്കൊണ്ട് മനുഷ്യനായി ജീവിക്കുവാനാണ് മതം പഠിപ്പിക്കുന്നത്. ചിന്തിച്ച് മനസ്സിലാക്കുവാനും അതിനനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുവാനുമുള്ള കഴിവ് മൃഗങ്ങൾക്കില്ല; അത് മനുഷ്യർക്ക് മാത്രമാണുള്ളത്. അതുകൊണ്ട് ചില പ്രകൃതി പ്രതിഭാസങ്ങളും വസ്തുതകളും എടുത്തുപറഞ്ഞ് 'നിങ്ങൾ ചിന്തിക്കുന്നില്ലേ,' 'നിങ്ങൾ ഉറ്റാലോചിക്കുന്നില്ലേ' എന്നെല്ലാം വിശുദ്ധ ക്വുർആൻ ചോദിക്കുന്നതായി കാണാം.

ഉപരിലോകത്ത് സ്ഥിതി ചെയ്യുന്ന സൂര്യ-ചന്ദ്ര നക്ഷത്രാദികളെയും ഇതര ഗ്രഹങ്ങളെയും മേഘം, മഞ്ഞ്, മഴ, വായു മുതലായവയെയും,

മൃഗങ്ങൾക്ക് പ്രത്യേകമായ ഒരു ജീവിതദർശനമില്ല. അവ അവയുടെ സ്വാഭാവികമായ ചോദനകളെ പൂരണം ചെയ്ത് നിലനിൽക്കുകയാണ് ചെയ്യുന്നത്. എന്നാൽ മനുഷ്യൻ അങ്ങനെയല്ല. മനുഷ്യജീവിതത്തിന് അതിന്റേതായ ചില സവിശേഷതകളുണ്ട്. അത്തരം സവിശേഷതകൾ ഉൾക്കൊണ്ട് മനുഷ്യനായി ജീവിക്കുവാനാണ് മതം പഠിപ്പിക്കുന്നത്. ചിന്തിച്ച് മനസ്സിലാക്കുവാനും അതിനനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുവാനുമുള്ള കഴിവ് മൃഗങ്ങൾക്കില്ല; അത് മനുഷ്യർക്ക് മാത്രമാണുള്ളത്. അതുകൊണ്ട് ചില പ്രകൃതി പ്രതിഭാസങ്ങളും വസ്തുതകളും എടുത്തുപറഞ്ഞ് 'നിങ്ങൾ ചിന്തിക്കുന്നില്ലേ,' 'നിങ്ങൾ ഉറ്റാലോചിക്കുന്നില്ലേ' എന്നെല്ലാം വിശുദ്ധ ക്വുർആൻ ചോദിക്കുന്നതായി കാണാം.

> **മനുഷ്യനിലെ വിശേഷബുദ്ധി അവന്റെ ആവാസസാഹചര്യങ്ങളെ മാറ്റുന്നതിന് മാത്രമുള്ള ഒരു താൽകാലിക ഉപാധിയല്ലെന്നും അതിനപ്പുറത്തുള്ള ലക്ഷ്യം അതിനുണ്ടെന്നും ഇസ്‌ലാം പഠിപ്പിക്കുന്നു. 'മനുഷ്യനായിരിക്കാനുള്ള മനുഷ്യന്റെ ശേഷികളാണ് അവനെ മൃഗമല്ലാതാക്കുന്നത്' എന്ന് ചില പാശ്ചാത്യ തത്ത്വചിന്തകർ പറഞ്ഞതായി കാണാം. ഇത് വളരെ ബാലിശവും നിരർഥകവുമാണ്. കാരണം മൃഗമല്ലാതാകുന്നതിലൂടെ മാത്രം ഒരു ജന്തുവിന് എത്തിച്ചേരാവുന്ന ദൂരമല്ല മനുഷ്യനിലേക്കുള്ളത്. ഇച്ഛാപരമായ തെരഞ്ഞെടുപ്പിലൂടെ സ്വജീവിത ദർശനം കണ്ടെത്തുവാൻ സാധിക്കുന്നുവെന്നതാണ് മനുഷ്യന്റെ സവിശേഷതകളിലൊന്ന്.**

ഭൂമിയിലെ ജീവികൾ, സസ്യലതാദികൾ, പർവതങ്ങൾ, നദികൾ, ഖനനവസ്തുക്കൾ തുടങ്ങിയ നിരവധി വസ്തുക്കളെയും മനുഷ്യന് ഓരോ തരത്തിൽ അല്ലാഹു ഉപയുക്തമാക്കിക്കൊടുത്തന്നിരിക്കുന്നു. വിശപ്പിനു ഭക്ഷണം, ദാഹത്തിനു വെള്ളം, താമസത്തിനു സ്ഥലസൗകര്യം, കാഴ്ച, കേൾവി, സംസാരം എന്നിങ്ങനെയുള്ള എണ്ണമറ്റ പ്രത്യക്ഷമായ അനുഗ്രഹങ്ങളും വിശേബുദ്ധി, ജ്ഞാനം, സമ്പാദിക്കുവാനുള്ള മാർഗങ്ങൾ, വേദഗ്രന്ഥങ്ങളും ദൈവദൂതന്മാരും മുഖേനയുള്ള മാർഗദർശനങ്ങൾ, പ്രാർഥനയ്ക്ക് ഉത്തരം നൽകൽ തുടങ്ങിയ മറ്റനുഗ്രഹങ്ങളും അല്ലാഹു നൽകിയിരിക്കുന്നു. അതെ, പ്രത്യക്ഷവും പരോക്ഷവുമായ; ചിന്തിക്കുന്ന മനുഷ്യർക്ക് ദൈവാസ്തിക്യത്തെ നിഷേധിക്കാനാവാത്ത അനുഗ്രഹങ്ങൾ അഥവാ ദൃഷ്ടാന്തങ്ങൾ!

## മനുഷ്യനെന്ന സൃഷ്ടി

ദൈവത്തിന്റെ സൃഷ്ടിയാണ് മനുഷ്യനെന്ന തിരിച്ചറിവ് കേവലം വൈയക്തികമായ ധാരണയുടെ മണ്ഡലത്തിൽ മാത്രം ഒതുങ്ങുന്നതല്ല. തന്റെ ജീവിതത്തിന്റെ ആരംഭവും അവസാനവും ദൈവത്തിന്റെ തീരുമാനങ്ങളുമായി അഭേദ്യമാം വിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നുവെന്നു ചിന്തിക്കാനുള്ള അടിസ്ഥാന പ്രേരണ ഇതുവഴി ലഭിക്കുന്നു. മനുഷ്യനെ സംബന്ധിച്ച് ഈ പ്രേരണ മൃഗീയമായ ജീവിതത്തിൽ നിന്നുള്ള അകൽച്ചക്ക് സഹായകമാണ്. ജീവിതത്തിന്റെ അർഥവും നിർവചനവും കണ്ടെത്തുന്നതിലും ഇതരമനുഷ്യരുമായി നല്ലനിലയിൽ സഹവർത്തിക്കുന്നതിനും ഇത് പ്രേരിപ്പിക്കുന്നു.

മനുഷ്യനെ ഭൗതിക പ്രത്യയശാസ്ത്രങ്ങൾ നിർവചിക്കുന്നത് കേവലം വിശേഷബുദ്ധിയുള്ള ജീവിയെന്നാണ്. എന്നാൽ മനുഷ്യനിലെ വിശേഷബുദ്ധി അവന്റെ ആവാസസാഹചര്യങ്ങളെ മാറ്റുന്നതിന് മാത്രമുള്ള ഒരു താൽകാലിക ഉപാധിയല്ലെന്നും അതിനപ്പുറത്തുള്ള ലക്ഷ്യം അതിനുണ്ടെന്നും ഇസ്‌ലാം പഠിപ്പിക്കുന്നു. 'മനുഷ്യനായിരിക്കാനുള്ള മനുഷ്യന്റെ ശേഷികളാണ് അവനെ മൃഗമല്ലാതാക്കുന്നത്' എന്ന് ചില പാശ്ചാത്യ തത്ത്വചിന്തകർ പറഞ്ഞതായി കാണാം. ഇത് വളരെ ബാലിശവും നിരർഥകവുമാണ്. കാരണം മൃഗമല്ലാതാകുന്നതിലൂടെ മാത്രം ഒരു ജന്തുവിന് എത്തിച്ചേരാവുന്ന ദൂരമല്ല മനുഷ്യനിലേക്കുള്ളത്.

ഇച്ഛാപരമായ തെരഞ്ഞെടുപ്പിലൂടെ സ്വജീവിത ദർശനം കണ്ടെത്തുവാൻ സാധിക്കുന്നുവെന്നതാണ് മനുഷ്യന്റെ സവിശേഷതകളിലൊന്ന്. ഭൗതിക പ്രത്യയശാസ്ത്രങ്ങളും ഈ സവിശേഷത അംഗീകരിക്കുന്നുണ്ട്. എന്നാൽ മനുഷ്യനിലെ ഈ സവിശേഷത സഹജമെന്നും പ്രകൃതിപരമെന്നും ഭൗതികപ്രത്യയശാസ്ത്രങ്ങൾ വ്യാഖ്യാനിക്കുമ്പോൾ ഉദ്ദേശ്യപരമെന്നും ദൈവദത്തമെന്നും ഇസ്‌ലാം വിശദീകരിക്കുന്നു. ആവശ്യമായത് തെരഞ്ഞെടുക്കുവാൻ മനുഷ്യനിലുള്ള സവിശേഷ കഴിവിന് പിന്നിൽ നിയതമായ ഒരു ലക്ഷ്യമുണ്ട്. മൂല്യങ്ങളുടെയും ആശയങ്ങളുടെയും തെരഞ്ഞെടുപ്പിൽ മനുഷ്യൻ പുലർത്തുന്ന സവിശേഷമായ ശ്രദ്ധയും ജാഗ്രതയും ധിഷണാപരമായ ഊന്നലും അവനെയും അവന്റെ സത്തയെയും മൃഗീയമായ തലത്തിൽനിന്ന് ഏറെ ഉയർത്തുന്നതാണ്. മതത്തിന്റെ മാർഗനിർദേശങ്ങൾ തള്ളിക്കളയുമ്പോൾ മനുഷ്യൻ ജന്തുസഹമായ സ്വഭാവങ്ങളിലേക്ക് വീണുപോവുകയും തന്റെ ഇച്ഛകൾ പൂർത്തീകരിക്കുന്നതിനായി ധാർമികതയെയും വിലക്കുകളെയും അവഗണിക്കുകയും ചെയ്യും. മനുഷ്യത്വത്തിന്റെ ഉദാത്തമായ പല ഗുണങ്ങളും അവനിൽനിന്ന് ചോർന്നുപോകുമെന്നർഥം.

## ഇസ്‌ലാം; സ്രഷ്ടാവിന്റെ സന്ദേശം

പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ട് എന്ന ബോധം ജീവിതത്തെ സംബന്ധിച്ച് സുപ്രധാനമാണ്. ഈ ബോധത്തിൽ ഊന്നുന്ന ജീവിതദർശനം കണ്ടെത്തുകയും അതനുസരിച്ച് ജീവിക്കുകയുമാണ് മനുഷ്യന്റെ ആത്യന്തിക കടമ. ഇതിന് ആദ്യവും അവസാനവുമായി വേണ്ടത് സ്രഷ്ടാവിനെ തിരിച്ചറിയുകയാണ്. മനുഷ്യനെ സൃഷ്ടിക്കുകയും അവന് നിയതമായ ഒരു ജീവിതം നൽകുകയും ആ ജീവിതത്തെ വിനിയോഗിക്കാനാവശ്യമായ നിർദേശങ്ങൾ അവതരിപ്പിക്കുകയും ചെയ്ത സർവശക്തനാണ് ആ സ്രഷ്ടാവ്.

സ്രഷ്ടാവിലുള്ള വിശ്വാസം അതിന്റെ ശരിയായ രൂപത്തിൽ ആയിരുന്നില്ലെങ്കിൽ നിഷ്ഫലമായ ഒരു സങ്കൽപം മാത്രമായി

രിക്കും അത്. വിശ്വാസത്തിന്റെ ഋജുവായ രൂപം പഠിപ്പിക്കുന്നതിന് ഇസ്‌ലാം സവിശേഷമായ പരിഗണന നൽകുന്നു. ഈ അധ്യാപനത്തിൽ ഇസ്‌ലാമിനോളം കൃത്യത മറ്റൊരു മതത്തിനുമില്ല എന്നത് വസ്തുതയാണ്. വിശ്വാസം ശരിയാകാത്തിടത്ത് കർമങ്ങളും മൂല്യങ്ങളും നിഷ്ഫലമായിരിക്കുക സ്വാഭാവികമാണ്. ആരാധനക്കർഹൻ അല്ലാഹു മാത്രമാണ് എന്നത് ഇസ്‌ലാമിന്റെ കാതലാണ്. ആരാധ അല്ലാഹുവല്ലാത്തവർക്ക് സമർപ്പിക്കൽ അക്ഷന്തവ്യമായ അപരാധമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. അത് കർമങ്ങളെയെല്ലാം നിഷ്ഫലമാക്കിക്കളയുമെന്ന് വിശുദ്ധ ക്വുർആൻ മുന്നറിയിപ്പ് നൽകുന്നുണ്ട്.

"തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും" (39:65).

ഇസ്‌ലാം വിശ്വാസത്തെ സവിശേഷമയ ഒരു അറിവും അനുഭവവുമാക്കുന്നു. ഏകദൈവാദർശത്തെ ഒരു വിജ്ഞാന ശാഖയായി പണ്ഡിതന്മാർ വിശദീകരിക്കുന്നത് അതുകൊണ്ടാണ്. 'ഇൽമുത്തൗഹീദ്' അഥവാ ഏകദൈവാദർശ വിജ്ഞാനം വിശ്വാസത്തിന്റെ

**സ്രഷ്ടാവിലുള്ള വിശ്വാസം അതിന്റെ ശരിയായ രൂപത്തിൽ ആയിരുന്നില്ലെങ്കിൽ നിഷ്ഫമായ ഒരു സങ്കൽപം മാത്രമായിരിക്കും അത്. വിശ്വാസത്തിന്റെ ഋജുവായ രൂപം പഠിപ്പിക്കുന്നതിന് ഇസ്‌ലാം സവിശേഷമായ പരിഗണന നൽകുന്നു. ഈ അധ്യാപനത്തിൽ ഇസ്‌ലാമിനോളം കൃത്യത മറ്റൊരു മതത്തിനുമില്ല എന്നത് വസ്തുതയാണ്. വിശ്വാസം ശരിയാകാത്തിടത്ത് കർമങ്ങളും മൂല്യങ്ങളും നിഷ്ഫലമായിരിക്കുക സ്വാഭാവികമാണ്. ആരാധനക്കർഹൻ അല്ലാഹു മാത്രമാണ് എന്നത് ഇസ്‌ലാമിന്റെ കാതലാണ്. ആരാധ അല്ലാഹുവല്ലാത്തവർക്ക് സമർപ്പിക്കൽ അക്ഷന്തവ്യമായ അപരാധമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു**

ബാലിശതകളിൽനിന്നും കേവലതകളിൽ നിന്നുമുള്ള സുരക്ഷിതത്വം നൽകാൻ സഹായകമാണ്. വിശുദ്ധ ക്വുർആനും പ്രവാചക വചനങ്ങളും ഈ വിജ്ഞാനത്തിന്റെ നാനാവശങ്ങൾ വ്യക്തമാക്കിത്തരുന്നുണ്ട്.

സ്രഷ്ടാവിൽ വിശ്വസിക്കുമ്പോൾ ആ സ്രഷ്ടാവിന്റെ താൽപര്യപ്രകാരമുള്ള ജീവിതം നയിക്കുകയെന്നതാണ് വിശ്വാസാധിഷ്ഠിതമായ ജീവിതത്തിന്റെ അടിത്തറ. ജീവിതം അതിന്റെ ദിശയിലും വിശ്വാസം അതിന്റെ ദിശയിലും നീങ്ങുകയും ജീവിതത്തെ സ്വാധീനിക്കുന്ന തരത്തിൽ വിശ്വാസം ഉപയോഗിക്കപ്പെടാതിരിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ടായിക്കൂടാ. വ്യക്തിയുടെ ജീവിതത്തിലും സമൂഹത്തിലും സാഹചര്യത്തിലും വിപുലമായ സ്വാധീനം ചെലുത്തുകയും വാക്കുകളെയും വികാരങ്ങളെയും വിചാരങ്ങളെയും സ്വാധീനിക്കുകയും ചെയ്യുന്ന തരത്തിൽ വിശ്വാസം മനുഷ്യനിൽ രൂഢമൂലമാകേണ്ടതുണ്ട്.

കർമങ്ങളിലേക്കുള്ള പ്രേരണകൾ വിശ്വാസത്തിൽനിന്നും ലഭിച്ചില്ലെങ്കിൽ വിശ്വാസം കേവലം മാനസികമായ പ്രവൃത്തി മാത്രമായിത്തീരും. "എന്നാൽ വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവരെ നാംകീഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ പ്രവേശിപ്പിക്കുന്നതാണ്. അവരതിൽ നിത്യവാസികളായിരിക്കും. അല്ലാഹുവിന്റെ സത്യമായ വാഗ്ദാനമാണത്. അല്ലാഹുവേക്കാൾ സത്യസന്ധമായി സംസാരിക്കുന്നവൻ ആരുണ്ട്?" (ക്വുർആൻ 4:122).

ഇതുപോലെ 'വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിച്ചവരും' എന്ന് വിശുദ്ധ ക്വുർആൻ പലയിടങ്ങളിൽ പറഞ്ഞിട്ടുള്ളതായി കാണാം. സൽകർമങ്ങൾ ശരിയായ വിശ്വാസത്തിന്റെ അനിവാര്യഫലങ്ങളാണ് എന്ന് ഇതിലൂടെ ക്വുർആൻ പഠിപ്പിക്കുകയാണ്. കർമങ്ങൾ സൽകർമങ്ങളെന്ന് വിശേഷിപ്പിക്കപ്പെടുന്നവയല്ലെങ്കിൽ വിശ്വാസം അതിന്റെ ശരിയായ അർഥത്തിലായിരിക്കണമെന്നില്ല. ശരിയായ വിശ്വാസം ഇല്ലാത്തവരിൽനിന്ന് സൽകർമങ്ങളും ശരിയായ ജീവിതരീതികളും പ്രകടമാവുകയില്ല.



### സ്രഷ്ടാവിന്റെ സന്ദേശം

ദൈവദൂതന്മാരുടെ ഒരു പരമ്പര

**ചരിത്രപഠനം വിശ്വാസികൾക്ക് പ്രാർഥനക്കും പരിശ്രമത്തിനും പ്രചോദനം നൽകുന്നതോടൊപ്പം അല്ലാഹുവിലുള്ള വിശ്വാസവും പ്രതീക്ഷയും സുശക്തമാക്കുകയും കൂടി ചെയ്യുന്നു. പ്രതിസന്ധികളിൽ ആത്മധൈര്യം കൈവിടാതെ, പ്രതീക്ഷയോടെ മുന്നേറുവാൻ മുൻകാലചരിത്രം വിശ്വാസികളെ സഹായിക്കുന്നു. താൻ അനുഭവിക്കുന്നതിനെക്കാൾ എത്രയോ ക്രൂരവും കഠിനവുമായ കഷ്ടതകളും പ്രയാസങ്ങളും തന്റെ മുൻഗാമികൾ സഹിച്ചുവെന്ന് അറിയുന്ന സത്യവിശ്വാസി, അപ്പോഴൊക്കെ നേരിന്റെ പക്ഷത്തുണ്ടായവർ ന്യൂനപക്ഷമായിരുന്നിട്ടും ഭൗതികസൗകര്യങ്ങൾ കുറവായിരുന്നിട്ടും അല്ലാഹുവിന്റെ സഹായവും ആത്യന്തികവിജയവും അവർക്കായിരുന്നുവെന്ന യാഥാർഥ്യം തിരിച്ചറിയുകയും ചെയ്യുന്നു.**

തന്നെ ഈ ഭൂമുഖത്ത് വന്നുപോയിട്ടുള്ളത് മനുഷ്യരാശിയെ സ്രഷ്ടാവിന്റെ സന്ദേശങ്ങൾ പഠിപ്പിക്കുവാനാണ്. മനുഷ്യമനസ്സിൽ തോന്നുന്ന ആശയങ്ങളും സങ്കൽപങ്ങളും ദൈവത്തിന്റെ പേരിൽ ആരോപിക്കുന്ന പ്രവണതക്കെതിരായ ശക്തമായ താക്കീതോടുകൂടിയാണ് ഇസ്‌ലാം സ്രഷ്ടാവിന്റെ യഥാർഥ സന്ദേശങ്ങളെ പരിചയപ്പെടുത്തിയിട്ടുള്ളത്.

എല്ലാ പ്രവാചകന്മാരും ജനങ്ങളെ ഉദ്ബോധിപ്പിച്ചിട്ടുള്ളത് സ്രഷ്ടാവിന് സമ്പൂർണമായി വഴിപ്പെട്ടു ജീവിക്കുവാനാണ്. അതാണ് ഇസ്‌ലാം. ജീവിത പരിശുദ്ധി അതിന്റെ എല്ലാ അർഥത്തിലും മനുഷ്യൻ കാത്തുസൂക്ഷിക്കേണ്ടതുണ്ട്. അല്ലാഹുവും അവന്റെ അന്തിമദൂതനും കാണിച്ചുതന്ന പാതയിൽനിന്ന് വ്യതിചലിക്കാതെ ജീവിക്കൽ സത്യവിശ്വാസിയുടെ കടമയാണ്. വിശ്വാസകാര്യങ്ങളും കർമപരമായ കാര്യങ്ങളും വിധിവിലക്കുകളും പെരുമാറ്റ-സംസാര മര്യാദകളുമെല്ലാം ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. ജീവിതത്തിൽ മനുഷ്യൻ പാലിക്കേണ്ടതായി ഇസ്‌ലാം അനുശാസിക്കുന്ന ഓരോ കാര്യവും വ്യക്തിക്കും കുടുംബത്തിനും സമൂഹത്തിനുമെല്ലാം ഗുണകരം മാത്രമാണ്.

### ഇസ്‌ലാമും ചരിത്രവും

മനുഷ്യരാശിയുടെ ആവിർഭാവത്തെയും അതിനു പിന്നിലുള്ള ലക്ഷ്യങ്ങളെയും കൃത്യമായി പഠിപ്പിച്ചുകൊണ്ട് ഇസ്‌ലാം ചരിത്രത്തെ സ്രഷ്ടാവുമായി ബന്ധിപ്പിക്കുന്നു. മനുഷ്യരാശിയുടെ ആദ്യബിന്ദു മുതൽ ആരംഭിക്കുന്ന ഒരു ബന്ധം സ്രഷ്ടാവുമാ യി മനുഷ്യനുണ്ട് എന്ന് പഠിപ്പിക്കുന്ന വിശുദ്ധ ക്വുർആൻ, ഭൗതിക ദർശനങ്ങൾ ഊന്നിപ്പറയുന്ന മനുഷ്യന്റെ 'സർവതന്ത്ര സ്വതന്ത്രത' എന്ന ചിന്താഗതിയെ തള്ളിക്കളയുകയാണ് ചെയ്യുന്നത്.

സ്രഷ്ടാവിലുള്ള മനുഷ്യന്റെ എക്കാലത്തെയും വിശ്വാസത്തിന് കേവലം ഒരു സങ്കൽപം, ഭാവന എന്നതിലപ്പുറം ചില തലങ്ങളുണ്ട്. ആദിമ മനുഷ്യൻ മുതൽ ആരംഭിക്കുന്ന മനുഷ്യപരമ്പരയുടെ ഇന്നലെകളിലെവിടെയും മനുഷ്യന്റെ സ്രഷ്ടാവ് അവനിൽനിന്ന് അകന്നു നിൽക്കുകയോ മനുഷ്യനെ സർവതന്ത്ര സ്വതന്ത്രനാക്കി വിടുകയോ ചെയ്തിട്ടില്ലെന്ന സത്യം പൂർവകാലത്തെക്കുറിച്ചുള്ള വിവരണങ്ങളിലൂടെ വിശുദ്ധക്വുർആൻ മനസ്സിലാക്കിത്തരുന്നുണ്ട്. മുൻ സമുദായങ്ങളുടെ ചരിത്രങ്ങൾ വിവരിക്കുകവഴി ചരിത്രത്തെ സ്രഷ്ടാവിന്റെ ഇടപെടലുകളുടെ അടയാളമായി ക്വുർആൻ പരിചയപ്പെടുത്തുകയാണ് ചെയ്യുന്നത്.

ക്വുർആനിലെ പ്രഥമ അധ്യായമായ അൽഫാതിഹയിൽ മുൻകാലചരിത്രത്തിലേക്ക് സൂചനകൾ നൽകുന്നതോടൊപ്പം ചരിത്രപഠനത്തിലൂടെ ഒരു വിശ്വാസി എത്തിച്ചേരേണ്ട ലക്ഷ്യത്തെക്കുറിച്ച് കൂടി സൂചിപ്പിക്കുന്നുണ്ട്. "ഞങ്ങളെ നീ നേർമാർഗത്തിൽ ചേർക്കേണമേ. നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ. കോപത്തിന്ന് ഇരയായവരുടെ മാർഗത്തിലല്ല. പിഴച്ചുപോയവരുടെ മാർഗത്തിലുമല്ല" (1:6,7).

ചരിത്രപഠനം വിശ്വാസികൾക്ക് പ്രാർഥനക്കും പരിശ്രമത്തിനും പ്രചോദനം നൽകുന്നതോടൊപ്പം അല്ലാഹുവിലുള്ള വിശ്വാസവും പ്രതീക്ഷയും സുശക്തമാക്കുകയും കൂടി ചെയ്യുന്നു. പ്രതിസന്ധികളിൽ ആത്മധൈര്യം കൈവിടാതെ, പ്രതീക്ഷയോടെ മുന്നേറുവാൻ മുൻകാലചരിത്രം വിശ്വാസികളെ സഹായിക്കുന്നു.

താൻ അനുഭവിക്കുന്നതിനെക്കാൾ എത്രയോ ക്രൂരവും കഠിനവുമായ കഷ്ടതകളും പ്രയാസങ്ങളും തന്റെ മുൻഗാമികൾ സഹിച്ചുവെന്ന് അറിയുന്ന സത്യവിശ്വാസി, അപ്പോഴൊക്കെ നേരിന്റെ പക്ഷത്തുണ്ടായവർ ന്യൂനപക്ഷമായിരുന്നിട്ടും ഭൗതികസൗകര്യങ്ങൾ കുറവായിരുന്നിട്ടും അല്ലാഹുവിന്റെ സഹായവും ആത്യന്തികവിജയവും അവർക്കായിരുന്നുവെന്ന യാഥാർഥ്യം തിരിച്ചറിയുകയും ചെയ്യുന്നു.

നംറൂദും ഫിർഔനും ക്വാറൂനും ഹാമാനും തുടങ്ങി അതിക്രൂരന്മാരും ധിക്കാരികളുമായവരെ നശിപ്പിച്ച സർവശക്തനായ അല്ലാഹുവിന്റെ മുന്നിൽ എത്ര വലിയ ശത്രുവും നിസ്സാരന്മാരാണെന്ന് മനസ്സിലാക്കുവാനും അല്ലാഹുവിൽ സർവസ്വവും ഭരമേൽപിച്ച് പ്രാർഥനാനിർഭരമായ മനസ്സുമായി അവനിലേക്ക് തിരിയുവാനും ചരിത്രപഠനം വിശ്വാസിയെ പ്രേരിപ്പിക്കുന്നു.

“അവർ ഭൂമിയിലൂടെ സഞ്ചരിച്ചിട്ട് തങ്ങളുടെ മുൻഗാമികളുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കിയില്ലേ? അവർ ഇവരെക്കാൾ മികച്ച ശക്തിയുള്ളവരായിരുന്നു. ആകാശങ്ങളിലും ഭൂമിയിലുമുള്ള യാതൊന്നിനും അല്ലാഹുവെ തോൽപിക്കാനാവില്ല. തീർച്ചയായും അവൻ സർവജ്ഞനും സർവശക്തനുമാകുന്നു”(35:44).

## ജാഗ്രതയോടെയുള്ള ജീവിതം

സ്രഷ്ടാവിന്റെ കൽപനകൾ അനുസരിക്കുകയും വിലക്കുകൾ പാലിക്കുകയും ചെയ്തുകൊണ്ട് ജീവിക്കുവാനാണ് ഇസ്‌ലാമിന്റെ ആഹ്വാനം. അഥവാ തെറ്റുകുറ്റങ്ങളിൽ അകപ്പെടുന്നത് സൂക്ഷിച്ച്, ജാഗ്രതയോടെ ജീവിക്കുക. അതാണ് ‘തക്‌വ.’ സ്രഷ്ടാവിന്റെ കൽപനകളിൽനിന്ന് വിധികളും സ്രഷ്ടാവിന് അഹിതമായവയെക്കുറിച്ചുള്ള മുന്നറിയിപ്പുകളിൽനിന്ന് വിലക്കുകളും ആവിർഭവിക്കുന്നു. ഇത്തരം വിധിവിലക്കുകളും കൽപനകളും നിഷേധങ്ങളും മനുഷ്യജീവിതത്തെ നിയന്ത്രിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നു. ജീവിതം പാഴായിപ്പോകുന്നതിൽ നിന്നും തടയുന്നു.

മനുഷ്യന് ജീവിതം നൽകുകയും അവനെ നിയന്ത്രിക്കുകയും സംരക്ഷിക്കുയും ഒട്ടേറെ അനുഗ്രഹങ്ങൾ നൽകുകയും ചെയ്ത ഏറ്റവും കാരുണ്യവാനും ഔദാര്യവാനുമായവന്റെ അനുഗ്രഹങ്ങളിൽ ഏറ്റവും പ്രഥമവും പ്രധാനവുമാണ് അവൻ മനുഷ്യരാശിക്ക് നിർദേശിച്ചിട്ടുള്ള എല്ലാ വിധികളും വിലക്കുകളുമെന്ന് മനസ്സിലാക്കേണ്ടതുണ്ട്. ഈ തിരിച്ചറിവാണ് വിശ്വാസിയെ ഒരു ഉത്തമ മനുഷ്യനാക്കി മാറ്റുന്നത്.

## പരലോകമെന്ന യാഥാർഥ്യം

ഹ്രസ്വമായ ഭൗതികജീവിതത്തെ അതിന്റെ ഹ്രസ്വതയിൽ തന്നെ എപ്പോഴും ഏറ്റവും ആസ്വാദ്യകരമാക്കിത്തീർക്കുക എന്നതാണ് മതനിരാസകരുടെ ലക്ഷ്യം. എന്നാൽ അതിന് ആർക്കും സാധിക്കാറില്ല. സാധിക്കുകയുമില്ല. കാരണം ജീവിതം സുഖ-ദുഃഖ സമ്മിശ്രമാണ്. അതിൽ വിജയവും പരാജയവുമുണ്ടാകും. നേട്ടങ്ങളും നഷ്ടങ്ങളുമുണ്ടാകും. ഫലപ്രദമെന്ന് ഒരു ഉറപ്പുമില്ലാത്ത പരിശ്രമമാണ് മതനിരാസകരായ ഭൗതികവാദികൾ നടത്തുന്നത്. അതേസമയം പരലോകവിശ്വാസം ഒരനിവാര്യഘടകമായി ഉയർത്തിക്കാട്ടുന്ന ഇസ്‌ലാം മനുഷ്യരെ ഹ്രസ്വമായ ജീവിതം സ്രഷ്ടാവിന്റെ കൽപനകൾക്കനുസരിച്ച് വിനിയോഗിച്ച് അനശ്വരമായ പരലോക വിജയത്തിലേക്ക് ആനയിക്കുകയാണ്. പരലോക വിജയത്തിനായി പ്രയത്നിക്കുവാൻ ഇസ്‌ലാം നൽകുന്ന പ്രേരണ മനുഷ്യജീവിതത്തോടുള്ള സ്രഷ്ടാവിന്റെ ദയാപൂർണമായ അനുഭാവത്തിന്റെ തെളിവുകൂടിയാണ്. ഇമവെട്ടിത്തുറക്കും മുമ്പ് മനുഷ്യനിൽനിന്ന് നഷ്ടപ്പെട്ടുപോകുന്ന ഒരു സ്വപ്നമാകാതെ ജീവിതത്തെ സംരക്ഷിക്കുന്ന കരുത്തുറ്റ ഒരാശയമാണ് ഇസ്‌ലാം മുന്നോട്ട് വെക്കുന്ന പരലോകവിശ്വാസമെന്ന് മനുഷ്യർ തിരിച്ചറിയേണ്ടതുണ്ട്.

“(നബിയേ) നീ അവർക്ക് ഐഹിക ജീവിതത്തിന്റെ ഉപമ വിവരിച്ചുകൊടുക്കുക: ആകാശത്തുനിന്ന് നാം വെള്ളമിറക്കി. അതുമൂലം ഭൂമിയിൽ സസ്യങ്ങൾ ഇടകലർന്നു വളർന്നു. താമസിയാതെ അത് കാറ്റുകൾ പറത്തിക്കളയുന്ന തുരുമ്പായിത്തീർന്നു. (അതുപോലെയത്രെ ഐഹിക ജീവിതം). അല്ലാഹു ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു” (18:45).

**മനുഷ്യന് ജീവിതം നൽകുകയും അവനെ നിയന്ത്രിക്കുകയും സംരക്ഷിക്കുയും ഒട്ടേറെ അനുഗ്രഹങ്ങൾ നൽകുകയും ചെയ്ത ഏറ്റവും കാരുണ്യവാനും ഔദാര്യവാനുമായവന്റെ അനുഗ്രഹങ്ങളിൽ ഏറ്റവും പ്രഥമവും പ്രധാനവുമാണ് അവൻ മനുഷ്യരാശിക്ക് നിർദേശിച്ചിട്ടുള്ള എല്ലാ വിധികളും വിലക്കുകളുമെന്ന് മനസ്സിലാക്കേണ്ടതുണ്ട്. ഈ തിരിച്ചറിവാണ് വിശ്വാസിയെ ഒരു ഉത്തമ മനുഷ്യനാക്കി മാറ്റുന്നത്.**

## ഇസ്‌ലാമും സദാചാരവും

ദൈവവിശ്വാസത്തിന്റെ പ്രേരണയും പിൻബലവുമാണ് ഇസ്‌ലാം പഠിപ്പിക്കുന്ന സദാചാരത്തെ ശക്തമാക്കുന്നത്. മനുഷ്യന്റെ പ്രവർത്തനങ്ങളെ ശക്തമായി സ്വാധീനിക്കുന്ന ചില ഘടകങ്ങളില്ലെങ്കിൽ എത്ര സുന്ദരമായ തത്ത്വശാസ്ത്രമായിരുന്നാലും മനുഷ്യർക്ക് പെട്ടെന്ന് സ്വീകരിക്കാൻ സാധിച്ചുവെന്നുവരില്ല. ഇസ്‌ലാമിക സദാചാരം സ്വർഗപ്രാപ്തിയോടൊപ്പം സാമൂഹ്യ സുരക്ഷിതത്വം, വ്യക്തിവികാസം, മനുഷ്യപുരോഗതി തുടങ്ങിയ ബഹുവിധ ലക്ഷ്യങ്ങളും കരഗതമാക്കുന്നതാണ്. യുക്തിവാദികളുടെ യുക്തിരഹിതമായ സദാചാര സങ്കൽപത്തിനു വെല്ലുവിളിയായി നിലകൊള്ളുന്നത് ഇസ്‌ലാം മാത്രമാണ്. സദാചാരത്തെക്കുറിച്ചുള്ള യുക്തിവാദവീക്ഷണവും ഇസ്‌ലാമികവീക്ഷണവും പരിശോധനാവിധേയമാക്കിയാൽ ഇക്കാര്യം വ്യക്തമാകും.

സമൂഹത്തിന്റെ നിരീക്ഷണത്തിനു മുന്നിൽ കൃത്രിമവും വികലവുമായ സദാചാരം പാലിക്കാൻ ആവശ്യപ്പെടുന്ന നാസ്തിക സദാചാരത്തിനു പകരം സദാസമയവും തന്നെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു ശക്തിയെ ഓർത്തുകൊണ്ട് സമൂഹത്തിന്റെ ദൃഷ്ടികളിൽ നിന്ന് അകന്നു നിൽക്കുന്ന അവസ്ഥയിൽ പോലും സദാചാരനിഷ്ഠ പുലർത്തുവാനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. വ്യക്തിക്കും സമൂഹത്തിനും ഇതുകൊണ്ട് ഗുണമല്ലാതെ മറ്റൊന്നും വരാനില്ല. മനുഷ്യർ ഒന്നാവാനും നന്നാവാനും ഈ ശാശ്വതമൂല്യങ്ങൾ മുറുകെ പിടിച്ചാൽ മതി. ■



# അലിവിലേക്ക് തുറക്കുന്ന ജാലകങ്ങൾ

**ഇബ്നു അലി എടത്തനാട്ടുകര**

കാറിൽ മടങ്ങുകയായിരുന്നു ഞങ്ങൾ. സർക്കാർ പദ്ധതിയിൽ കിട്ടിയ വീടുപണി ഏകദേശം പൂർത്തിയായിട്ടുണ്ട്. താമസിക്കാൻ ആയിട്ടില്ല. കക്കൂസും കുളിമുറിയും ഒന്നിച്ചുള്ള കൊച്ചുമുറിയിൽ ആവശ്യമുള്ള സാധനങ്ങൾ ഫിറ്റ് ചെയ്ത് ഉപയോഗിക്കാൻ പരുവത്തിൽ ആക്കിത്തരണം എന്നാവശ്യപ്പെട്ട ഒരു കുടുംബത്തെ കാണാനായിരുന്നു ഞങ്ങൾ പോയിരുന്നത്. വാതിലുകൾ ഇല്ല, അതും വേണം. അടുക്കളക്ക് ഒരു ഷെഡ് കൂടി വേണം. അതൊക്കെ ചെയ്തു കൊടുക്കാം എന്നും ആവശ്യമായ ജനാലകൾ കൂടി ഫിറ്റ് ചെയ്തു കൊടുക്കാം എന്നും അറിയിച്ചാണ് മടക്കം. അടുത്ത മഴക്കാലത്തിന് മുമ്പെങ്കിലും ചോർന്നൊലിക്കുന്ന ഷെഡിൽ നിന്ന് അവർക്ക് പുതിയ വീട്ടിൽ താമസിക്കാൻ കഴിയട്ടെ.

കടയിൽനിന്ന് റെഡിമെയ്ഡ് വാതിലുകൾ തിരഞ്ഞെടുത്ത് കാശും കൊടുത്ത് ഫിറ്റ് ചെയ്യാൻ ഏൽപിച്ചു. ജനാലക്ക് കടയിൽ റേറ്റ് കൂടുതൽ. ആ നിരക്കിലും കുറച്ച് ചെയ്യാൻ സാധിക്കും എന്നു പറഞ്ഞ് സുഹൃത്ത് കടയിൽ നിന്ന് ഇറങ്ങി. പരിചയമുള്ള ഒരു പണിക്കാരൻ ഉണ്ട്, അവനെക്കൊണ്ട് ചെയ്യിക്കാം എന്ന് ഉറപ്പിച്ചു പറഞ്ഞു. കടയിലെ വിലയെക്കാൾ കുറച്ച് പണിയാൻ പറ്റുമോ എന്ന് ഞങ്ങൾ സംശയം പ്രകടിപ്പിച്ചപ്പോൾ, ആ റേറ്റിൽ ചെയ്യിച്ചിട്ടുണ്ട് എന്ന് അദ്ദേഹം പറഞ്ഞു.

അങ്ങനെയാണ് ആ അനുഭവം പങ്കുവെച്ചത്: അറവിന് ഉരുവിനെ വാങ്ങാൻ വേണ്ടി പോയതാണ് സുഹൃത്ത്. അപ്പോൾ പരിസരത്ത് ചുമര് ചെത്തിത്തേക്കാത്ത ഒരു വീട് കണ്ടു. എല്ലാ ജനാലയിലും വില കുറഞ്ഞ തുണി കർട്ടൻ ആയി കെട്ടി മറച്ചിരിക്കുന്നു. ജനാലകൾക്ക് അടപ്പ് ഇല്ലെന്ന് സാരം.


കുടിക്കാൻ വെള്ളം ആവശ്യപ്പെട്ട് സുഹൃത്ത് ആ വീട്ടിൽ ചെന്നു. വീടിന്റെ അവസ്ഥ അറിയുകയായിരുന്നു ഉദ്ദേശ്യം. വീട്ടിൽ കുറെ കുട്ടികൾ. വീട്ടുകാരിയോടു ചോദിച്ചപ്പോൾ ആറ് മക്കൾ ഉണ്ടെന്ന് അറിഞ്ഞു. ആറും പെൺമക്കൾ. മൂത്ത മോൾക്ക് പതിനെട്ട് വയസ്സ് കാണും. ബാക്കി അഞ്ചും അവൾക്കു താഴെ.

ഭർത്താവിന് കൂലിപ്പണിയാണ്. അദ്ദേഹം അപ്പോൾ വീട്ടിലുണ്ടായിരുന്നില്ല. കൂലിപ്പണിയിൽ നിന്ന് ചെലവ് ചുരുക്കി മിച്ചം വെച്ച പണം ഒരുക്കൂട്ടിയതുകൊണ്ടാണ് വീടുപണി തുടങ്ങിയത്. അപ്പോഴേക്കും ഒരു പരുവമായി. പണി പൂർത്തിയാക്കാൻ വേറെ കാശ് ഉണ്ടാക്കിയിട്ടുവേണം. വീട്ടിൽ അംഗസംഖ്യ കൂടിയതുകൊണ്ട് വീട്ടു ചെലവ് നടത്തിയ ശേഷം ബാക്കി വെക്കാൻ പറ്റുന്നുമില്ല. അതുകൊണ്ടാണ് തുണി ഉപയോഗിച്ച് ജനാലകൾ മറച്ച് എട്ടുപേർ അവിടെ താമസിക്കുന്നത്.

പിറ്റേദിവസം വീട്ടുകാരനുള്ള നേരം നോക്കി സുഹൃത്ത് ചെന്നു. പരിചയപ്പെട്ടു, കര്യങ്ങൾ മനസ്സിലാക്കി. ആ വീടിന്റെ ചുമര് മുഴുവൻ സിമന്റ് പ്ലാസ്റ്റർ ചെയ്തു കൊടുക്കാനും ജനലുകൾക്ക് അടപ്പ് പണിത് ഫിറ്റ് ചെയ്ത് കൊടുക്കാനും ഉദ്ദേശിക്കുന്നു എന്നും എന്താണ് അഭിപ്രായം എന്ന് ആരാഞ്ഞു. കേട്ടതും ആ സാധു കരഞ്ഞുപോയി.

അങ്ങനെയാണ് ജനാലയുടെ വില വിവരം സുഹൃത്ത് പഠിച്ചത്. പറഞ്ഞതിൽ കൂടുതൽ പണികൾ സുഹൃത്ത് ആ വീട്ടിൽ ചെയ്തു കൊടുക്കുകയും ചെയ്തു. പ്രയാസപ്പെടുന്ന കാഴ്ചകൾ ചിലരുടെ മനസ്സിനെ വേദനിപ്പിക്കും. ചിലരുടെ മാത്രം!

എന്തെങ്കിലും സഹായം ചെയ്തു കൊടുക്കണം എന്ന് അവരുടെ മനസ്സ് മന്ത്രിച്ചുകൊണ്ടേയിരിക്കും. ഭൂതകാലത്തിൽ ദുരിത ജീവിതം നയിക്കുകയും അത് മറക്കാതിരിക്കുകയും ചെയ്യുന്നവന് എന്നും അലിവുള്ളൊരു മനസ്സ് ഉണ്ടായിരിക്കും. അവന് അപരന്റെ നോവ് കണ്ടുകൊണ്ട് നിൽക്കാൻ കഴിയില്ല. കഴിയുന്ന സഹായം ചെയ്തിരിക്കും, പുറമെ ആരും അറിയാതെ തന്നെ. അർഹിക്കുന്ന ഒരാളെ സഹായിക്കുമ്പോൾ കിട്ടുന്ന സംതൃപ്തിയേക്കാൾ സന്തോഷദായകമായ മറ്റെന്തുണ്ട്...? ■



# 'വെളുക്കാൻ തേച്ചത്...'

**കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ**
: 9947452245

'വെളുക്കാൻ തേച്ചത് പാണ്ടായി' എന്നൊരു ചൊല്ലുണ്ട്. ഇത് ഇക്കാലത്ത് നാമെല്ലാവരും ശ്രദ്ധിക്കേണ്ടതാണ് എന്ന് ഓർമിപ്പിക്കാനാണ് ഈ കുറിപ്പ്. ഇസ്‌ലാംമത വിശ്വാസികളും അവർ ഉൾക്കൊള്ളുന്ന വിവിധ കൂട്ടായ്മകളും എന്ത് അഭിപ്രായഭിന്നതകളുണ്ടെങ്കിലും ഒരേയൊരു ലക്ഷ്യത്തിനു വേണ്ടിയാണ് ജീവിക്കേണ്ടതും പ്രവർത്തിക്കേണ്ടതും. ഈ ലോകത്ത് അല്ലാഹു തൃപ്തിപ്പെട്ടുതന്നവിധം ജീവിക്കുക, പരലോക ജീവിതം സുരക്ഷിതമാക്കുക ഇതാണാ പ്രഖ്യാപിത ലക്ഷ്യം. ഒരാൾക്കും മറ്റൊരാളെ രക്ഷിക്കാൻ കഴിയാത്തതും അവനവന്റെ ചെയ്തികളുടെ മാത്രം ഗുണദോഷങ്ങൾ സ്വയം അനുഭവിക്കേണ്ടി വരികയും ചെയ്യുന്ന പരലോകത്തിൽ വിശ്വസിക്കുന്നവരാണ് ഇപ്പറഞ്ഞവരെല്ലാം. അതുകൊണ്ട്തന്നെ, തന്റെ ആത്മമോചനത്തിനു വേണ്ടി ഓരോരുത്തരും തെരഞ്ഞെടുക്കുന്ന വഴി നേരിന്റേതു തന്നെയാണെന്ന് സ്വയം ബോധ്യപ്പെടുകതന്നെ വേണം.

സ്വർഗത്തിന്റെ കവാടം മനുഷ്യനു മുമ്പിൽ കാരുണ്യവാനായ അല്ലാഹു തുറന്നുവച്ചിട്ടുണ്ട്. മനുഷ്യ ജീവിതത്തിന്റെ കുറഞ്ഞ ആയുസ്സിനിടയിൽ, റബ്ബിന്റെ നിയമനിബന്ധനകൾ പാലിച്ചു നേർവരിയിൽ നിന്നാലേ സ്വർഗത്തിലെത്തൂ. മരണത്തോടെ ആ വാതിൽ അടയ്ക്കപ്പെടും. പിന്നെ അല്ലാഹുവിന്റെ കാരുണ്യം മാത്രമാണ് ശരണം. ജീവിതകാലത്ത് ധിക്കാരവും താൻപോരിമയും കിടമത്സരവും അപരവൈരവും കാണിച്ചു ജീവിച്ചാൽ ആ കാരുണ്യം ലഭിക്കുകയില്ല എന്നുതന്നെയാണ് മതം മനുഷ്യനെ പഠിപ്പിക്കുന്നത്. മാത്രമല്ല അവർക്ക് മുന്നിൽ സ്വർഗവാതിൽ അവൻ അടക്കുകയും ചെയ്യും.

ഇപ്പറഞ്ഞ ഇഹപര വിജയം സ്വയം നേടാനും മറ്റുള്ളവർക്ക് നേടിക്കൊടുക്കാനുമാണ് നബിമാർ ശ്രമിച്ചത്. അതിനാണവർ പലതും ത്യജിച്ചത്. ആ വഴിയുടെ പിന്തുടർച്ചക്കാരാവണം മതകൂട്ടായ്മയിൽ കഴിയുന്നവരെല്ലാം. അതായിരിക്കണം എല്ലാവരുടെയും ലക്ഷ്യവും മാർഗവും. മതകൂട്ടായ്മകളുടെ മഹാസംഗമങ്ങൾ അരങ്ങേറുന്ന സീസനാണ് കേരളത്തിൽ. വ്യത്യസ്ത ലേബലുകളും വിവിധ രീതികളും തന്ത്രങ്ങളും തങ്ങളുടെ കൂട്ടായ്മയിലേക്ക് ജനശ്രദ്ധ തിരിച്ചുവിടാനും പേരും പെരുമയും നേടാനും ശക്തി പ്രകടിപ്പിക്കാനും എല്ലാവരും ഉപയോഗിക്കുമെന്നത് സ്വഭാവികമാണ്. അത് പക്ഷേ, വെളുക്കാൻ തേച്ചത് പാണ്ടായി പോകാതിരിക്കാൻ ശ്രദ്ധിക്കണം.

ഇത്തരം മഹാസംഗമങ്ങൾ ആരു നടത്തിയാലും, അതിന് പണം നൽകുന്നവരും കഠിനമായ മനുഷ്യാധ്വാനം ചെലവഴിക്കുന്നവരുമായ പൊതുജനങ്ങൾ ആ ത്യാഗത്തിന് മുതിരുന്നത് നേതാക്കളുടെയും പണ്ഡിത വരേണ്യരുടെയും ആത്മാർഥതയിൽ വിശ്വാസമർപ്പിച്ചുകൊണ്ടും നാളെ പരലോകത്തേക്ക് മുതൽക്കൂട്ടാവട്ടെ എന്ന് പ്രതീക്ഷിച്ചുകൊണ്ടുമാണെന്നും മറക്കരുത്. അല്ലാഹുവിനെക്കുറിച്ചുള്ള ബോധവും ഇസ്‌ലാമിക സംസ്കാരവും ആത്മവിശുദ്ധിയും നഷ്ടപ്പെടുന്ന ഇക്കാലത്ത് ഒരു വിശ്വാസിസമൂഹത്തിന് അതിജീവിക്കാനുള്ള ഒരൊറ്റ മാർഗം ജീവിത വിശുദ്ധിയും ആത്മീയ ചിന്തയും വീണ്ടെടുക്കുക എന്നത് തന്നെയാണ്. അത് ഒരു പരിധിവരെ നാം സാക്ഷാത്കരിക്കുമ്പോൾ മാത്രമെ മനുഷ്യരുടെ പണവും അധ്വാനവും പരലോക നന്മക്ക് ഉപകരിക്കുകയുള്ളൂ.

ഇസ്‌ലാമിനെ തെറ്റിദ്ധരിച്ചവർക്ക് ആയതു തിരുത്തുവാനും അറിവില്ലായ്മയും അശ്രദ്ധയും മൂലം വഴിവിട്ട് ജീവിക്കുന്നവരെ തിരിച്ചുവിളിക്കുവാനും വിശ്വാസികളുടെ മനസ്സിൽ അറിവും ഭക്തിയും നിറക്കുവാനും പൊതുജന മനസ്സുകളിൽ മതത്തിന്റെ പ്രതാപം വർധിപ്പിക്കുവാനുമല്ല കോടികൾ മുടക്കിയ മഹാസംഗമങ്ങൾ തീർത്ത് ശക്തി പ്രകടിപ്പിക്കുന്നതെങ്കിൽ, കുടിലതകൾക്ക് വളമിട്ട് കൊടുക്കുവാനാണ് പണിയെടുക്കുന്നതെങ്കിൽ, ഇസ്‌ലാമിനെ കളിയാക്കിച്ചിരിക്കുവാനുള്ള വഴി വെച്ചുകൊടുക്കാനാണ് തന്ത്രങ്ങൾ മെനയുന്നതെങ്കിൽ, കാത്തിരിക്കുക; പരമകാരുണികനായ റബ്ബിന്റെ കോപം അകലെയല്ല. ■



ലേഖനം

അഭിമുഖം

# ഇസ്‌ലാം: പ്രബോധനം, പ്രസ്ഥാനം ചില സമകാലിക ചിന്തകൾ 2

ടി.കെ.അശ്റഫ് / ഉസ്മാൻ പാലക്കാഴി

*? ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾ ക്വുർആനും ഹദീസുമാണ്. എന്നാൽ ചേകനൂർ മൗലവി തുടങ്ങിവച്ച ഹദീസ് നിഷേധ പ്രവണത ഇന്ന് മറ്റൊരു രൂപത്തിൽ സമൂഹത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. മൊത്തത്തിൽ ഹദീസുകളെ നിഷേധിക്കാതെ തങ്ങളുടെ ബുദ്ധിക്കും യുക്തിക്കും യോജിക്കാത്തത് തള്ളിക്കളയുക എന്നതാണ് പുതിയ പ്രവണത. മുജാഹിദ് സമ്മേളനത്തിൽ ഒരു മുതിർന്ന പണ്ഡിതൻ സ്വഹീഹായ ചില ഹദീസുകളെ നിഷേധിക്കുന്ന രൂപത്തിൽ സംസാരിക്കുകയും മറ്റൊരു പണ്ഡിതൻ അതേ വേദിയിവെച്ച് ആ നിലപാടിനെ നിശിതമായി എതിർക്കുകയുമുണ്ടായി. മുജാഹദ് പ്രസ്ഥാനത്തിന്റെ ആദർശ എതിരാളികൾ സമൂഹത്തിൽ ഇതിന് വലിയതോതിൽ പ്രചാരണം നൽകിക്കൊണ്ടിരിക്കുകയാണ്.*

! നബി(സ്വ)യുടെ മക്കാജീവിത കാലഘട്ടം എടുത്താൽ അതിലെ പല കാര്യങ്ങളും വിശുദ്ധ ക്വുർആനിൽ കാണാൻ സാധിക്കില്ല. ആ കാലത്തുണ്ടായ പല സംഭവങ്ങളും വിശുദ്ധ ക്വുർആനിൽ വിശദീകരിക്കപ്പെട്ടിട്ടില്ല. ക്വുർആൻ മാത്രമെ അംഗീകരിക്കൂ എന്ന് പറയുന്നവർക്ക് അത്തരം കാര്യങ്ങൾ അറിയാൻ സാധിക്കില്ല. ഹിജ്റ സന്ദർഭത്തെക്കുറിച്ചും ഹിജ്റയുടെ വേളയിൽ നബി(സ്വ)യുടെ കൂടെയുള്ള കൂട്ടുകാരനെക്കുറിച്ചും വിശുദ്ധ ക്വുർആൻ അറിയിക്കുന്നുണ്ട്. അല്ലാഹു പറയുന്നു: “നിങ്ങൾ അദ്ദേഹത്തെ സഹായിക്കുന്നില്ലെങ്കിൽ; സത്യനിഷേധികൾ അദ്ദേഹത്തെ പുറത്താക്കുകയും അദ്ദേഹം രണ്ടുപേരിൽ ഒരാൾ ആയിരിക്കുകയും ചെയ്ത സന്ദർഭത്തിൽ അഥവാ അവർ രണ്ടുപേരും (നബിയും അബൂബക്റും) ആ ഗുഹയിലായിരുന്നപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ കൂട്ടുകാരനോട്, ദുഃഖിക്കേണ്ട, തീർ

> **അല്ലാഹുവിന് മറവിയുടെ സുജൂദ് പഠിപ്പിക്കാൻ മറവി സംഭവിപ്പിക്കാതെ തന്നെ ചെയ്യാമായിരുന്നു. എന്നിട്ടും ഈ രൂപത്തിലാണ് അല്ലാഹു ഇത് ചെയ്തത്. അപ്പോൾ ബുദ്ധിക്ക് യോജിക്കുന്നില്ല എന്നു പറഞ്ഞ് ഓരോന്നോരോന്നായി നിഷേധിച്ച് അവസാനം ഹദീസുകൾ തന്നെ വേണ്ട എന്ന് വാദിക്കലാവും ഇത്തരം നിഷേധികൾ ചെയ്യുക. മുഴുവൻ ഹദീസുകളും തള്ളുന്ന അവസ്ഥയായിരിക്കും അവർക്കുണ്ടാവുക. ഇത്തരക്കാരെ വിശ്വാസികൾ നന്നായി സൂക്ഷിക്കണം. മതം പഠിപ്പിച്ച എല്ലാ കാര്യങ്ങളും സംശയമില്ലാതെ സ്വീകരിക്കേണ്ടവരാണ് വിശ്വാസികൾ. സ്വീകാര്യമായ, സ്ഥിരീകരിക്കപ്പെട്ട ഹദീസുകൾ ബുദ്ധിക്ക് യോജിച്ചാലും ഇല്ലെങ്കിലും സ്വീകരിക്കണമെന്നതാണ് സലഫുസ്സ്വാലിഹുകളുടെ നിലപാട്.**

ച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്ന് പറയുന്ന സന്ദർഭം. അപ്പോൾ അല്ലാഹു തന്റെ വകയായുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കിക്കൊടുക്കുകയും നിങ്ങൾ കാണാത്ത സൈന്യങ്ങളെക്കൊണ്ട് അദ്ദേഹത്തിന് പിൻബലം നൽകുകയും സത്യനിഷേധികളുടെ വാക്കിനെ അവൻ അങ്ങേയറ്റം താഴ്ത്തിക്കളയുകയും ചെയ്തു. അല്ലാഹുവിന്റെ വാക്കാണ് ഏറ്റവും ഉയർന്ന് നിൽക്കുന്നത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു'' (9:40).

ഹിജ്റയുടെ കൂടുതൽ കാര്യങ്ങളും വിശദീകരിക്കപ്പെട്ടത് ഹദീഥിലാണ്. ഈ വചനത്തിൽ പറഞ്ഞ നബി(സ്വ)യുടെ കൂട്ടുകാരൻ ആരാണ്? ഹദീസ് വേണ്ട എന്ന് പറഞ്ഞാൽ എങ്ങനെയാണ് അത് മനസ്സിലാക്കാൻ സാധിക്കുക?

ഹദീസിനെ അംഗീകരിക്കുന്നതോടൊപ്പം അതിൽ ചിലതിനെ നിഷേധിക്കുന്ന രോഗമാണ് നാമിന്ന് കണ്ടുകൊണ്ടിരിക്കുന്നത്. അതിന് കാരണമായി പറയുന്നത് ഹദീസിൽ ബുദ്ധിക്ക് യോജിക്കാത്തവയും ഉണ്ടെന്നതാണ്.

അബൂഹുറയ്റ(റ)യിൽ നിന്നും നിവേദനം: “നബി(സ്വ) (നമസ്കാരത്തിൽ) രണ്ട് റക്അത്തിന് ശേഷം വിരമിച്ചു. അപ്പോൾ റസൂൽ(സ്വ)യോട് ദുൽയദൈൻ ചോദിച്ചു: ‘അല്ലയോ അല്ലാഹുവിന്റെ ദൂതരേ, നമസ്കാരം ചുരുക്കപ്പെട്ടോ, അതല്ല താങ്കൾ മറന്നോ..?’ അപ്പോൾ റസൂൽ(സ്വ) ചോദിച്ചു: ‘ദുൽയദൈൻ സത്യമാണോ പറഞ്ഞത്?’ അപ്പോൾ ജനങ്ങൾ (സ്വഹാബികൾ) പറഞ്ഞു: ‘അതെ.’ അപ്പോൾ റസൂൽ(സ്വ) എഴുന്നേറ്റ് വേറെ രണ്ട് റക്അത്ത് നമസ്കരിച്ചു സലാം വീട്ടി. പിന്നെ തക്ബീർ ചൊല്ലി (നമസ്കാരത്തിലെ) സുജൂദ് പോലെയുള്ള അല്ലെങ്കിൽ അതിനെക്കാൾ ദീർഘിച്ച സുജൂദ് ചെയ്തു.'' (മറവിയുടെ സുജൂദിന്റെ ഒരു രൂപമാണിത്).

അല്ലാഹുവിന് മറവിയുടെ സുജൂദ് പഠിപ്പിക്കാൻ ഇങ്ങനെ മറവി സംഭവിപ്പിക്കാതെ തന്നെ ചെയ്യാമായിരുന്നു. എന്നിട്ടും ഈ രൂപത്തിലാണ് അല്ലാഹു ഇത് ചെയ്തത്. അപ്പോൾ ബുദ്ധിക്ക് യോജിക്കുന്നില്ല എന്നു പറഞ്ഞ് ഓരോന്നോരോന്നായി നിഷേധിച്ച് അവസാനം ഹദീസുകൾതന്നെ വേണ്ട എന്ന് വാദിക്കലാവും ഇത്തരം നിഷേധികൾ ചെയ്യുക. മുഴുവൻ ഹദീസുകളും തള്ളുന്ന അവസ്ഥയായിരിക്കും അവർക്കുണ്ടാവുക. ഇത്തരക്കാരെ വിശ്വാസികൾ നന്നായി സൂക്ഷിക്കണം. മതം പഠിപ്പിച്ച എല്ലാ കാര്യങ്ങളും സംശയമില്ലാതെ സ്വീകരിക്കേണ്ടവരാണ് വിശ്വാസികൾ. സ്വീകാര്യമായ, സ്ഥിരീകരിക്കപ്പെട്ട ഹദീസുകൾ ബുദ്ധിക്ക് യോജിച്ചാലും ഇല്ലെങ്കിലും സ്വീകരിക്കണമെന്നതാണ് സലഫുസ്സ്വാലിഹുകളുടെ നിലപാട്.

? *കോഴിക്കോട് നടന്ന മുജാഹിദ് സമ്മേളനത്തെ അതിനിശിതമായി വിമർശിച്ചുകൊണ്ട് പൊതുസമൂഹം സാമൂഹ്യ മാധ്യമങ്ങളിലൂടെയും മറ്റും പലവിധ നിരീക്ഷണങ്ങളുമായി രംഗത്തു വന്ന ഈ സാഹചര്യത്തിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന് എന്താണ് പറയാനുള്ളത്?*

! മുജാഹിദ് പ്രസ്ഥാനത്തിൽ



**ഫാഷിസം അധികാര ദണ്ഡുപയോഗിച്ച് ന്യൂനപക്ഷങ്ങളെ, വിശിഷ്യാ മുസ്‌ലിം സമുദായത്തിനെതിരെ നിയമനിർമാണങ്ങളും ഉന്മൂലന സിദ്ധാന്തവുമായി മുന്നോട്ടുവരുന്നു. കേരളത്തിലാകട്ടെ, ഫാഷിസത്തിന്റെ ഭീഷണി ചൂണ്ടിക്കാണിച്ച് ഇനി സമുദായത്തിന് സംരക്ഷണം നൽകാൻ ഞങ്ങൾ മാത്രമേയുള്ളൂ എന്ന പ്രതീതിയുണ്ടാക്കി സ്വതന്ത്ര വാദത്തിന്റെ അതിരുകളില്ലാത്ത ലോകത്തേക്ക് മുസ്‌ലിം യുവതി-യുവാക്കളെ കൂട്ടത്തോടെ തെളിച്ചു കൊണ്ടുപോകുന്നു. മിശ്ര വിവാഹത്തിലൂടെ ഒരു മതരഹിത സമൂഹ സൃഷ്ടിക്കായി പണിയെടുക്കുന്നു. ലിബറലിസം കാട്ടുതീപോലെ സമുദായത്തിനകത്ത് പടരുകയാണ്. പാഠ്യപദ്ധതി ഒരുങ്ങുകയും ചെയ്യുന്നു.**

എന്താണ് സംഭവിച്ചത് എന്ന കാര്യത്തിൽ വ്യക്തമായ ധാരണ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷനുണ്ട്. അത് സംബന്ധിച്ച് പല ഘട്ടങ്ങളിലും നിലപാടുകൾ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. പരസ്പരം തർക്കിച്ചു കാലംകഴിക്കേണ്ടതില്ലെന്ന ഉത്തമ ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് മുജാഹിദ് പ്രസ്ഥാനത്തിന്റെ മുൻഗാമികൾ പ്രാമാണികമായി മുന്നോട്ടുവെച്ച ആദർശ നയനിലപാടുകളിൽ ഉറച്ചുനിന്ന്, വിവാദങ്ങളിൽനിന്ന് അകന്ന് വിസ്ഡം മുന്നോട്ടു ഗമിക്കാൻ തീരുമാനിച്ചത്.

ഒരുഭാഗത്ത് സാധാരണക്കാരനെ ചൂഷണം ചെയ്യാനായി ശിർക്കിന്റെ പ്രചാരണത്തിന് വേണ്ടി പൗരോഹിത്യം മത്സരിച്ചുകൊണ്ടിരിക്കുന്നു. ലോകം മുഴുവൻ നിയന്ത്രിക്കുന്നത് സി.എം ആണെന്നുവരെ പറയുന്നു. ജാറങ്ങൾ കോടികൾക്ക് ലേലത്തിൽ വിൽക്കപ്പെടുന്നു. ഓൺലൈനിൽ സ്വലാത്ത് കച്ചവടം പൊടിപൊടിക്കുന്നു. കള്ള കറാമത്ത് കഥകൾ യാതൊരു ലജ്ജയുമില്ലാതെ ഓൺലൈനിൽ പ്രചരിപ്പിച്ച് സാമ്പത്തികമായി തടിച്ചു കൊഴുക്കുന്നു. ഹദീസ് നിഷേധത്തിന് പുതിയമാനങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു.

ഫാഷിസം അധികാര ദണ്ഡുപയോഗിച്ച് ന്യൂനപക്ഷങ്ങളെ, വിശിഷ്യാ മുസ്‌ലിം സമുദായത്തിനെതിരെ നിയമനിർമാണങ്ങളും ഉന്മൂലന സിദ്ധാന്തവുമായി മുന്നോട്ടുവരുന്നു. കേരളത്തിലാകട്ടെ, ഫാഷിസത്തിന്റെ ഭീഷണി ചൂണ്ടിക്കാണിച്ച് ഇനി സമുദായത്തിന് സംരക്ഷണം നൽകാൻ ഞങ്ങൾ മാത്രമേയുള്ളൂ എന്ന പ്രതീതിയുണ്ടാക്കി സ്വതന്ത്ര വാദത്തിന്റെ അതിരുകളില്ലാത്ത ലോകത്തേക്ക് മുസ്‌ലിം യുവതി-യുവാക്കളെ കൂട്ടത്തോടെ തെളിച്ചു കൊണ്ടുപോകുന്നു. മിശ്ര വിവാഹത്തിലൂടെ ഒരു മതരഹിത സമൂഹ സൃഷ്ടിക്കായി പണിയെടുക്കുന്നു. ലിബറലിസം കാട്ടുതീപോലെ സമുദായത്തിനകത്ത് പടരുകയാണ്. ജെന്റർ സാമൂഹിക നിർമിതിയാണ് എന്ന നയം സ്കൂളുകളിൽ പഠിപ്പിക്കാൻ പുതിയ പാഠ്യപദ്ധതി ഒരുങ്ങുകയും ചെയ്യുന്നു. സിലബസിൽ പഠിപ്പിക്കാതെതന്നെ പുതിയ തലമുറ ലിബറലിസം വാരിപ്പുണർന്നുവെങ്കിൽ പാഠപുസ്തകത്തിൽ പഠിപ്പിക്കുക കൂടി ചെയ്താൽ എന്താകും അടുത്ത തലമുറയുടെ അവസ്ഥ?

ഇത്തരം അനവധി വെല്ലുവിളികൾ ഉരുണ്ടുകൂടിയ ഈ വർത്തമാനകാലത്ത് മുജാഹിദുകൾ തമ്മിൽ തർക്കിച്ച് സമയം കളയേണ്ടതില്ല എന്ന കൃത്യമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽതന്നെയാണ് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ഈ വിവാദത്തിൽനിന്ന് അകന്നുനിന്നത്.

? *സാമൂഹ്യ മാധ്യമങ്ങളിൽ ഇടപെടുന്ന വിസ്ഡം പ്രവർത്തകരോട് എന്ന ഒരു അറിയിപ്പ് താങ്കളുടെ പേരിൽ പരസ്യമായി തന്നെ നൽകാൻ സംഘടനയെ പ്രേരിപ്പിച്ച ഘടകം എന്താണ്?*

! ഞാൻ നേരത്തെ വിശദീകരിച്ച നയം പ്രായോഗികമായി നടപ്പിൽ വരാൻ വേണ്ടി തന്നെയാണ് പരസ്യമായി ഒരു അറിയിപ്പ് നൽകിയത്. അതിന്റെ ഗുണം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ ഉത്തരവാദപ്പെട്ട പ്രവർത്തകരാരും വഴിവിട്ട രീതിയിൽ സാമൂഹ്യ മാധ്യമത്തിൽ ഇടപെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആരെങ്കിലും വിവേകശൂന്യമായി സാമൂഹ്യ മാധ്യമത്തിലൂടെ നടത്തുന്ന ഒറ്റപ്പെട്ട പ്രതികരണങ്ങൾ പൊക്കിപ്പിടിച്ച് അത് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ തലയിൽ കെട്ടിവെച്ച് തങ്ങൾ നേരിടുന്ന ആഭ്യന്തര വെല്ലുവിളികളിൽനിന്ന് ശ്രദ്ധതിരിച്ചു വിടാനുള്ള ശ്രമങ്ങൾ പലപ്പോഴും ഉണ്ടാകാറുണ്ട്. അതിനൊരവസരം ഉണ്ടാകരുതെന്ന കൃത്യമായ ലക്ഷ്യത്തോടെ തന്നെയാണ് ഇങ്ങനെ ഒരു അറിയിപ്പ് പരസ്യമായി നൽകിയത്. ആ അറിയിപ്പ് വായിച്ച ഞങ്ങളുടെ എതിർപക്ഷത്ത് നിലകൊള്ളുന്നവർ വരെ അതിനെ ശ്ലാഘിച്ചിട്ടുണ്ട്.



*? അപ്പോൾ സമ്മേളനത്തിൽ ഉയർന്ന പ്രമാണവിരുദ്ധമായ ആശയങ്ങളോടും നിലപാടുകളോടും -വിശിഷ്യാ ഫാഷിസത്തോട്- അവർ സ്വീകരിച്ച സമീപനത്തോടും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന് യാതൊരു വിയോജിപ്പുമില്ലേ? അതുണ്ടെങ്കിൽ ജനങ്ങൾക്കുമുമ്പിൽ വ്യക്തമാക്കേണ്ടത് ബാധ്യതയല്ലേ?*

! തീർച്ചയായും തിരുത്തേണ്ട കാര്യങ്ങൾ ചൂണ്ടിക്കാണിക്കും. അത് ഒരു കക്ഷിത്വത്തിന്റെ ഭാഗമായിട്ടല്ല. ഗുണകാംക്ഷയാണ് അതിന് നമ്മെ പ്രേരിപ്പിക്കുന്നത്. സി.ഡി ടവർ വിഭാഗത്തിന്റേത് മാത്രമല്ല; ഏത് മുസ്‌ലിം സംഘടനയും പ്രഘോഷണം ചെയ്യുന്ന വിഷയങ്ങളിൽ ഇസ്‌ലാമിക പ്രമാണങ്ങൾക്ക് യോജിക്കാത്ത കാര്യങ്ങളുണ്ടെങ്കിൽ അതിന്റെ യാഥാർഥ്യം സമൂഹമധ്യത്തിൽ വിശദീകരിക്കും. അതുകൊണ്ട് കൂടിയാണല്ലോ നാം മറ്റൊരു സംഘടനയായി മാറി നിൽക്കുന്നത്. ഈ പറഞ്ഞ കാര്യം ഞങ്ങൾക്കും ബാധകമാണ്. ഞങ്ങളുടെ പ്രബോധനരംഗത്ത് സംഭവിക്കാനിടയുള്ള സ്ഖലിതങ്ങൾ മറ്റുള്ളവർക്ക് ചൂണ്ടിക്കാണിക്കാനുള്ള അവകാശമുണ്ട്. അതിൽ വസ്തുതയുണ്ട് എന്ന് ബോധ്യപ്പെടുന്ന പക്ഷം തിരുത്തേണ്ടത് തിരുത്താനും വിശദീകരിക്കേണ്ടത് വിശദീകരിക്കാനും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ തയ്യാറാകും. എന്നാൽ സത്യവും അസത്യവും അർധസത്യവും കൂട്ടിക്കുഴച്ച് ചിലർക്ക് അവരുടെ സംഘടനയിൽ അപ്രമാദിത്വം ലഭിക്കാനും അവരുടെ ആഭ്യന്തരപ്രശ്നങ്ങൾ മൂടിവെക്കാനും അണികളുടെ ശ്രദ്ധ വഴിതിരിച്ചുവിടാനുമായി നടത്തുന്ന വാചോടാപങ്ങളെ തികഞ്ഞ അവജ്ഞയോടെ തള്ളിക്കളയുകയും ചെയ്യും.

> **ഏത് മുസ്‌ലിം സംഘടനയും പ്രഘോഷണം ചെയ്യുന്ന വിഷയങ്ങളിൽ ഇസ്‌ലാമിക പ്രമാണങ്ങൾക്ക് യോജിക്കാത്ത കാര്യങ്ങളുണ്ടെങ്കിൽ അതിന്റെ യാഥാർഥ്യം സമൂഹമധ്യത്തിൽ വിശദീകരിക്കും. അതുകൊണ്ട് കൂടിയാണല്ലോ നാം മറ്റൊരു സംഘടനയായി മാറി നിൽക്കുന്നത്. ഈ പറഞ്ഞ കാര്യം ഞങ്ങൾക്കും ബാധകമാണ്. ഞങ്ങളുടെ പ്രബോധനരംഗത്ത് സംഭവിക്കാനിടയുള്ള സ്ഖലിതങ്ങൾ മറ്റുള്ളവർക്ക് ചൂണ്ടിക്കാണിക്കാനുള്ള അവകാശമുണ്ട്. അതിൽ വസ്തുതയുണ്ട് എന്ന് ബോധ്യപ്പെടുന്ന പക്ഷം തിരുത്തേണ്ടത് തിരുത്താനും വിശദീകരിക്കേണ്ടത് വിശദീകരിക്കാനും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ തയ്യാറാകും. എന്നാൽ സത്യവും അസത്യവും അർധസത്യവും കൂട്ടിക്കുഴച്ച് ചിലർക്ക് അവരുടെ സംഘടനയിൽ അപ്രമാദിത്വം ലഭിക്കാനും അവരുടെ ആഭ്യന്തരപ്രശ്നങ്ങൾ മൂടിവെക്കാനും അണികളുടെ ശ്രദ്ധ വഴിതിരിച്ചുവിടാനുമായി നടത്തുന്ന വാചോടാപങ്ങളെ തികഞ്ഞ അവജ്ഞയോടെ തള്ളിക്കളയുകയും ചെയ്യും.**

*? ഫാഷിസത്തെ നേരിടുന്നതിനുള്ള മുജാഹിദ് പ്രസ്ഥാനത്തിന്റെ നിലപാടിൽ മാറ്റം വന്നുവോ? ശ്രീധരൻ പിള്ളയെ മുമ്പും മുജാഹിദുകളടക്കം പല മുസ്‌ലിം സംഘടനകളും അവരുടെ പരിപാടിയിലേക്ക് ക്ഷണിച്ചിട്ടില്ലേ? ഇപ്പോൾ മാത്രം ഇത് വിവാദമാക്കുന്നത് സമ്മേളന വിജയത്തിലുള്ള അസംതൃപ്തിയല്ലേ തുറന്നുകാണിക്കുന്നത്?*

! ഒരു കൂട്ടർ നടത്തിയ സമ്മേളനത്തെ മറ്റൊരു കൂട്ടർ ചെറുതാക്കിയതുകൊണ്ട് അത് ചെറുതാവുകയോ വലുതാക്കിയതുകൊണ്ട് വലുതാവുകയോ ചെയ്യില്ല. പ്രത്യേകിച്ച് ഈ കാലത്ത്. തത്സമയം സംപ്രേഷണം ചെയ്യുന്ന ഒരു സമ്മേളനം ലോകത്ത് എവിടെയിരുന്നും ആർക്കും വീക്ഷിക്കാനാകും. പണ്ട്, പങ്കെടുത്തവർക്ക് മാത്രമെ അതിന്റെ അനുഭവം ഉണ്ടായിരുന്നുള്ളൂ. പത്രത്തിൽ വരുന്ന ഫോട്ടോയും വാർത്തയും മാത്രമായിരുന്നു മറ്റുള്ളവർക്ക് വിലയിരുത്താനുള്ള ഏകമാർഗം. ഇന്ന് അങ്ങനെയല്ല. സമ്മേളനത്തിന്റെ പന്തൽ, അതിന്റെ വലുപ്പം തുടങ്ങിയവയെല്ലാം കണക്കുകൂട്ടാൻ ആർക്കും കഴിയും. അതെല്ലാം ബുദ്ധിയുള്ളവർ വിലയിരുത്തുകയും ചെയ്യും. പിന്നെ വിസ്ഡം അത് വിലയിരുത്താൻ മുതിർന്നിട്ടില്ല. ആരെങ്കിലും വാട്സാപ്പിൽ പ്രചരിപ്പിക്കുന്നത് ഈ സംഘടനയുടെ തലയിൽ വെക്കേണ്ടതില്ലെന്ന് നേരത്തെ പറഞ്ഞല്ലോ.

പിന്നെ, ഫാഷിസത്തിന്റെ കാര്യത്തിൽ മുജാഹിദ് പ്രസ്ഥാനത്തിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. അത് നമ്മുടെ മുൻഗാമികൾ നമുക്ക് കാണിച്ചുതന്നതുകൊണ്ട് നമ്മളായിട്ട് പുതിയൊരു മാർഗം ഉണ്ടാക്കേണ്ടതില്ല. ഫാഷിസത്തിന്റെ ശത്രു പട്ടികയിൽ പ്രഥമസ്ഥാനത്ത് മുസ്‌ലിംകളാണ് എന്നതിൽ സംശയമില്ല. എന്നാൽ ഫാഷിസം മുസ്‌ലിംകളുടെ മാത്രം ശത്രുവല്ല. അവരെ നേരിടേണ്ടത് മുസ്‌ലിംകൾ മാത്രവുമല്ല. മതനിരപേക്ഷ കക്ഷികളെല്ലാം ഒന്നിച്ചു നിന്ന് എതിർത്തു തോൽപിക്കേണ്ട ഒരു ആശയമാണ് ഫാഷിസം. അതിന് മതനിരപേക്ഷ കക്ഷികൾ ഒന്നിച്ചു നിൽക്കണം. തെരഞ്ഞെടുപ്പിൽ ന്യൂനപക്ഷ വോട്ടുകൾ ഭിന്നിക്കുന്ന സമീപനം ആരിൽനിന്നും ഉണ്ടാകരുത്. ഭരണത്തിന്റെ ദണ്ഡ്

ഉപയോഗിച്ചാണ് ഫാഷിസം ഇന്ന് എല്ലാ ഉന്മൂലന അജണ്ടയും പുറത്തെടുക്കുന്നത്. അവർ അധികാരത്തിലെത്തിയത് ജനാധിപത്യ മാർഗത്തിലാണ്. അവരെ ഇറക്കേണ്ടതും അതേ വഴിയിൽ തന്നെയാകണം. അതിനുപകരം അവരോട് സമരസപ്പെട്ടുകൊണ്ട് ഫാഷിസവും മറ്റു സംഘടനകളെപ്പോലെ ഒരു സംഘടന മാത്രമാണെന്ന പ്രതീതിയുണ്ടാക്കുന്ന തരത്തിൽ അവരെ നോർമലൈസ് ചെയ്യുന്നത് മുജാഹിദ് പ്രസ്ഥാനം ഇതുവരെ സ്വീകരിച്ച ലൈനല്ല.

> **ഫാഷിസത്തിന്റെ ശത്രു പട്ടികയിൽ പ്രഥമസ്ഥാനത്ത് മുസ്‌ലിംകളാണ് എന്നതിൽ സംശയമില്ല. എന്നാൽ ഫാഷിസം മുസ്‌ലിംകളുടെ മാത്രം ശത്രുവല്ല. അവരെ നേരിടേണ്ടത് മുസ്‌ലിംകൾ മാത്രവുമല്ല. മതനിരപേക്ഷ കക്ഷികളെല്ലാം ഒന്നിച്ചു നിന്ന് എതിർത്തു തോൽപിക്കേണ്ട ഒരു ആശയമാണ് ഫാഷിസം. അതിന് മതനിരപേക്ഷ കക്ഷികൾ ഒന്നിച്ചു നിൽക്കണം. തെരഞ്ഞെടുപ്പിൽ ന്യൂനപക്ഷ വോട്ടുകൾ ഭിന്നിക്കുന്ന സമീപനം ആരിൽനിന്നും ഉണ്ടാകരുത്. ഭരണത്തിന്റെ ദണ്ഡ് ഉപയോഗിച്ചാണ് ഫാഷിസം ഇന്ന് എല്ലാ ഉന്മൂലന അജണ്ടയും പുറത്തെടുക്കുന്നത്. അവർ അധികാരത്തിലെത്തിയത് ജനാധിപത്യ മാർഗത്തിലാണ്. അവരെ ഇറക്കേണ്ടതും അതേ വഴിയിൽ തന്നെയാകണം. അതിനുപകരം അവരോട് സമരസപ്പെട്ടുകൊണ്ട് ഫാഷിസവും മറ്റു സംഘടനകളെപ്പോലെ ഒരു സംഘടന മാത്രമാണെന്ന പ്രതീതിയുണ്ടാക്കുന്ന തരത്തിൽ അവരെ നോർമലൈസ് ചെയ്യുന്നത് മുജാഹിദ് പ്രസ്ഥാനം ഇതുവരെ സ്വീകരിച്ച ലൈനല്ല.**

ഫാഷിസത്തെ മുസ്‌ലിംകൾ മാത്രം സംഘടിച്ച് തിരുത്താമെന്നത് വ്യാമോഹം മാത്രമാണ്. മാത്രവുമല്ല അത്തരം നീക്കങ്ങൾ ആത്മഹത്യാപരവുമാണ്. ഭൂരിപക്ഷ സമുദായത്തിലെ നിഷ്പക്ഷരായ വിഭാഗത്തെ കൂടി ആർ.എസ്.എസിന് എറിഞ്ഞു കൊടുക്കൽ കൂടിയാണ് അത്. മുസ്‌ലിം പക്ഷത്തുനിന്നുള്ള തീവ്ര സമീപനമാണ് ഫാഷിസത്തിന്റെ ഉത്ഭവത്തിന് കാരണമെന്ന കാഴ്ചപ്പാട് ശരിയല്ല. ഫാഷിസം വംശീയ ഉന്മൂലനം അജണ്ടയായി സ്വീകരിച്ച് രൂപീകരിക്കപ്പെട്ട സംഘമാണ്. അവരെയും ന്യൂനപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന തീവ്രസമീപനങ്ങളെയും ഒരുപോലെ കാണുന്നത് ശരിയല്ല. മറ്റു വിഭാഗങ്ങളെ ഉന്മൂലനം ചെയ്യുകയെന്നത് മുസ്‌ലിംകളുടെ ലക്ഷ്യവുമല്ല. ഫാഷിസത്തെ പ്രതിരോധിക്കൽ മാത്രമാണ് അവരുടെ അജണ്ട. അതിനു സ്വീകരിക്കേണ്ട മാർഗത്തിൽ ചിലർ ക്വുർആനിക വിരുദ്ധവും നിയമ വിരുദ്ധവുമായ മാർഗങ്ങൾ സ്വീകരിക്കുന്നുവെന്നതാണ് ഇവിടുത്തെ പ്രശ്നം.

എൻ.ഡി.എഫ് പോലുള്ള സംഘടനകൾ ഇത്തരം ആശയങ്ങളുമായി കേരളത്തിൽ കടന്നുവന്ന ആദ്യനാളുകളിൽ തന്നെ അവരെ താത്വികമായി തിരിച്ചറിഞ്ഞ് പ്രതിരോധിച്ച പ്രസ്ഥാനമാണ് മുജാഹിദ് പ്രസ്ഥാനം. ആ നിലപാടിൽ ഇപ്പോഴും യാതൊരു മാറ്റവുമില്ല. പിന്നെ സമ്മേളനത്തിൽ ശ്രീധരൻപിള്ള പങ്കെടുത്തതാണോ, അദ്ദേഹത്തെ ഉദ്ഘാടകനാക്കിയതാണോ, അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഉള്ളടക്കമാണോ, നോട്ടീസ് ഇറക്കിയ ഉടനെ ജനം ടിവിക്ക് നൽകിയ ഇന്റർവ്യൂ ആണോ, അതിൽ പറഞ്ഞ ആശയങ്ങളാണോ, പ്രസ്തുത ആശയങ്ങൾ കെ.എൻ.എം നിലപാടാണെന്ന് വ്യക്തമാക്കി ക്ലീൻചിറ്റ് നൽകിക്കൊണ്ട് പത്രസമ്മേളനത്തിൽ സംസാരിച്ചതാണോ, ഇതിനെ തുടർന്ന് വിവിധ രാഷ്ട്രീയക്കാർ സമ്മേളനവേദി ദുരുപയോഗം ചെയ്തു നടത്തിയ ആരോപണ പ്രത്യാരോപണങ്ങളാണോ, ഇതിനെല്ലാം മറുപടിയായി സമാപന സമ്മേളനത്തിൽ നടത്തിയ പ്രസംഗങ്ങളാണോ സമ്മേളനത്തെ വിവാദങ്ങളുടെ ഗർത്തത്തിലേക്ക് തള്ളിയിട്ടത് എന്നത് സമൂഹ മാധ്യമങ്ങളിൽ ചർച്ചാവിഷയമാണ്. അവർ തന്നെ ഉത്തരം കണ്ടെത്തേണ്ട ചോദ്യങ്ങളാണ് ഇതെല്ലാം. ഇതിനെല്ലാം വഴിവെച്ച തീരുമാനം കൃത്യമായ കൂടിയാലോചനക്ക് ശേഷം ഉണ്ടായതാണെന്ന് തോന്നുന്നില്ല.

? *എൻ.ഡി.എഫ് പോലുള്ള തീവ്ര സ്വഭാവമുള്ള സംഘടനകളല്ലേ ഈ വിമർശനമുയർത്തി വിട്ടത്. അത് മുജാഹിദ് പ്രസ്ഥാനം കാര്യമാക്കേണ്ടതുണ്ടോ? രണ്ടും രണ്ട് ആദർശവും നയവും അല്ലേ?*

! എൻ.ഡി.എഫുകാരുടെ വിമർശനത്തെ അങ്ങനെ മാത്രമെ പ്രസ്ഥാനം എടുക്കേണ്ടതുള്ളൂ. എന്നാൽ അവർ മാത്രമല്ല ഈ സമീപനത്തെ ചോദ്യം ചെയ്ത് രംഗത്ത് വന്നത്, മതനിരപേക്ഷ നിലപാടുള്ള മുഖ്യധാരാ സംഘടനകളിലെ പ്രമുഖർതന്നെ പരസ്യമായി പ്രതികരിച്ചല്ലോ. രഹസ്യമായി അടക്കം പറയുന്നവരുടെ എണ്ണം പറയുകയും വേണ്ട. എന്തിനധികം, സമ്മേളനത്തോട് ഒപ്പം നിൽക്കുന്ന ചില പ്രവർത്തകരിൽനിന്നും നേതാക്കളിൽ നിന്നും വിമർശനം ഉണ്ടായിട്ടില്ലേ?

? *രാഷ്ട്രീയം, രാഷ്ട്രീയക്കാർ, അവരെ പരിപാടിക്ക് ക്ഷണിക്കൽ എന്നീ കാര്യങ്ങളിൽ പ്രസ്ഥാനത്തിന് ഒരു വ്യക്തമായ നയം ആവശ്യമില്ലേ?*

! തീർച്ചയായും വേണം, മുജാഹിദ് പ്രസ്ഥാനത്തിന്റെ മുൻകാല സമ്മേളനങ്ങളും പരിപാടികളും നിരീക്ഷിച്ചാൽ ഇതി

നെല്ലാം വ്യക്തമായ ധാരണയോടെയാണ് മുന്നോട്ടുനീങ്ങിയത് എന്ന് കാണാനാകും. മുജാഹിദുകൾ അരാഷ്ട്രീയവാദത്തിന് എതിരാണ്.

മതരംഗത്തെന്ന പോലെ രാഷ്ട്രീയ രംഗത്തും വ്യക്തി വിശുദ്ധി കൈവിടരുത് എന്ന കണിശതയാണ് പ്രസ്ഥാനത്തിന്റെ നയം. കേരളത്തിൽ മുസ്‌ലിം സമുദായത്തിന് നിലനിൽക്കണമെങ്കിൽ വ്യക്തമായ ആദർശബോധവും വ്യക്തി വിശുദ്ധിയും ഉയർന്ന വിദ്യാഭ്യാസവും രാഷ്ട്രീയ പ്രാതിനിധ്യവും പരമപ്രധാനമാണ്. ഈ രംഗത്ത് മുജാഹിദ് നേതാക്കൾ നടത്തിയ കഠിനാധ്വാനത്തിന്റെ ഫലമാണ് ഇന്ന് കാണുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും സമുദായ രാഷ്ട്രീയ പാർട്ടിയും എന്ന കാര്യത്തിൽ വിമർശകർക്ക് പോലും എതിരഭിപ്രായം ഉണ്ടാവുകയില്ല. മറ്റു സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി കേരളത്തിലെ മുസ്‌ലിം സമുദായത്തിനുണ്ടായ പുരോഗതി ഇതിന്റെ അടയാളമാണ്. പിൽക്കാലത്ത് പല കാരണങ്ങളാൽ ഈ രംഗത്തുനിന്ന് പ്രസ്ഥാന പ്രവർത്തകർ പിന്നോട്ടു പോയി എന്നത് ഒരു സത്യമാണ്. ഇതിന്റെ കാരണങ്ങൾ സമുദായ രാഷ്ട്രീയനേതൃത്വവും, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷനടക്കമുള്ള മുജാഹിദ് നേതൃത്വങ്ങളും വിമർശനാത്മകമായി വിലയിരുത്തി മുന്നോട്ടുപോകാൻ തയ്യാറാവുകയാണ് വേണ്ടത്.

രാഷ്ട്രീയക്കാരെ പരിപാടികളിലേക്ക് ക്ഷണിക്കുന്നതിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. ഇന്ത്യയെപ്പോലുള്ള ഒരു ബഹുമതസമൂഹത്തിൽ മതനിരപേക്ഷ നിലപാടുള്ള രാഷ്ട്രീയ പാർട്ടികളുമായും ഭരണ നേതൃത്വങ്ങളുമായും സഹകരിച്ചുകൊണ്ട് മാത്രമെ മുന്നോട്ടു പോകാനാകൂ. ഈ പ്രസ്ഥാനം എന്താണെന്ന് അവർക്ക് അറിയാനും അവർക്ക് ഈ പ്രസ്ഥാനത്തോടുള്ള നിരീക്ഷണങ്ങൾ പറയാനും അവസരങ്ങൾ ഉണ്ടാകണം. പരസ്പരം അറിഞ്ഞുകൊണ്ട് മാത്രമെ മുന്നോട്ടു പോകാനാകൂ.

രാഷ്ട്രീയനേതൃത്വങ്ങൾ മുജാഹിദ് പ്രസ്ഥാനത്തെയും അതിന്റെ നേതാക്കളെയും കുറിച്ച് വളരെ ബഹുമാനത്തോടും ആദരവോടും കൂടി മാത്രമെ ഇത്രയും കാലം സമ്മേളന വേദികളിലും മറ്റും സംസാരിച്ചിട്ടുള്ളൂ. തിരിച്ചും അങ്ങനെ തന്നെയായിരുന്നു. ഒരിക്കൽപോലും മുജാഹിദ് സമ്മേളന വേദികൾ രാഷ്ട്രീയ വാദപ്രതിവാദത്തിന്റെയും ആരോപണ പ്രത്യാരോപണങ്ങളുടെയും വേദിയായി മാറുന്ന നിലപാട് പ്രസ്ഥാനം സ്വീകരിച്ചിട്ടില്ല.

? *പാണക്കാട് തങ്ങന്മാർ വരാത്തതിൽ പ്രതിഷേധിച്ച് മുസ്‌ലിം കോഓർഡിനേഷൻ കമ്മിറ്റിയുടെ യോഗത്തിൽനിന്ന് മാറിനിന്ന നിലപാട് പ്രസ്ഥാനത്തിന്റെ മുൻകാല പാരമ്പര്യത്തിന് ചേർന്നതാണോ?*

! ഇതു പറയുമ്പോൾ മുജാഹിദ് സമ്മേളനങ്ങളിൽ എന്നുമുതലാണ് പാണക്കാട് തങ്ങന്മാരെ ക്ഷണിക്കാൻ തുടങ്ങിയത് എന്ന കാര്യം നാം വിലയിരുത്തണം. അവിഭക്ത മുജാഹിദ് പ്രസ്ഥാനം നടത്തിയ പുളിക്കൽ, ഫറോക്ക്, കുറ്റിപ്പുറം, പാലക്കാട്, പിലാത്തറ, എറണാകുളം, ചങ്ങരംകുളം, കോഴിക്കോട് സമ്മേളനങ്ങളിൽ ഒന്നും അവർ ക്ഷണിക്കപ്പെട്ടിട്ടില്ല. ക്ഷണിക്കാത്തതിന്റെ പേരിൽ അവർക്ക് പരിഭവവും ഉണ്ടായിരുന്നില്ല. പാണക്കാട് തങ്ങന്മാർ യാഥാസ്ഥിതിക വിശ്വാസത്തിന്റെ വക്താക്കളാണ്. അതിനെ നഖശിഖാന്തം എതിർക്കുന്ന മുജാഹിദ് പ്രസ്ഥാനത്തിന്റെ വേദിയിൽ അവരുടെ സാന്നിധ്യം പ്രസ്ഥാനത്തിനും അവർക്കും ഗുണകരമല്ലെന്ന വിശാല സമീപനമാണ് മുൻകാല നേതാക്കൾ സ്വീകരിച്ചു വന്നത്. എന്നാൽ 2017ൽ ലയനത്തിന് ശേഷമുള്ള കൂരിയാട് നടന്ന സമ്മേളനത്തിലാണ് ഇവരെ ക്ഷണിക്കുന്ന രീതി തുടങ്ങിവെച്ചത്. അതൊരു നയവ്യതിയാനമായിരുന്നു. അന്നും ഇതുപോലെ വിവാദമുണ്ടായി. മുസ്‌ലിം ലീഗ് സമുദായത്തിന്റെ പൊതുവേദിയല്ലേ, അതിന്റെ അധ്യക്ഷൻ എല്ലാവരെയും ഒരുപോലെ കാണേണ്ടേ എന്ന മറുചോദ്യങ്ങൾ ഉണ്ടാവാം. മുജാഹിദ് പ്രസ്ഥാനത്തിന്റെ അമരത്തിരിക്കുന്ന ഒരു പണ്ഡിതൻ മുസ്‌ലിംലീഗിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടാൽ സുന്നികൾ നടത്തുന്ന ആദർശ സമ്മേളനത്തിലേക്ക് ക്ഷണിച്ചാൽ എന്ത് നിലപാട് സ്വീകരിക്കുമെന്നും ചിന്തിക്കേണ്ടതാണ്.

**പരസ്പരം സമ്മേളനത്തിൽ പങ്കെടുക്കുക എന്നതിനെക്കാൾ സമുദായ രാഷ്ട്രീയ പാർട്ടി എന്ന നിലയിൽ എല്ലാ മുസ്‌ലിം സംഘടനകളെയും ഒരുപോലെ പരിഗണിക്കുക, അധികാര പ്രാതിനിധ്യം നൽകുക എന്നതാണ് പ്രാധാനം. മാത്രവുമല്ല, പല കാരണങ്ങൾ നിരത്തി മുസ്‌ലിം കോഡിനേഷൻ സമിതിയെ ദുർബലമാക്കാൻ ശ്രമങ്ങൾ നടക്കുന്ന വർത്തമാനകാലത്ത് വിവാദങ്ങൾക്ക് തിരികൊളുത്താൻ മുജാഹിദുകൾ കാരണമാകരുത് എന്നാണ് നമ്മുടെ പക്ഷം.**

പരസ്പരം സമ്മേളനത്തിൽ പങ്കെടുക്കുക എന്നതിനെക്കാൾ സമുദായ രാഷ്ട്രീയ പാർട്ടി എന്ന നിലയിൽ എല്ലാ മുസ്‌ലിം സംഘടനകളെയും ഒരുപോലെ പരിഗണിക്കുക, അധികാര പ്രാതിനിധ്യം നൽകുക എന്നതാണ് പ്രാധാനം. മാത്രവുമല്ല, പല കാരണങ്ങൾ നിരത്തി മുസ്‌ലിം കോഡിനേഷൻ സമിതിയെ ദുർബലമാക്കാൻ ശ്രമങ്ങൾ നടക്കുന്ന വർത്തമാനകാലത്ത് വിവാദങ്ങൾക്ക് തിരികൊളുത്താൻ മുജാഹിദുകൾ കാരണമാകരുത് എന്നാണ് നമ്മുടെ പക്ഷം.

**അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി**
**വിവർത്തനം: ഹാരിസ് ബിൻ സലീം**
**✆:95444 92089**

# സൂറ: അശ്ശൂറാ

അധ്യായം 42

## (കൂടിയാലോചന)

(മക്കയിൽ അവതരിച്ചത്)

وَلَوْ شَآءَ ٱللَّهُ لَجَعَلَهُمْ أُمَّةً وَٰحِدَةً وَلَٰكِن
يُدْخِلُ مَن يَشَآءُ فِى رَحْمَتِهِۦ ۚ وَٱلظَّٰلِمُونَ مَا لَهُم
مِّن وَلِىٍّ وَلَا نَصِيرٍ ﴿٨﴾

أَمِ ٱتَّخَذُوا۟ مِن دُونِهِۦٓ أَوْلِيَآءَ ۖ فَٱللَّهُ هُوَ ٱلْوَلِىُّ وَهُوَ
يُحْىِ ٱلْمَوْتَىٰ وَهُوَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٩﴾

وَمَا ٱخْتَلَفْتُمْ فِيهِ مِن شَىْءٍ فَحُكْمُهُۥٓ إِلَى ٱللَّهِ ۚ
ذَٰلِكُمُ ٱللَّهُ رَبِّى عَلَيْهِ تَوَكَّلْتُ وَإِلَيْهِ
أُنِيبُ ﴿١٠﴾

فَاطِرُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ جَعَلَ لَكُم مِّنْ
أَنفُسِكُمْ أَزْوَٰجًا وَمِنَ ٱلْأَنْعَٰمِ أَزْوَٰجًا ۖ
يَذْرَؤُكُمْ فِيهِ ۚ لَيْسَ كَمِثْلِهِۦ شَىْءٌ ۖ وَهُوَ
ٱلسَّمِيعُ ٱلْبَصِيرُ ﴿١١﴾

8. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവരെ (മനുഷ്യരെ)യെല്ലാം അവൻ ഒരേ സമുദായമാക്കുമായിരുന്നു. പക്ഷേ, താൻ ഉദ്ദേശിക്കുന്നവരെ തന്റെ കാരുണ്യത്തിൽ അവൻ പ്രവേശിപ്പിക്കുന്നു. അക്രമികളാരോ അവർക്ക് യാതൊരു രക്ഷാധികാരിയും സഹായിയുമില്ല.
9. അതല്ല, അവർ അവന്നു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചിരിക്കുകയാണോ? എന്നാൽ അല്ലാഹു തന്നെയാകുന്നു രക്ഷാധികാരി. അവൻ മരിച്ചവരെ ജീവിപ്പിക്കുന്നു. അവൻ ഏത് കാര്യത്തിനും കഴിവുള്ളവനത്രെ.
10. നിങ്ങൾ അഭിപ്രായവ്യത്യാസക്കാരായിട്ടുള്ളത് ഏത് കാര്യത്തിലാവട്ടെ അതിൽ തീർപ്പുകൽപിക്കാനുള്ള അവകാശം അല്ലാഹുവിന്നാകുന്നു. അവനാണ് എന്റെ രക്ഷിതാവായ അല്ലാഹു. അവന്റെ മേൽ ഞാൻ ഭരമേൽപിച്ചിരിക്കുന്നു. അവങ്കലേക്ക് ഞാൻ താഴ്മയോടെ മടങ്ങുകയും ചെയ്യുന്നു.
11. ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവാകുന്നു(അവൻ). നിങ്ങൾക്ക് വേണ്ടി നിങ്ങളുടെ വർഗത്തിൽനിന്നുതന്നെ അവൻ ഇണകളെ (ഉണ്ടാക്കിത്തന്നിരിക്കുന്നു). അതിലൂടെ നിങ്ങളെ അവൻ സൃഷ്ടിച്ച് വർധിപ്പിക്കുന്നു. അവന് തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനുമാകുന്നു.

8). ഇതോടൊപ്പംതന്നെ (അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവൻ അവരെ ആക്കുമായിരുന്നു) ജനങ്ങളെ. (ഒരു സമുദായം) സന്മാർഗം സ്വീകരിച്ച കാരണം അവൻ ഉദ്ദേശിക്കുന്ന ഒരു കാര്യത്തിനും തടസ്സമുണ്ടാകില്ല. എന്നാൽ തന്റെ സൃഷ്ടികളിൽനിന്നും താനുദ്ദേശിക്കുന്നവരെ തന്റെ കാരുണ്യത്തിൽ ഉൾപ്പെടുത്താനാണ് അവൻ വിചാരിച്ചത്. എന്നാൽ അക്രമകാരികൾ നന്മയ്ക്ക് പറ്റിയവരല്ല. അവർ കാരുണ്യം തടയപ്പെടേണ്ടവരാണ്. അല്ലാഹുവിനുപുറമെ അവരെ ഏറ്റെടുക്കാനോ അവരുടെ ആഗ്രഹങ്ങൾ നേടിക്കൊടുക്കാനോ വിഷമങ്ങളെ പ്രതിരോധിക്കാനോ ഒരാളുമില്ല.

9). (അതല്ല, അവർ അവനുപുറമെ രക്ഷാധികാരികളെ സ്വീകരിക്കുകയാണോ?) അവരെ ആരാധിച്ചുകൊണ്ട് അവരെ രക്ഷാധികാരികളായി സ്വീകരിക്കുന്നു. അവർക്ക് ഏറ്റവും വലിയ പിഴവാണ് സംഭവിച്ചത്. (എന്നാൽ അല്ലാഹു തന്നെയാകുന്നു രക്ഷാധികാരി). അവനെ ആരാധിച്ചും അനുസരിച്ചും കഴിയുന്നത്ര നന്മകൾ ചെയ്ത് അവന്റെ സാമീപ്യം നേടിയും അവന്റെ ദാസൻ അവനെ രക്ഷാധികാരിയാക്കുന്നു. തന്റെ എല്ലാ ദാസന്മാരെയും സംരക്ഷിച്ചും അവരിൽ തന്റെ തീരുമാനം നടപ്പാക്കിയും അവൻ അവരുടെ രക്ഷാകർതൃത്വം ഏറ്റെടുക്കുന്നു. വിശ്വാസികളായ തന്റെ

ദാസന്മാരെ അവൻ സംരക്ഷിക്കുന്നത് അവരെ ഇരുട്ടുകളിൽനിന്ന് വെളിച്ചത്തിലേക്കെത്തിച്ചും സ്നേഹത്തോടെ അവരെ സംരക്ഷിച്ചും മുഴുവൻ കാര്യങ്ങളിലും അവരെ സഹായിച്ചുകൊണ്ടുമാണ്. (അവൻ മരിച്ചവരെ ജീവിപ്പിക്കുന്നു) അവൻ ഏത് കാര്യത്തിനും കഴിവുള്ളവനത്രെ. അവനാണ് വിധിയും ഉദ്ദേശ്യവും നടപ്പിൽവരുത്തുകയും ചെയ്യുന്നത്. യാതൊന്നിനെയും പങ്കുചേർക്കാതെ ആരാധിക്കപ്പെടാൻ അർഹതപ്പെട്ടവനാണവൻ.

10). അല്ലാഹു പറയുന്നു: (നിങ്ങൾ അഭിപ്രായ വ്യത്യാസത്തിലായിട്ടുള്ളത് ഏത് കാര്യത്തിലാവട്ടെ) നിങ്ങൾ വിയോജിക്കുന്ന മതത്തിന്റെ അടിസ്ഥാന പരമോ ശാഖാപരമോ ആയ കാര്യങ്ങൾ. (അതിൽ തീർപ്പുകൽപിക്കാനുള്ള അവകാശം അല്ലാഹുവിനാകുന്നു). അത് ക്വുർആനിലേക്കും അവന്റെ ദൂതന്റെ ചര്യയിലേക്കും മടക്കപ്പെടണം. അവർ രണ്ടുപേരും എന്ത് തീരുമാനിച്ചുവോ അതാണ് ശരി. അതല്ലാത്തത് തെറ്റും. (അവനാണ് എന്റെ രക്ഷിതാവായ അല്ലാഹു) നിയന്ത്രിക്കുന്നവനും ഭക്ഷണം നൽകുന്നവനും സ്രഷ്ടാവും രക്ഷിതാവും അവനായതുപോലെ തന്റെ ദാസന്മാരുടെ മുഴുവൻ കാര്യങ്ങളിലും മതപരമായ നിയമങ്ങൾ നിശ്ചയിക്കുന്ന വിധികർത്താവും അവനാണ്. ഇത് സമുദായത്തിന്റെ ഏകോപിച്ച അഭിപ്രായവും ഖണ്ഡിത തെളിവാണെന്നു ഈ ആയത്തിൽനിന്ന് ഗ്രഹിക്കാം. കാരണം, നമുക്ക് അഭിപ്രായ ഭിന്നതയുള്ള കാര്യം മാത്രമെ അവനിലേക്ക് മടക്കാൻ നിർദേശിക്കുന്നുള്ളൂ.

അപ്പോൾ നാം ഭിന്നതയില്ലാതെ ഏകോപിച്ച കാര്യങ്ങൾ ആ ഏകോപനംകൊണ്ട് മതിയാക്കാം എന്നർഥം. അത് പിഴവ് പറ്റുന്നതിൽനിന്ന് മുക്തമായിരിക്കും. മാത്രവുമല്ല, അത് ക്വുർആനിനോടും സമൂഹത്തിനോടും യോജിക്കുന്നതുമായിരിക്കും. അല്ലാഹു പറയുന്നു: (അവന്റെമേൽ ഞാൻ ഭരമേൽപിച്ചിരിക്കുന്നു) ഉപകാരം തരാനും ഉപദ്രവങ്ങൾ തടുക്കാനും എന്റെ ഹൃദയം അവനെ ഏൽപിച്ചിരിക്കുന്നു. അതിൽ ആശ്വാസം തരാൻ അവനു കഴിയുമെന്ന ഉറച്ച വിശ്വാസത്താൽ. (അവങ്കലേക്ക് ഞാൻ താഴ്മയോടെ മടങ്ങുകയും ചെയ്യുന്നു) അവനെ ആരാധിക്കാനും അവനെ അനുസരിക്കാനും ഹൃദയംകൊണ്ടും ശരീരംകൊണ്ടും ഞാൻ അവനിലേക്ക് തിരിയുന്നു. ഈ രണ്ട് അടിസ്ഥാനകാര്യങ്ങൾ അല്ലാഹു തന്റെ ഗ്രന്ഥത്തിൽ ധാരാളം ആവർത്തിച്ചു പറയുന്നുണ്ട്. അവ രണ്ടും കൈവരിക്കുന്നതിലൂടെ ഒരു ദാസൻ പൂർണത പ്രാപിക്കുന്നു. അവ രണ്ടുമോ അല്ലെങ്കിൽ അതിലൊന്നോ നഷ്ടപ്പെടുമ്പോൾ ആ പൂർണത നഷ്ടമാവുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ﴿٥﴾

"നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോടു മാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു" (1:5).

فَٱعْبُدْهُ وَتَوَكَّلْ عَلَيْهِ

"അവനെ നീ ആരാധിക്കുകയും അവനിൽ ഭരമേൽപിക്കുകയും ചെയ്യുക" (ഹൂദ് 123).

11). (ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവാകുന്നു അവൻ) തന്റെ കഴിവ്, ഉദ്ദേശ്യം, യുക്തി എന്നിവയാൽ അവ രണ്ടിനെയും അവൻ സൃഷ്ടിക്കും. (നിങ്ങൾക്കുവേണ്ടി നിങ്ങളുടെ വർഗത്തിൽനിന്നുതന്നെ അവൻ ഇണകളെ ഉണ്ടാക്കിത്തന്നിരിക്കുന്നു). നിങ്ങൾ അവളിൽ സമാധാനം കണ്ടെത്താനും നിങ്ങളിൽനിന്നും സന്താനങ്ങൾ ഉണ്ടാകാനും വിവിധങ്ങളായ പ്രയോജനങ്ങൾ നിങ്ങൾക്ക് ലഭിക്കാനും വേണ്ടി. (കന്നുകാലികളിൽനിന്ന് ഇണകളെയും) എല്ലാ വർഗങ്ങളിലും ആണിനെയും പെണ്ണിനെയും; അനേകം നേട്ടങ്ങൾ നിങ്ങൾക്കുണ്ടാകാനും അത് നിലനിൽക്കാനും.

ഇവിടെ (ലകും) എന്നതിലെ 'ല' എന്ന അക്ഷരം കാരണത്തെ അറിയിക്കാനാണ്. അതായത് അത് അവൻ ചെയ്തത് നിങ്ങൾക്ക് വേണ്ടിയും നിങ്ങൾക്ക് അനുഗ്രഹമായിത്തീരാൻ വേണ്ടിയുമാണ്. അതാണ് അല്ലാഹു പറഞ്ഞത്: (അതിലൂടെ നിങ്ങളെ അവൻ സൃഷ്ടിച്ച് വർധിപ്പിക്കുന്നു) നിങ്ങളെ വ്യാപിപ്പിക്കുകയും വർധിപ്പിക്കുകയും ചെയ്യുന്നു. നിങ്ങളിൽ നിന്നും നാൽക്കാലികളിൽനിന്നും ഇണകളെ ഉണ്ടാക്കിയതിലൂടെ. (അവനു തുല്യമായി യാതൊന്നുമില്ല) അല്ലാഹുവനോട് അവന്റെ സത്തയിലോ നാമങ്ങളിലോ ഗുണങ്ങളിലോ പ്രവർത്തനങ്ങളിലോ സാദൃശ്യവും തുല്യവുമാകുന്ന യാതൊന്നും അവന്റെ സൃഷ്ടികളിലില്ല. കാരണം അവന്റെ നാമങ്ങളെല്ലാം അതിവിശിഷ്ടമായതാണ്. അവന്റെ വിശേഷണങ്ങളാവട്ടെ പൂർണവും മഹത്ത്വമേറിയതുമാണ്. യാതൊന്നിന്റെയും പങ്കില്ലാതെ മഹത്തായ സൃഷ്ടികളെ അവനുണ്ടാക്കി എന്നത് അവന്റെ പ്രവർത്തനങ്ങളിൽ പെട്ടതാണ്. അവനു തുല്യമായി യാതൊന്നുമില്ല. എല്ലാ നിലയ്ക്കും അവനേകനും പങ്കുകാരില്ലാത്തവനുമാണ്. (അവൻ എല്ലാം കേൾക്കുന്നവനും) മുഴുവൻ ശബ്ദങ്ങളും ഭാഷാവ്യത്യാസങ്ങളോ വിഷയ വൈവിധ്യങ്ങളോ പ്രശ്നമാവാതെ. (എല്ലാം കാണുന്നവനും) ഇരുണ്ട രാത്രിയിൽ നിശ്ചലമായ പാതയിലൂടെ ഇഴയുന്ന കറുത്ത ഉറുമ്പിനെ അവൻ കാണുന്നു. നിസ്സാര ജീവികളുടെ ശരീരാവയവങ്ങളിൽ ഭക്ഷണ പദാർഥങ്ങൾ സഞ്ചരിക്കുന്നത് എങ്ങനെയെന്ന് അവനറിയുന്നു; സൂക്ഷ്മമായ ശിഖരങ്ങളിൽ വെള്ളം സഞ്ചരിക്കുന്നത് എങ്ങനെയെന്നും. ഇതും ഇതുപോലെയുള്ള വചനങ്ങളും അല്ലാഹുവിന്റെ നാമങ്ങളെ സ്ഥാപിക്കുന്നതിലും സൃഷ്ടികളോട് അവനെ തുല്യപ്പെടുത്തുന്ന കാര്യത്തിലും അഹ്‌ലുസ്സുന്ന വൽജമാഅത്തിന്റെ അഭിപ്രായത്തെ ശരിവെക്കുന്നതാണ്. സാദൃശ്യവാദികൾക്കുള്ള മറുപടിയും ഇതിലുണ്ട്. (അവന് തുല്യമായി യാതൊന്നുമില്ല) അല്ലാഹുവിന്റെ ഗുണങ്ങളെ നിരാകരിക്കുന്നവർക്ക് മറുപടിയാണ് (അവൻ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാകുന്നു) എന്നത്.

ലേഖനം




വിധി തേടുന്ന ഹിജാബും
കോടതിയിലെ വാദങ്ങളും - 10

# സോളിസിറ്റർ ജനറലുടെ ദുർബല വാദങ്ങൾ


**സുഫ്‌യാൻ അബ്ദുസ്സലാം**

✆ : 81296 17676


> **ആർ.എസ്.എസ്. സംഘ്പരിവാർ നേതാക്കളും അതിന്റെ ആശയ നിർമാതാക്കളും ഉണ്ടായ കാലംതൊട്ട് അവർ യോജിച്ചുനിൽക്കുന്ന വിഷയം മുസ്‌ലിം ഉന്മൂലനവും മുസ്‌ലിം സമുദായത്തിന്റെ സ്വത്വ അടയാളങ്ങളെ ഇല്ലാതാക്കലുമാണ് എന്ന കാര്യം ബുദ്ധിയും വിവേകവുമുള്ള എല്ലാ ഇന്ത്യക്കാർക്കും അറിയാവുന്ന കാര്യമാണ്. ആർ.എസ്.എസ് തൊടുത്തുവിട്ട മുസ്‌ലിം വിരുദ്ധ രാഷ്ട്രീയത്തിന്റെ അപകടങ്ങളെ കുറിച്ച് മുസ്‌ലിം സമുദായം മനസ്സിലാക്കുന്നുണ്ടോ എന്നത് പുനർവിചിന്തനം നടത്തേണ്ട കാര്യമാണ്. ആർ.എസ്.എസുമായി മൃദുസമീപനം വേണമോ വേണ്ടയോ എന്ന വിഷയത്തിൽ പോലും മുസ്‌ലിം സമുദായത്തെ വിവിധ തട്ടുകളിൽ നിർത്താൻ അവർക്ക് സാധിക്കുന്നു എന്നതാണ് അവരുടെ 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന കുതന്ത്ര രാഷ്ട്രീയത്തിന്റെ അപകടകരമായ പാർശ്വഫലങ്ങൾ.**

ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ കണ്ണും കരളും പഠിച്ചെടുത്തതുകൊണ്ട്, നിയമത്തിന്റെ നാനോന്മുഖമായ വശങ്ങളിലൂടെ സഞ്ചരിച്ച് ശിരോവസ്ത്ര നിരോധനമെന്ന കർണാടക സർക്കാറിന്റെ ഏകപക്ഷീയമായ തീരുമാനത്തിനെതിരെ ശക്തവും പ്രൗഢവുമായ ന്യായവാദങ്ങൾ നിരത്തിക്കൊണ്ടാണ് ലോകപ്രശസ്ത മനുഷ്യാവകാശ പ്രവർത്തകൻ കൂടിയായ ദുഷ്യന്ത് ദവെ സംസാരം അവസാനിപ്പിച്ചത്. ബിജോയ് ഇമ്മാനുവൽ സ്റ്റേറ്റ് ഓഫ് കേരള, സൂപ്രണ്ട് ജനറൽ റാം മനോഹർ ലോഹ്യ, ഐ.ആർ. കൊയ്‌ലോ സ്റ്റേറ്റ് ഓഫ് തമിൾനാട്, യംഗ് ലോയേഴ്സ് കേരള (ശബരിമല) തുടങ്ങി വിവിധ കേസുകളുടെ വിധികൾ അദ്ദേഹം ഉദ്ധരിച്ചു. മതപരമായ അവകാശങ്ങൾക്ക് മീതെ ഒരു നിയമത്തിനും നിലനിൽക്കാൻ സാധിക്കില്ലെന്ന സന്ദേശമാണ് പ്രസ്തുത വിധികൾ നൽകുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. യൂണിഫോം മൗലികാവകാശങ്ങളെക്കാൾ വലുതല്ലെന്നും മതസ്വാതന്ത്ര്യത്തിൽ അധിഷ്ഠിതമായ അവകാശങ്ങളുടെ പ്രാധാന്യം ഭരണഘടന അസ്സംബ്ലിയിൽ നടന്ന ചർച്ചകളിൽനിന്ന് വ്യക്തമാണെന്നും സൂചിപ്പിച്ച അദ്ദേഹം മുഴുവൻ സംസ്കാരങ്ങളെയും ഉൾക്കൊള്ളണമെന്ന ടാഗോറിന്റെയും വിവേകാനന്ദന്റെയും സന്ദേശങ്ങൾ വായിച്ചുകേൾപിച്ചുകൊണ്ടാണ് വാദങ്ങൾക്ക് പരിസമാപ്തി കുറിച്ചത്.

### ഇനി സർക്കാർ അഭിഭാഷകന്റെ ഊഴം

ശിരോവസ്ത്ര വിഷയത്തിൽ മുസ്‌ലിം പെൺകുട്ടികൾക്ക് വേണ്ടി സുപ്രീം കോടതിയിലെ ഏറ്റവും പ്രശസ്തരായ 18 അഭിഭാഷകരാണ് രണ്ടംഗ ബെഞ്ചിന് മുമ്പാകെ പോരാടിയത്. അവരിൽ അഞ്ച് പേരും വനിതകളായിരുന്നു. കർണാടക ഹൈക്കോടതി

**ശിരോവസ്ത്ര വിഷയത്തിൽ മുസ്‌ലിം പെൺകുട്ടികൾക്ക് വേണ്ടി സുപ്രീം കോടതിയിലെ ഏറ്റവും പ്രശസ്തരായ 18 അഭിഭാഷകരാണ് രണ്ടംഗ ബെഞ്ചിന് മുമ്പാകെ പോരാടിയത്. അവരിൽ അഞ്ച് പേരും വനിതകളായിരുന്നു. കർണാടക ഹൈക്കോടതി വിധിയുടെ അർഥശൂന്യത വ്യക്തമാക്കിക്കൊണ്ട് മുസ്‌ലിം പെൺകുട്ടികളുടെ ഭരണഘടനാപരമായ അവകാശത്തിനായി സുപ്രീം കോടതിയുടെ അകത്തളങ്ങളിൽ അക്ഷരാർഥത്തിൽ അവർ പൊരുതുകയായിരുന്നു. സർക്കാർ അഭിഭാഷകർ എത്രതന്നെ മതേതര ചിന്താഗതിക്കാരാണെങ്കിലും മതേതര വിരുദ്ധ ചേരി നാട് ഭരിക്കുമ്പോൾ അവർക്ക് അനുകൂലമായി സംസാരിക്കുക എന്ന നിവൃത്തികേട് അവർക്കുണ്ടാവുക സ്വാഭാവികമാണ്. അത് ശിരോവസ്ത്രത്തിന്റെ വിഷയത്തിലും പ്രകടമായി.**

വിധിയുടെ അർഥശൂന്യത വ്യക്തമാക്കിക്കൊണ്ട് മുസ്‌ലിം പെൺകുട്ടികളുടെ ഭരണഘടനാപരമായ അവകാശത്തിനായി സുപ്രീം കോടതിയുടെ അകത്തളങ്ങളിൽ അക്ഷരാർഥത്തിൽ അവർ പൊരുതുകയായിരുന്നു. വാദങ്ങൾ പൂർത്തിയായിക്കഴിഞ്ഞ ശേഷം സർക്കാർ അഭിഭാഷകരെ മറുവാദങ്ങൾ സമർപ്പിക്കാനായി രണ്ടംഗ ബെഞ്ച് ക്ഷണിച്ചു. സർക്കാറിന് വേണ്ടി സോളിസിറ്റർ ജനറൽ തുഷാർ മേത്തയും അഡീഷണൽ സോളിസിറ്റർ ജനറൽ കെ.എം. നടരാജനും കർണാടക അഡ്വക്കേറ്റ് ജനറൽ പ്രഭുലിംഗ് കെ നവാഡ്ഗിയുമാണ് ഹാജരായത്. സർക്കാർ അഭിഭാഷകർ എത്രതന്നെ മതേതര ചിന്താഗതിക്കാരാണെങ്കിലും മതേതര വിരുദ്ധ ചേരി നാട് ഭരിക്കുമ്പോൾ അവർക്ക് അനുകൂലമായി സംസാരിക്കുക എന്ന നിവൃത്തികേട് അവർക്കുണ്ടാവുക സ്വാഭാവികമാണ്. അത് ശിരോവസ്ത്രത്തിന്റെ വിഷയത്തിലും പ്രകടമായി.

### പദ്ധതി ആർ.എസ്.എസിന്റെ മുസ്‌ലിം ഉന്മൂലന സിദ്ധാന്തം

കർണാടക സർക്കാരിനും കേന്ദ്ര സർക്കാരിനും ശിരോവസ്ത്ര വിഷയത്തിൽ ഒരേ 'രാഷ്ട്രീയ'മാണുള്ളത്. മുസ്‌ലിം അടയാളങ്ങളെ ഇല്ലായ്മ ചെയ്യുക എന്നത് മാത്രമാണത്. ആർ.എസ്.എസ്. സംഘ്പരിവാർ നേതാക്കളും അതിന്റെ ആശയ നിർമാതാക്കളും ഉണ്ടായ കാലംതൊട്ട് അവർ യോജിച്ചുനിൽക്കുന്ന വിഷയം മുസ്‌ലിം ഉന്മൂലനവും മുസ്‌ലിം സമുദായത്തിന്റെ സ്വത്വ അടയാളങ്ങളെ ഇല്ലാതാക്കലുമാണ് എന്ന കാര്യം ബുദ്ധിയും വിവേകവുമുള്ള എല്ലാ ഇന്ത്യക്കാർക്കും അറിയാവുന്ന കാര്യമാണ്. ആർ.എസ്.എസ് തൊടുത്തുവിട്ട മുസ്‌ലിം വിരുദ്ധ രാഷ്ട്രീയത്തിന്റെ അപകടങ്ങളെ കുറിച്ച് മുസ്‌ലിം സമുദായം മനസ്സിലാക്കുന്നുണ്ടോ എന്നത് പുനർവിചിന്തനം നടത്തേണ്ട കാര്യമാണ്. ആർ.എസ്.എസുമായി മൃദുസമീപനം വേണമോ വേണ്ടയോ എന്ന വിഷയത്തിൽ പോലും മുസ്‌ലിം സമുദായത്തെ വിവിധ തട്ടുകളിൽ നിർത്താൻ അവർക്ക് സാധിക്കുന്നു എന്നതാണ് അവരുടെ 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന കുതന്ത്ര രാഷ്ട്രീയത്തിന്റെ അപകടകരമായ പാർശ്വഫലങ്ങൾ.

### സർക്കാറിനുവേണ്ടി സോളിസിറ്റർ ജനറൽ

സർക്കാറിനുവേണ്ടി സോളിസിറ്റർ ജനറൽ (എസ്.ജി) തുഷാർ മേത്തയാണ് ആദ്യമായി സംസാരിച്ചു തുടങ്ങിയത്. അദ്ദേഹം സംസാരം തുടങ്ങിയത് ഇങ്ങനെയാണ്: 'സർക്കാറിന്റെ സർക്കുലർ നിയമവിരുദ്ധമാണ് എന്നാണ് ഇവിടെ പരാതിക്കാർക്ക് വേണ്ടി ഹാജരായ അഭിഭാഷകർ പറഞ്ഞത്. ശിരോവസ്ത്രം മതത്തിന്റെ അവിഭാജ്യഘടകം (Essential Religious



Practice) ആണെന്നും അത് ഭരണഘടനയുടെ 19ാം അനുച്ഛേദപ്രകാരം സംരക്ഷിക്കപ്പെട്ടിട്ടുണ്ട് എന്നുമാണ് അവർ തുടർന്നു പറഞ്ഞത്. വിശാല ബെഞ്ചിന് വിടണമെന്നും ചിലർ പറയുകയുണ്ടായി.' തുഷാർ മേത്ത ഇത് പറഞ്ഞപ്പോൾ ഒരു മതാചാരം എസെൻഷ്യൽ ആണെങ്കിലും അല്ലെങ്കിലും അത് സംരക്ഷിക്കപ്പെടണമെന്നാണ് ശിരൂർ മഠം കേസ് ഉദ്ധരിച്ചുകൊണ്ട് ദുഷ്യന്ത് ദവെ ഇവിടെ പറഞ്ഞതെന്ന് ജസ്റ്റീസ് ഗുപ്ത പ്രതികരിച്ചു. ഒരു കേസിനെ മാത്രം ആസ്പദമാക്കി കാര്യങ്ങൾ തീരുമാനിക്കാൻ കഴിയില്ല എന്നായിരുന്നു എസ്.ജി.യുടെ മറുപടി.

### എസ്.ജി ഇരുട്ടുകൊണ്ട് ഓട്ടയടക്കുന്നു

ശിരോവസ്ത്രം നിരോധിച്ചുകൊണ്ട് ഒരു ഉത്തരവ് സർക്കാർ ഇറക്കിയിട്ടില്ല എന്നും വിദ്യാർഥികൾ യൂണിഫോം ധരിക്കണമെന്നു മാത്രമാണ് ഉത്തരവെന്നുമായിരുന്നു എസ്.ജിയുടെ വാദം. 2014ൽ സർക്കാർ ഇറക്കിയ ഉത്തരവിൽ യൂണിഫോം നിയമവിരുദ്ധമാണെന്ന പരാമർശം ഉള്ളതായി ദവെ പറയുകയുണ്ടായെന്ന് ജസ്റ്റിസ് ഗുപ്ത ചൂണ്ടിക്കാട്ടിയപ്പോൾ പ്രസ്തുത രേഖ കഴമ്പില്ലാത്തതാണെന്ന് ഹൈക്കോടതി കണ്ടെത്തിയെന്നായിരുന്നു എസ്.ജിയുടെ മറുപടി. 'രണ്ടു കാര്യങ്ങളാണ് എസ്.ജി കോടതി മുമ്പാകെ സമർപ്പിച്ചത്. ഒന്നാമത്തേത് 2021 വരെ ഒരു വിദ്യാർഥിനിയും ശിരോവസ്ത്രം ധരിച്ചിരുന്നില്ല. രണ്ടാമത്തേത് ശിരോവസ്ത്രം മാത്രം നിരോധിച്ചു എന്ന വാദം തെറ്റാണ്. ചിലർ കാവി ഷോൾ അണിഞ്ഞുവന്നപ്പോൾ അതും നിരോധിച്ചിട്ടുണ്ട്. സർക്കാർ അപ്രകാരം ചെയ്തില്ലായിരുന്നുവെങ്കിൽ ഭരണഘടനാപരമായ കടമകൾ നിർവഹിച്ചില്ല എന്നതിന്റെ പേരിൽ സർക്കാർ പ്രതിക്കൂട്ടിൽ ആകുമായിരുന്നു.' തുഷാർ മേത്ത പറഞ്ഞു.

**വിശദീകരണം:**

സർക്കാർ അഭിഭാഷകൻ ഇവിടെ ഇരുട്ടുകൊണ്ട് ഓട്ടയടക്കാനാണ് ശ്രമിക്കുന്നത്. കാവി ഷോൾ എന്നത് ഏതെങ്കിലും മതവിഭാഗം അവരുടെ വേഷമായി സ്വീകരിച്ചുവരുന്ന ഒന്നല്ല. അതേസമയം ശിരോവസ്ത്രം മുസ്‌ലിം സ്ത്രീകളെ സംബന്ധിച്ചിടത്തോളം അവർ നൂറ്റാണ്ടുകളായി ധരിച്ചുവരുന്ന വേഷമാണ്. 2021 മുതൽ മാത്രമാണ് ശിരോവസ്ത്രം മുസ്‌ലിം വിദ്യാർഥിനികൾ അണിഞ്ഞുവന്നത് എന്ന സർക്കാർ വാദം സത്യമല്ല. സർക്കാർ സംവിധാനങ്ങളുടെ ദുഷ്ടോപദേശത്തിന്റെയും ഗൂഢാലോചനയുടെയും ഫലമായാണ് ചില കുട്ടികൾ കാവി ഷോൾ അണിഞ്ഞുവന്നത് എന്നതാണ് സത്യം. അത് മറച്ചുവെച്ചിട്ട് കാര്യമില്ല. കാവി ഷോളിന്റെ പിന്നിൽ തുടക്കത്തിൽ ദേവദത്ത് കാമത്ത് സൂചിപ്പിച്ച അസഹിഷ്ണുതാപരമായ എതിർപ്പ് അഥവാ 'Hecklers Veto' മാത്രമാണ് എന്നത് പശ്ചാത്തലങ്ങൾ പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളൂ.

**കാവി ഷോൾ എന്നത് ഏതെങ്കിലും മതവിഭാഗം അവരുടെ വേഷമായി സ്വീകരിച്ചുവരുന്ന ഒന്നല്ല. അതേസമയം ശിരോവസ്ത്രം മുസ്‌ലിം സ്ത്രീകളെ സംബന്ധിച്ചിടത്തോളം അവർ നൂറ്റാണ്ടുകളായി ധരിച്ചുവരുന്ന വേഷമാണ്. 2021 മുതൽ മാത്രമാണ് ശിരോവസ്ത്രം മുസ്‌ലിം വിദ്യാർഥിനികൾ അണിഞ്ഞുവന്നത് എന്ന സർക്കാർ വാദം സത്യമല്ല. സർക്കാർ സംവിധാനങ്ങളുടെ ദുഷ്ടോപദേശത്തിന്റെയും ഗൂഢാലോചനയുടെയും ഫലമായാണ് ചില കുട്ടികൾ കാവി ഷോൾ അണിഞ്ഞുവന്നത് എന്നതാണ് സത്യം. അത് മറച്ചുവെച്ചിട്ട് കാര്യമില്ല. കാവി ഷോളിന്റെ പിന്നിൽ തുടക്കത്തിൽ ദേവദത്ത് കാമത്ത് സൂചിപ്പിച്ച അസഹിഷ്ണുതാപരമായ എതിർപ്പ് അഥവാ 'Hecklers Veto' മാത്രമാണ് എന്നത് പശ്ചാത്തലങ്ങൾ പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളൂ.**



### പ്രതിഷേധം ആസൂത്രിതമെന്ന് എസ്.ജി

എസ്.ജി.തുടരുന്നു: 2013 മാർച്ചിൽ ഉഡുപ്പിയിലെ പ്രീ യൂണിവേഴ്സിറ്റി കോഴ്സ് (PUC) ബോർഡ് യൂണിഫോം നിഷ്കർഷിച്ചുകൊണ്ടുള്ള ഉത്തരവ് ഇറക്കിയിരുന്നു. അതിൽ ശിരോവസ്ത്രം അനുവദിച്ചിരുന്നില്ല. 2014ൽ കോളേജ് ഡെവലപ്പ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കാനുള്ള സർക്കുലർ സർക്കാർ ഇറക്കിയതോടെ മറ്റുള്ള പി.യു.സികളും അതേമാർഗം അവലംബിച്ചു. വിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന സമയത്ത് എല്ലാ മാനദണ്ഡങ്ങളും പാലിക്കുമെന്നാണ് വിദ്യാർഥിനികൾ ഉറപ്പുകൊടുത്തത്. എന്നാൽ പിന്നീട് വളരെ പെട്ടെന്ന് ശിരോവസ്ത്രം അണിയുമെന്ന തീരുമാനത്തിലേക്ക് അവർ വരികയായിരുന്നു. 2022ൽ പോപ്പുലർ ഫ്രണ്ടിന്റെ നേതൃത്വത്തിൽ നടന്ന ഗൂഢാലോചനയാണ് ശിരോവസ്ത്രത്തിന് വേണ്ടിയുള്ള മുറവിളി. വിദ്യാർഥിനികളിൽനിന്നും സ്വതസിദ്ധമായി വളർന്നുവന്ന ആവശ്യ

മായിരുന്നില്ല ഇത്. പി.എഫ്.ഐ നടത്തിയ ഗൂഢാലോചനയുടെ ഭാഗം മാത്രമാണ് ഇപ്പോൾ നടക്കുന്ന വിവാദം. അധ്യയന വർഷത്തിന്റെ മധ്യത്തിലാണ് പ്രശ്നങ്ങൾ ആരംഭിക്കുന്നത് എന്നതുകൊണ്ടു തന്നെ ഈ വിവാദം സാമൂഹികമായ അശാന്തി സൃഷ്ടിക്കുന്നതിന് വേണ്ടിയാണ് എന്ന് മനസ്സിലാക്കാൻ പ്രയാസമില്ല.

എസ്.ജി തുടരുന്നു: 'വിദ്യാർഥിനികൾ സ്വന്തം നിലക്ക് ചിന്തിച്ചുകൊണ്ടുണ്ടായ മുറവിളിയല്ല ഇപ്പോൾ കർണാടകയിൽ ഉണ്ടായിട്ടുള്ളത്. ശിരോവസ്ത്രം അണിയാതിരുന്ന ചിലർ പെട്ടെന്ന് അത് ധരിച്ചുകൊണ്ട് പ്രശ്നങ്ങൾ സൃഷ്ടിക്കുകയായിരുന്നു. അതിന്റെ പിന്നിൽ വലിയ ഗൂഢാലോചനകൾ ഉണ്ട്. അവ പുറത്തുകൊണ്ടുവരുന്നതിന് വേണ്ടിയുള്ള നടപടികൾ പോലീസ് ആരംഭിച്ചിട്ടുണ്ട്. കുറ്റവാളികളെ കണ്ടെത്തി അവർക്കെതിരെയുള്ള കുറ്റപത്രം തയ്യാറായി വരികയാണ്.'

**വിശദീകരണം:**

ചില സ്കൂൾ അധികൃതർ നിർമിക്കുന്ന നിയമങ്ങളെ ചോദ്യം ചെയ്യാൻ സാധിക്കാതെ വീർപ്പുമുട്ടിയാണ് പല വിദ്യാർഥിനികളും വിദ്യാലയങ്ങളിൽ കഴിയുന്നത് എന്ന യാഥാർഥ്യത്തെ മറച്ചുപിടിച്ചുകൊണ്ടാണ് എസ്.ജി സംസാരിക്കുന്നത്. കർണാടകയിൽതന്നെ ശിരോവസ്ത്രം അനുവദിച്ചുകൊടുത്തിട്ടുള്ള ധാരാളം വിദ്യാലയങ്ങൾ ഉണ്ടായിരുന്നു എന്ന വസ്തുതയും മറച്ചുപിടിക്കുന്നു. പി.എഫ്.ഐ. എന്ന തീവ്രവാദ സംഘടന ഈ ആവശ്യം ഉന്നയിച്ചു എന്നതുകൊണ്ടുമാത്രം വിദ്യാർഥിനികളുടെ ആവശ്യം ന്യായമല്ലാതാകുന്നില്ല. അവരുടെ ആവശ്യം ഭരണഘടനാപരമാണോ എന്നും മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ അനുസരിച്ചാണോ എന്നുമാണ് കോടതികൾ പരിശോധിക്കേണ്ടത്. സാമൂഹികമായ അശാന്തി ഉണ്ടാവുന്നത് മൗലികാവകാശങ്ങൾ ലംഘിച്ചത് മൂലമുണ്ടായ സാമൂഹികമായ

> **ചില സ്കൂൾ അധികൃതർ നിർമിക്കുന്ന നിയമങ്ങളെ ചോദ്യം ചെയ്യാൻ സാധിക്കാതെ വീർപ്പുമുട്ടിയാണ് പല വിദ്യാർഥിനികളും വിദ്യാലയങ്ങളിൽ കഴിയുന്നത് എന്ന യാഥാർഥ്യത്തെ മറച്ചുപിടിച്ചുകൊണ്ടാണ് എസ്.ജി സംസാരിക്കുന്നത്. കർണാടകയിൽതന്നെ ശിരോവസ്ത്രം അനുവദിച്ചുകൊടുത്തിട്ടുള്ള ധാരാളം വിദ്യാലയങ്ങൾ ഉണ്ടായിരുന്നു എന്ന വസ്തുതയും മറച്ചുപിടിക്കുന്നു. പി.എഫ്.ഐ. എന്ന തീവ്രവാദ സംഘടന ഈ ആവശ്യം ഉന്നയിച്ചു എന്നതുകൊണ്ടുമാത്രം വിദ്യാർഥിനികളുടെ ആവശ്യം ന്യായമല്ലാതാകുന്നില്ല. അവരുടെ ആവശ്യം ഭരണഘടനാപരമാണോ എന്നും മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ അനുസരിച്ചാണോ എന്നുമാണ് കോടതികൾ പരിശോധിക്കേണ്ടത്.**


അസമത്വം കാരണമാണെങ്കിൽ അങ്ങനെയുള്ള അസമത്വങ്ങൾ ഇല്ലാതാക്കാനാണ് സർക്കാർ ശ്രമിക്കേണ്ടത്.

ഏതെങ്കിലും സംഘടനകൾ നിയമം കൈയിലെടുത്ത് പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കുകയാണ് വേണ്ടത്. നിയമം കൈയിലെടുത്ത് പ്രവർത്തിച്ചു എന്നതിന്റെ പേരിൽ മാത്രം ആവശ്യങ്ങൾ ന്യായമല്ല എന്ന് എങ്ങനെ വിധിയെഴുതും?

**ക്രമസമാധാനം എന്ന തുറുപ്പുശീട്ട്**

എസ്.ജി ന്യായീകരണം തുടരുന്നു: വിദ്യാർഥിനികൾ നേരത്തെ ശിരോവസ്ത്രം അണിഞ്ഞിരുന്നു എന്ന് അവർ നൽകിയ റിട്ട് പെറ്റിഷനിൽ വ്യക്തമാണല്ലോ എന്ന് ജസ്റ്റിസ് ഗുപ്ത ചൂണ്ടിക്കാട്ടിയപ്പോൾ അതിൽ വസ്തുതയില്ല എന്ന് ഹൈക്കോടതി തന്നെ വ്യക്തമാക്കിയിട്ടുണ്ട് എന്നായിരുന്നു സോളിസിറ്റർ ജനറലിന്റെ ഒട്ടും വ്യക്തമല്ലാത്ത മറുപടി.

സർക്കാർ ക്രമസമാധാന പാലനത്തിനാണ് (Public Order) കൂടുതൽ മുൻഗണന നൽകുന്നത് എന്ന് എസ്.ജി. പറഞ്ഞപ്പോൾ ഏത് 'Public Order'ന്റെ കാര്യമാണ് താങ്കൾ പറയുന്നത് എന്ന് ജസ്റ്റിസ് ധൂലിയ ചോദിച്ചു. ഒരു വിഭാഗം ശിരോവസ്ത്രം ധരിച്ചുവന്നു സ്കൂൾ കവാടത്തിന് പുറത്ത് സമരം ചെയ്തപ്പോൾ മറുവിഭാഗം കാവി ഷോൾ അണിഞ്ഞു വന്നു പ്രതിഷേധിച്ചു. അവരും സമരത്തിലേർപ്പെട്ടു. അത് സംഘട്ടനത്തിലേക്ക് നയിച്ചു. അതാണ് 'Public Order' നെ ബാധിച്ചു എന്ന് പറഞ്ഞതുകൊണ്ടുള്ള ഉദ്ദേശ്യം എന്നായിരുന്നു എസ്.ജിയുടെ മറുപടി. ഒരു പ്രത്യേക വിഭാഗത്തി



ന് മാത്രം യൂണിഫോമിൽനിന്ന് വിടുതൽ നൽകിയാൽ അത് സ്വാഭാവികമായും ക്രമസമാധാനത്തെ ബാധിക്കുമെന്നും യൂണിഫോം നിർദേശിക്കപ്പെടാത്ത സാഹചര്യത്തിൽ ഇന്ത്യയുടെ ഏകത, സമത്വം, ക്രമസമാധാനം എന്നിവയിൽ അധിഷ്ഠിതമായ വസ്ത്രം മാത്രമെ ധരിക്കാവൂ എന്നാണ് സർക്കുലർ നിർദേശിച്ചിട്ടുള്ളത് എന്നും സർക്കാർ അഭിഭാഷകനായ തുഷാർ മേത്ത പറഞ്ഞു.

**വിശദീകരണം:**

നിർദേശിക്കപ്പെട്ട യൂണിഫോമിന്റെ അതേ നിറത്തിലുള്ള ശിരോവസ്ത്രം ധരിക്കുവാനുള്ള അവകാശമാണ് വിദ്യാർഥിനികൾ ചോദിക്കുന്നത്. എന്നാൽ അവരുടെ ആവശ്യത്തെ തോൽപിക്കുന്നതിന് വേണ്ടി യൂണിഫോമിന്റെ നിറത്തിലുള്ള ഷോൾ അണിഞ്ഞുകൊണ്ടല്ല മറുവിഭാഗം പ്രതിഷേധവുമായി വന്നത്. യൂണിഫോമിന്റെ നിറവുമായി ബന്ധമില്ലാത്ത കാവി നിറത്തിലുള്ള ഷോൾ ആണ് ധരിച്ചത്. മാത്രവുമല്ല കാവി ഷോൾ അണിഞ്ഞു വന്നവരിൽ അധികവും ആൺകുട്ടികൾ ആയിരുന്നു എന്നതുകൂടി ശ്രദ്ധിക്കേണ്ടതുണ്ട്. കാവി ഷോൾ അണിഞ്ഞതിന് മതപരമായ ന്യായീകരണമല്ല അതിലൂടെ വരുന്നത്. മറിച്ച് ശിരോവസ്ത്രത്തെ കാവി രാഷ്ട്രീയത്തിലൂടെ പ്രതിരോധിക്കുമെന്നാണ് 'പ്രതിഷേധക്കാർ' വ്യക്തമാക്കുന്നത്. കാവി വസ്ത്രം ഏകതയെയും സമത്വത്തെയും ക്രമസമാധാനത്തെയും പ്രതിനിധീകരിക്കുന്നു എന്ന് വ്യംഗ്യമായി സൂചിപ്പിക്കുക കൂടിയാണ് സർക്കാർ വക്കീൽ ചെയ്യുന്നത്.

**എസ്.ജിയെ ജഡ്ജുമാർ ക്രോസ് ചെയ്യുന്നു**

എസ്.ജിയുടെ സംസാരം കേട്ട ജസ്റ്റിസ് ഗുപ്ത ഇങ്ങനെ ചോദിച്ചു: 'മിസ്റ്റർ മേത്ത, താങ്കൾ ഉയർത്തിയ വാദം ശരിയെന്ന് തോന്നുന്നില്ല. വിദ്യാഭ്യാസ ചട്ടങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനാണ്, അല്ലാതെ വിദ്യാർഥികൾക്ക് മേൽ നിയന്ത്രണം കൊണ്ടുവരാനല്ല. വിദ്യാർഥികൾ പാലിക്കേണ്ട നിർദേശങ്ങളെക്കുറിച്ച് പറയുന്ന ഒന്നും സർക്കാറിന്റെ സർക്കുലറിൽ പറയുന്നില്ല.' ഇതിനു മറുപടിയായി തുഷാർ മേത്ത പറഞ്ഞത് 'വിദ്യാർഥികൾ പാലിക്കേണ്ട നിയമങ്ങളെ കുറിച്ച് സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയായിരുന്നു' എന്നാണ്. വിദ്യാർഥികളെ നേരിട്ട് അഭിസംബോധനം ചെയ്തിട്ടില്ല തുടങ്ങിയ ദുർബലവാദങ്ങളാണ് അദ്ദേഹം നിരത്തിയത്.

ജസ്റ്റിസ് ധൂലിയയുടെ വളരെ പ്രസക്തമായ ഒരു ചോദ്യം ഇങ്ങനെയായിരുന്നു: 'യൂണിഫോം എന്ന നിയമം ഇല്ലായിരുന്നുവെങ്കിൽ നിങ്ങൾ മുസ്‌ലിം വിദ്യാർഥിനികളെ ശിരോവസ്ത്രം ധരിക്കാൻ അനുവദിക്കുമായിരുന്നു എന്നാണോ പറയുന്നത്?' എസ്.ജി അതിനു പറഞ്ഞ മറുപടി ഇങ്ങനെയായിരുന്നു: 'മാനേജ്മെന്റ് യൂണിഫോം നിർദേശിച്ചിട്ടില്ലെങ്കിൽ, സമത്വം, ഐക്യം എന്നീ ആശയങ്ങളുമായി ഒന്നിച്ചുപോകുന്ന വസ്ത്രങ്ങളാണ് അനുവദിക്കുക. ഏതെങ്കിലും പ്രത്യേക മതത്തിന്റെ അടയാളമായി വരുന്ന ഹിജാബ്, കാവി എന്നിവ അനുവദിക്കുകയില്ല. സ്കൂളുകളിൽ ഓരോ മതത്തിന്റെയും വക്താക്കളായിട്ടല്ല, കുട്ടികൾ വിദ്യാർഥികളായിട്ടാണ് പ്രവേശിക്കേണ്ടത്.'

> **സർക്കാറിന് ഇടപെടേണ്ട യാതൊരു ആവശ്യവുമില്ലാത്ത ഒരു കാര്യത്തിൽ സ്കൂൾ ഡെവലപ്മെന്റ് കമ്മിറ്റികൾ വഴി രാഷ്ട്രീയവും അന്യമതദ്വേഷവും നടപ്പാക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. യൂണിഫോം നിയമം ഇല്ലെങ്കിൽ പോലും ശിരോവസ്ത്രം അനുവദിക്കുമായിരുന്നില്ല എന്ന സൂചന സർക്കാറിന്റെ ഹിന്ദുത്വ രാഷ്ട്രീയത്തെയാണ് പ്രകടമാക്കുന്നത്. സമത്വം, ഐക്യം എന്നീ പദങ്ങളിൽ കടിച്ചുതൂങ്ങി തങ്ങൾ വ്യാഖ്യാനിക്കുകയും നടപ്പാക്കുകയും ചെയ്യുന്ന വിധത്തിൽ മാത്രം ഐക്യസമത്വങ്ങളെ നിർവചിക്കുക എന്ന ഞാണിന്മേൽ കളിയാണ് സർക്കാർ നടത്തുന്നത് എന്ന് സർക്കാർ അഭിഭാഷകന്റെ മറുപടിയിൽ നിന്നും വ്യക്തമാണ്.**

**വിശദീകരണം:**

വിദ്യാർഥികളുടെ മൗലികാവകാശങ്ങളെ കുറിച്ച് സംസാരിക്കാൻ സർക്കാറുകൾക്ക് അവകാശമില്ല. ഏതെങ്കിലും വിധേനയുള്ള നിയന്ത്രണങ്ങൾ ആവശ്യമെങ്കിൽ വരുത്തേണ്ടത് സ്കൂൾ അധികൃതരാണ്. എന്നാൽ വളഞ്ഞ വഴിക്ക് മൂക്ക് പിടിച്ചുകൊണ്ടുള്ള ഒരു അഭ്യാസത്തിനാണ് ഇവിടെ സർക്കാർ മുതിർന്നത്. സർക്കാറിന് ഇടപെടേണ്ട യാതൊരു ആവശ്യവുമില്ലാത്ത ഒരു കാര്യത്തിൽ സ്കൂൾ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ വഴി രാഷ്ട്രീയവും അന്യമതദ്വേഷവും നടപ്പാക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. യൂണിഫോം നിയമം ഇല്ലെങ്കിൽ പോലും ശിരോവസ്ത്രം അനുവദിക്കുമായിരുന്നില്ല എന്ന സൂചന സർക്കാറിന്റെ ഹിന്ദുത്വ രാഷ്ട്രീയത്തെയാണ് പ്രകടമാക്കുന്നത്. സമത്വം, ഐക്യം എന്നീ പദങ്ങളിൽ കടിച്ചുതൂങ്ങി തങ്ങൾ വ്യാഖ്യാനിക്കുകയും നടപ്പാക്കുകയും ചെയ്യുന്ന വിധത്തിൽ മാത്രം ഐക്യസമത്വങ്ങളെ നിർവചിക്കുക എന്ന ഞാണിന്മേൽ കളിയാണ് സർക്കാർ നടത്തുന്നത് എന്ന് സർക്കാർ അഭിഭാഷകന്റെ മറുപടിയിൽ നിന്നും വ്യക്തമാണ്.

**(തുടരും)**

*അടുത്ത ലക്കത്തിൽ:*

**എസൻഷ്യൽ പ്രാക്റ്റിസും സർക്കാർ ദുർവ്യാഖ്യാനങ്ങളും**

കവിത

# അങ്ങനെയിരിക്കെ...!



**ഹിബ ശബീബ് ടി.പി, എളയൂർ**

അങ്ങനെയിരിക്കെ...
ഞാൻ കേട്ടു നിൻ കാലൊച്ച!
എൻ സ്വപ്നങ്ങൾ പൂവണിയും മുമ്പേ
എന്നിലേക്ക് വരരുതേ എന്നാഗ്രഹിച്ചുപോയി;
എന്നെയുംകൊണ്ടേ പോകൂ എന്നറിഞ്ഞിട്ടും!
ഞാൻ ഒരുങ്ങിയിട്ടില്ല; എനിക്കായ്.
അൽപസമയമെങ്കിലും പിന്തിച്ചു തരാൻ
ഞാൻ കേണുപറഞ്ഞെങ്കിലും
കേട്ടില്ല എൻ നൊമ്പരപ്പിടച്ചിൽ.
പലരുടെയും നിലവിളികൾക്ക് മുമ്പിൽ
ഒരുക്കിക്കിടത്തിയെന്നെ എന്റെയുറ്റവർ.
പുതുലോകത്തേക്ക് പരുക്കൻ തുണിയിൽ
പൊതിഞ്ഞെന്നെ വഹിച്ചു കൊണ്ടുപോകാൻ
പുത്തൻ വാഹനമില്ലായിരുന്നു;
ഉള്ളത് ആറു കാലുള്ള കട്ടിൽ.
പണിതീരാത്ത വലിയ വീട്ടിൽ
കിടന്നുറങ്ങിയിരുന്ന എന്നെ
പരക്കം പാഞ്ഞ് പണിതീർത്ത
കുടുസ്സായ ഒറ്റമുറി വീട്ടിൽ
ഇറക്കിവെച്ച് മണ്ണോടു ചേർത്തു.
മണ്ണാൽ പുതച്ചുമൂടിത്തന്ന്
പിരിഞ്ഞെന്റെയുറ്റവർ, കൂട്ടുകാർ!
അങ്ങനെയിരിക്കെ.....

# മക്കളുടെ ലഹരിയുപയോഗം: ഉമ്മമാരറിയാൻ

**ഡോ.യാസ്മിൻ എം അബ്ബാസ്**
**പട്ടാമ്പി**



പഠന വിഷയങ്ങളിലാവട്ടെ പാഠ്യേതര മേഖലകളിലാവട്ടെ, വളർന്നുവരുന്ന തലമുറക്ക് ഇടപെടേണ്ടിവരുന്ന തലങ്ങൾ മാതാപിതാക്കളുടെ തണലുകൾക്കുമപ്പുറമാണ്. വിദ്യ നുകരാനായി വീട് വിട്ടിറങ്ങുന്ന പൊന്നുമക്കളെ ലിംഗ, പ്രായ ഭേദമന്യെ കാത്തിരിക്കുന്ന ചതിക്കുഴികൾ സാധാരണക്കാരായ രക്ഷിതാക്കൾക്ക് തിരിച്ചറിയാൻ പോലും കഴിയാത്തതാണ്

മധുരം നുണഞ്ഞ് കളിച്ചു നടക്കേണ്ട നമ്മുടെ പിഞ്ചുമക്കൾക്ക് മുന്നിൽ ലഹരിയുടെ വഴികൾ മിഠായിയുടെ രൂപത്തിൽ പോലും പ്രത്യക്ഷപ്പെടുന്നു. ലഹരി മരുന്നുകളുടെ വളരെ ചെറിയ ഒരളവു മാത്രം മതി ഒരു വ്യക്തിയെ അതിന്റെ അടിമത്തത്തിലേക്ക് വഴി നടത്താൻ. അതുകൊണ്ട്തന്നെ തിരിച്ചറിയാൻ കഴിയാത്ത രൂപത്തിൽ സ്ഥിരമായി ചെറിയ അളവിൽ മാത്രം ലഹരി നൽകുകയും വഴിയെ ആ വ്യക്തിയെ അതിന് അടിമപ്പെടുത്തുകയും ചെയ്യുന്നത് വഴിയാണ് ലഹരി മാഫിയകൾ പുതിയ ഇരകളെ കണ്ടെത്തുന്നത്.

പിന്നീട് അത് നേടാനായി എന്തും ചെയ്യാൻ മടിക്കാത്ത ഒരു അവസ്ഥയിലേക്ക് കുട്ടികളെ കൊണ്ടെത്തിക്കുന്നു. ഫലമോ, ജീവിതം എന്തെന്ന് മനസ്സിലാകുന്ന പ്രായം എത്തുന്നതിനു മുമ്പേ അവർ നാശത്തിലേക്ക് കൂപ്പുകുത്തുന്നു. കാരണം ആരോഗ്യവും സംസ്കാരവും സമ്പത്തും അഭിമാനവുമെല്ലാം നശിപ്പിച്ചുകളയാൻ ശേഷിയുള്ളതാണ് ലഹരി.


ശാരീരികമായും മാനസികമായും പലവിധത്തിൽ ലഹരിപദാർഥങ്ങൾ മനുഷ്യനെ സ്വാധീനിക്കും. മസ്തിഷ്കത്തിന്റെ സാമാന്യ പ്രവർത്തനത്തെ ഇതു ബാധിക്കും. സാഡീവ്യൂഹത്തെ മന്ദീഭവിപ്പിച്ച് അതിന്റെ പ്രവർത്തനശേഷി കുറയ്ക്കാൻ ലഹരിപദാർഥങ്ങൾക്കു കഴിയും. അതിനാൽ ലഹരിപദാർഥങ്ങൾക്ക് മനുഷ്യന്റെ വ്യവഹാരത്തിൽ പ്രകടമായ മാറ്റങ്ങൾ ഉളവാക്കാൻ കഴിയും. ലഹരിപദാർഥങ്ങളുടെ അമിത ഉപയോഗത്താൽ വളരെ കടുത്തരീതിയിലുള്ള ശാരീരിക പ്രത്യാഘാതങ്ങളും ഉണ്ടാകാവുന്നതാണ്.

എന്താണ് ഒരു പോംവഴി? സമൂഹവുമായി ഇടപഴകാൻ അനുവദിക്കാതെ, വിദ്യ നേടാൻ പറഞ്ഞയക്കാതെ മക്കളെ വീട്ടിനുള്ളിൽ തളച്ചിടണോ? അത് പ്രായോഗികമോ പരിഹാരമോ അല്ല. ഈ വിഷയത്തിൽ സമൂഹത്തിന്റെ ഉത്തരവാദിത്തത്തോടെയുള്ള ഇടപെടൽ അനിവാര്യമാണ്.

എന്തും രുചിച്ചു നോക്കാൻ വെമ്പൽകൊള്ളുന്ന കൗമാര പ്രായക്കരോട് എന്തും ഏതും അരുത് എന്ന് പറയുന്നതിനനുസരിച്ച് അതിനോടുള്ള ഭ്രമം അവരിൽ അധികരിക്കുകയാണ് ചെയ്യുക. കുഞ്ഞുനാളിലേ ഇസ്‌ലാമിക ശിക്ഷണത്തിൽ വളർത്തുക എന്നതാണ് പ്രധാനം. നന്മയും തിന്മയും തിരിച്ചറിയാനും തിന്മയിൽനിന്നും വിട്ടുനിൽക്കാനുമുള്ള ഒരു ബോധം അവരിൽ ഉണ്ടാക്കിയെടുക്കുക. ലഹരി തന്റെ ആരോഗ്യത്തെ നശിപ്പിക്കുന്ന പോലെത്തന്നെ തന്റെ കുടുംബത്തെയും സമൂഹത്തെയും നശിപ്പിക്കുന്ന അപകടകാരിയാണെന്ന് അവരിൽ തിരിച്ചറിവ് ഉണ്ടാക്കുക. അതിലെല്ലാമുപരി പാരത്രികലോകത്തെ ശിക്ഷയെക്കുറിച്ച് ബോധമുള്ളവരാക്കുക.

അപരിചിതർ നൽകുന്ന ഒരു മിഠായി പോലും വാങ്ങി കഴിക്കരുത് എന്നു പറഞ്ഞുകൊടുക്കേണ്ട അവസ്ഥയാണിന്നുള്ളത്. ഓരോരുത്തരെയും അവരുടെ പ്രായത്തിനും ബുദ്ധിക്കുമനുസരിച്ച് ലഹരിയുടെ അപകടങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തുക.

മയക്കുമരുന്നിന് അടിമയാകുന്നവരിൽ അധികംപേർക്കും ഏതെങ്കിലും തരത്തിലുള്ള വ്യക്തിത്വവൈകല്യം ഉണ്ടായിരിക്കും. ഇത് വളരെ പെട്ടെന്ന് കണ്ടെത്താൻ ഉമ്മമാർക്ക് സാധിക്കും. മക്കളുടെ പെരുമാറ്റത്തിലെ ചെറിയ മാറ്റം പോലും തിരിച്ചറിയുന്നവരാണല്ലോ ഉമ്മമാർ. വൈകാരിക അസ്ഥിരത, എടുത്തുചാട്ടം, മുൻകോപം, മോഷണം, ധാരാളമായി കള്ളം പറയുക, ഭക്ഷണത്തോട് താൽപര്യമില്ലായ്മ, ഉറക്കക്കുറവ് തുടങ്ങിയവ മക്കളിൽ കണ്ടുതുടങ്ങിയാൽ അതിനെ നിസ്സാരമാക്കി തള്ളിക്കളയരുത്.



# ശർത്വുകളും ചില ഫിത്നകളും

നജീബ്

കേരളക്കരയിലെ സംഘടിത സലഫി ദഅ്വത്തിനെ ശിഥിലീകരിക്കാനും അണികൾക്കിടയിൽ ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കാനുമായി 'സംഘടന തിന്മയാണ്, നമുക്കത് വേണ്ട' എന്ന നൂതനവാദവുമായി ചിലർ രംഗപ്രവേശം ചെയ്യുകയുണ്ടായി. പ്രമാണങ്ങൾകൊണ്ടും സലഫി പണ്ഡിതന്മാരുടെ ഫത്വകൾകൊണ്ടും പ്രസ്തുത വസ്‌വാസിനെ സലഫീകേരളം നേരിട്ടപ്പോൾ ആ വിഷയത്തിൽനിന്ന് മെല്ലെ പിൻവലിഞ്ഞ് പണ്ഡിത ലോകത്ത് അഭിപ്രായ വ്യത്യാസങ്ങളുള്ള പല മസ്അലകളും വലിച്ചിട്ട് ഫിത്നകൾക്ക് ആക്കംകൂട്ടുകയും സാധാരണക്കാരായ പലരെയും തെറ്റിദ്ധരിപ്പിച്ച് സംഘടിത സലഫീ ദഅ്വത്തിന്റെ ശത്രുക്കളോ നിഷ്ക്രിയരോ ആക്കുകയും ചെയ്ത ശേഷം സംഘടനാവിരോധത്തിന്റെ താത്വികാചാര്യൻ തന്റെ പണി അവസാനിപ്പിച്ചപ്പോൾ ഏറെക്കുറെ അതേ ലക്ഷ്യത്തിലെന്നോണം ഇറങ്ങിത്തിരിച്ചവർ ഉയർത്തിവിട്ട മറ്റൊരു ഫിത്നയാണ് ശുറൂത്വ് വിവാദം.

'സംഘടന അനുവദനീയമാണ്; പക്ഷേ, ചില ശർത്വുകളോടുകൂടി' എന്ന് പറഞ്ഞ് നിലവിലുള്ള സംഘടനാസംവിധാനത്തെയും നേതൃത്വത്തെയും യാതൊരുവിധ തത്ത്വദീക്ഷയുമില്ലാതെ ആക്ഷേപിച്ചു കൊണ്ടായിരുന്നു പുതിയ ഫിത്നയുമായി ചിലർ രംഗത്തുവന്നത്. ആദർശപരമായോ രീതിശാസ്ത്രപരമായോ എന്തെങ്കിലും വൈകല്യങ്ങളോ വ്യതിയാനങ്ങളോ ഉണ്ടെങ്കിൽ പ്രമാണബദ്ധമായി ഗുണകാംക്ഷയോടെ അത് ഉണർത്തുന്നതിന് പകരം കാടടച്ചു വെടിവെക്കുന്ന സ്വഭാവവും വൈകാരികതയുടെ കലിതുള്ളലുമാണ് ഇക്കൂട്ടരിലും നാം കണ്ടത്! അവസാനം, തന്നെ അനുകൂലിക്കാത്തവർ സലഫിയ്യത്തിൽ നിന്നും അഹ്‌ലുസ്സുന്നയിൽനിന്നും പുറത്താണെന്ന് പ്രഖ്യാപിച്ച് അവരോട് കേവലം 'അഹ്‌ലുൽ ക്വിബ്‌ല'യുടെ ആളുകൾ എന്ന നിലയിലുള്ള ബന്ധം മാത്രമെ പാടുള്ളൂ എന്നും വേറിട്ടുനിന്ന്, വ്യതിരിക്തത പുലർത്തി ജീവിക്കണമെന്ന് അനുയായികളോട് ഉപദേശിക്കുക വരെ ചെയ്തു ഈ വിഭാഗത്തിന്റെ അമരക്കാരൻ!

അന്ധമായ വിരോധവും താൻ പോരിമയും ഏതൊരു മനുഷ്യനെയും എത്രവരെ അധഃപതിപ്പിക്കുമെന്ന് കൂടി ഈ സംഭവങ്ങളെല്ലാം നമ്മെ പഠിപ്പിക്കുന്നു. അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ.

സംഘടനക്ക് ശർത്വുണ്ടെന്ന് പറഞ്ഞ് വിശദീകരിക്കുമ്പോൾ നിലവിലെ സലഫി സംഘടനകൾ ഏത് ശർത്വുകളാണ് പാലിക്കുന്നത് എന്ന ചോദ്യം ന്യായമായും ഉണ്ടാകുമെന്ന് മനസ്സിലാക്കി, സലഫീലോകത്തെ ഒരു പണ്ഡിതനും പറയാത്ത പലതും സ്വന്തം നിലയിൽ ശർത്വുകളുടെ പട്ടികയിൽ ചേർത്തു പറഞ്ഞ് നിലവിലെ സലഫീസംഘടനകൾ നന്മയല്ല; തിന്മയാണ് എന്ന് വരുത്തിത്തീർക്കാനാണ് ഈ വിഭാഗത്തിന്റെ ശ്രമങ്ങൾ നടന്നത്. അതിനായി പ്രമാണങ്ങളെവരെയും വളച്ചൊടിക്കുകയും ദുർവ്യാഖ്യാനിക്കുകയും ചെയ്യേണ്ടിവന്നു ഇവർക്ക്! പിരിവ് പാടില്ല, മേൽ ഘടകം, കീഴ്ഘടകം എന്നിങ്ങനെയുള്ള വേർതിരിവ് പാടില്ല എന്നൊക്കെ പറയുകയും അതിന് 'തെളിവുദ്ധരിച്ച്' വ്യാഖ്യാനിക്കുകയും ചെയ്യുന്നത് കേൾക്കുന്ന ആർക്കും അതിന്റെ അപകടം ബോധ്യപ്പെടാതിരിക്കില്ല.

സർവാംഗീകൃതമായ പല തത്ത്വങ്ങളും ശർത്വിന്റെ പേരിൽ മുറവിളികൂട്ടിയവർ പിന്നീട് കാറ്റിൽ പറത്തുന്നതാണ് നാം കണ്ടത്! ഹദീസുകളെ പരിഹസിക്കുകയും നിഷേധിക്കുകയും ചെയ്യുന്നവരുമായി കൈകോർക്കുകയും അടിസ്ഥാന രഹിതങ്ങളായ വാർത്തകൾ പ്രചരിപ്പിക്കുകയും ചെയ്യുന്നതു കാണുമ്പോൾ സംഘടനയില്ലെങ്കിൽ അത്തരം ശർത്വുകളൊന്നും പാലിക്കേണ്ടതില്ലായെന്ന് തെറ്റിദ്ധരിച്ചു പോയതു പോലെയാണ് തോന്നുക.

ഏതായാലും പരലോകത്തെ മറന്നുകൊണ്ടുള്ള ഈഗോ പ്രകടനങ്ങളും അരിശം തീർക്കലും ആർക്കും ഉപകരിക്കുകയില്ലെന്ന് മാത്രമല്ല അത് നഷ്ടം മാത്രമെ വരുത്തുകയുള്ളൂ എന്ന് എല്ലാവരും ഓർക്കുന്നത് നല്ലതാണ്. സർവ ഫിത്നകളിൽനിന്നും അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ.



# അജ്മലും പൂമ്പാറ്റയും

റാഷിദ ബിൻത് ഉസ്മാൻ, എടത്തനാട്ടുകര

ഒരു ദിവസം, ഒരു കൊക്കൂണിൽ ഒരു ചെറിയ ദ്വാരം പ്രത്യക്ഷപ്പെട്ടു; ആ ചെറിയ ദ്വാരത്തിലൂടെ തന്റെ ശരീരത്തെ പുറത്തുകൊണ്ടുവരാൻ പാടുപെടുകയാണ് കുഞ്ഞു പൂമ്പാറ്റ. അജ്മൽ മോൻ അതുതന്നെ നോക്കിയിരിക്കുകയാണ്.

മുറ്റത്തെ ചെടിയിലാണ് കൊക്കൂൺ തൂങ്ങിക്കിടക്കുന്നത്. അതിനുള്ളിൽവെച്ചാണ് ഭംഗിയുള്ള പൂമ്പാറ്റ വളരുന്നത് എന്നും വളർച്ച പൂർത്തിയായാൽ അത് പുറത്തുവരും എന്നും അവൻ കേട്ടിട്ടുണ്ട്.

അതുകൊണ്ട് അവൻ ദിവസവും ചെന്നുനോക്കാറുണ്ട്; പൂമ്പാറ്റ പുറത്തു വരുന്നുണ്ടോ എന്ന്. ചെറിയ ദ്വാരത്തിലൂടെ പൂമ്പാറ്റ പുറത്തുവരുന്നത് അവൻ കൗതുകത്തോടെ നോക്കിനിന്നു. എന്നാൽ സമയം കുറെ കഴിഞ്ഞിട്ടും അതിന് പുറത്തുവരാൻ കഴിഞ്ഞില്ല.

പാവം! എത്ര നേരമായി പുറത്തുവരാൻ ശ്രമിക്കുന്നു. ചെറിയ ദ്വാരത്തിലൂടെ പുറത്തുവരാൻ അതിന് കഴിയുന്നേയില്ല. ഇനി കഴിയുമെന്ന് തോന്നുന്നില്ല. എന്തു ചെയ്യും? ഒന്നു സഹായിച്ചാലോ? എങ്ങനെ സഹായിക്കും?

ങ്ആ.. ഒരു ഐഡിയ. ഒരു കത്രികയെടുത്ത് കൊക്കൂൺ തുറന്നുകൊടുക്കാം. അങ്ങനെ പാവം പുമ്പാറ്റ പുറത്തുവരട്ടെ. അജ്മൽ മോൻ മനസ്സിൽ പറഞ്ഞു.

അവൻ വീട്ടിനകത്തേക്കു പോയി ഒരു ചെറിയ കത്രികയുമായി മുറ്റത്തെത്തി. പതിയെ, പൂമ്പാറ്റയുടെ മേൽ തട്ടാതെ കത്രികകൊണ്ട് കൊക്കൂൺ തുറന്നു.

എന്നാൽ അജ്മൽ പ്രതീക്ഷിച്ചതുപോലെ പൂമ്പാറ്റ പറന്നുപോയില്ല. അതിന്റെ ചിറകകുകൾ മുഴുവനായും വിടർന്നുനിന്നില്ല. വാടിപ്പോയ ശരീരവും ചുരുങ്ങിയ ചിറകുകളുമായി അത് ഇഴഞ്ഞു നീങ്ങി. അതിന് ഒരിക്കലും പറക്കാൻ കഴിയുമായിരുന്നില്ല.

അജ്മൽ ദയയും സന്മനസ്സും കാണിച്ചതാണ്. പക്ഷേ, കൊക്കൂൺ മുറിച്ചുമാറ്റി പൂമ്പാറ്റയെ തുറന്നുവിടാൻ പാടില്ലായിരുന്നു. ചെറിയ ദ്വാരത്തിലൂടെ ഏറെ നേരം ശ്രമിച്ച് പുറത്തുവരുന്നത് അതിന് ഗുണകരമായിരുന്നു. പുറത്തുകടക്കാൻ നിരന്തരമായി ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ അതിന്റെ ചിറകുകൾക്ക് ബലമേറുകയും പുറത്തുവന്നയുടൻ അതിന് പറക്കാൻ സാധിക്കുകയും ചെയ്യും. അത് ദൈവം കാണിച്ചു കൊടുത്ത ഒരു വഴിയാണ്. പക്ഷേ, സ്വയം പുറത്തുവരാൻ സമയം കൊടുക്കാതെ അജ്മൽ അതിനെ പുറത്തകൊണ്ടുവന്നതിനാൽ അതിന് പറക്കാനുള്ള ശേഷി ഇല്ലാതായി.

കുട്ടികളേ, ചില സമയങ്ങളിൽ നമ്മുടെ ജീവിതത്തിൽ നമുക്ക് വേണ്ടത് പോരാട്ടമാണ്; അധ്വാനമാണ്.  തടസ്സങ്ങളൊന്നുമില്ലാതെ ജീവിതത്തിലൂടെ കടന്നുപോകാൻ ദൈവം നമ്മെ അനുവദിച്ചാൽ, അത് നമ്മെ തളർത്തും. നമുക്ക് വേണ്ട ശക്തി ലഭിക്കില്ല.

നിങ്ങൾ ഒഴുക്കുള്ള പുഴകളും തോടുകളും കണ്ടിട്ടില്ലേ? അവയുടെ മധ്യത്തിലും അരികിലുമൊക്കെയായി കല്ലുകളും പാറക്കൂട്ടങ്ങളുമുണ്ടെങ്കിൽ ഒഴുക്കിന് ശക്തികൂടുന്നതും ശബ്ദം വർധിക്കുന്നതും ശ്രദ്ധിച്ചിട്ടുണ്ടോ?

ജീവിതത്തിൽ പ്രയാസങ്ങളും ബുദ്ധിമുട്ടുകളുമുണ്ടാകും. അവ നമ്മെ കൂടുതൽ മനക്കരുത്തുള്ളവരാക്കും. നമുക്ക് ദൈവത്തിലുള്ള വിശ്വാസം വർധിക്കാൻ അവ കാരണമാകും.

മുസ്‌ലിം നവോത്ഥാന ചരിത്രത്തിലെ തിളങ്ങുന്ന നക്ഷത്രമാണ് ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ബിൻ അബ്ദുൽ വഹാബ്. വഴികേടിന്റെ പടുകുഴിയിൽ വീണുകിടന്നിരുന്ന ജനതയെ ശുദ്ധമായ തൗഹീദിന്റെ പാതയിലേക്ക് നയിച്ചതിൽ അദ്ദേഹത്തിന് അനൽപമായ പങ്കുണ്ട്. തന്റെ പ്രബോധന പ്രവർത്തനങ്ങൾക്കിടയിൽ നിരവധി എതിർപ്പുകൾ അദ്ദേഹം അഭിമുഖീകരിച്ചു. ദുരാരോപണങ്ങളുടെ എല്ലാ രീതികളും ശത്രുക്കൾ അദ്ദേഹത്തിനെതിരെ പയറ്റി. കളവുകൾ കുത്തിനിറച്ച നിരവധി ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു. പക്ഷേ തൗഹീദിന്റെ കൊടിവാഹകനെ തളർത്താൻ അതൊന്നും മതിയായിരുന്നില്ല.

ശൈഖിന്റെ ദഅവത്തിനെ സംശയത്തോടെയും വിമർശനത്തോടെയും നോക്കിക്കണ്ടവർക്കെല്ലാം ഇതിൽ പ്രാമാണികമായ മറുപടിയുണ്ട്. ശീഈ, സൂഫീ, ഇഖ്‌വാനീ കൂട്ടുകെട്ട് ഈ മഹാനായ മനുഷ്യനോട് ചെയ്തത് വായിക്കുമ്പോൾ ശരിക്കും നമ്മൾ അത്ഭുതപ്പെടും. എഴുത്തുകാരനും ഗവേഷകനുമായ യൂസുഫ് സാഹിബ് നദ്‌വിയാണ് ഇത് തയ്യാറാക്കിത്തന്നത്. ഡോ. ടി.ജമാൽ മുഹമ്മദ്, ഡോ. അബ്ദുറഹ്മാൻ ആദൃശ്ശേരി എന്നിവരുടെ അവതാരികകൾ ഈ ഗ്രന്ഥത്തിന്റെ മാറ്റ് കൂട്ടുന്നു. ശൈഖിന്റെ ചരിത്രം സത്യസന്ധമായി പഠിക്കണം എന്നാഗ്രഹിക്കുന്നവർക്കെല്ലാം ഈ ഗ്രന്ഥം ഒരു മുതൽക്കൂട്ടാണെന്നതിൽ സംശയമില്ല.

**വില: ₹280+₹360+₹420=₹1060**
**ഇപ്പോൾ ബുക്ക് ചെയ്യുന്നവർക്ക്: ₹860**

**കോപ്പികൾ ബുക്ക് ചെയ്യാനായി ഈ നമ്പറിൽ ബന്ധപ്പെടുക: 7356766478**

**മൂന്ന് വാല്യങ്ങൾ**




# വഹാബി നവോത്ഥാനം

## വിമർശകരും വസ്തുതകളും

**ഇ യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ**


WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
14 JANUARY 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM
ISLAMIC ORGANISATION

മാനവ രക്ഷയ്ക്ക്
ദൈവിക ദർശനം

# വിസ്ഡം ഇസ്‌ലാമിക് കോൺഫറൻസ്

2023 ഫെബ്രുവരി
12
ഞായർ
4.00 PM

## കോഴിക്കോട്
## കടപ്പുറം

LIVE STREAMING
wisdomglobaltv
wisdomyouth

WISDOM ISLAMIC ORGANIZATION
C.V.COMPLEX, P.V.SWAMI ROAD,
KOZHIKODE - 673 002. PH: 0495 4019437